Reg. No C· 101, M: 2293

ഒററപ്രതിക്ക രണ്ടണ

# സത്യദീപം

“ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല”

പുസ്തകം 23 | ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത് — എറണാകുളം 1125 തുലാം 3 | ലക്കം 10

# സവർണ്ണദേഹവും അവർണ്ണദേഹിയും

വെളുത്തവരും കറുത്തവരും, തൊഴിലാളിയും മുതലാളിയും, അമേരിക്കരും ആഫ്റിക്കരും, ഒരുപോലെ സ്നേഹിക്കയും സേവിക്കയും ആശ്രയിക്കയും ചെയ്യുന്ന ഒരു പിന്നോക്കസമുദായാംഗം


(ഫാദർ ജോസഫ് മാവുങ്കൽ)

കഴിഞ്ഞ വലിയ നോമ്പിന്റെ ആദ്യംമുതൽ അവസാനംവരെ തുടർച്ചയായി ന്യൂയോർക്കനഗരത്തിൽ Black Friars എന്നു അറിയപ്പെടുന്ന ഡൊമിനിക്കൻ സന്യാസവൈദികരുടെ മേൽനോട്ടത്തിൽ, അവിടത്തെ പ്രസിദ്ധരായ നടീനടന്മാർ ചേർന്നു ഒരു നാടകം അഭിനയിക്കയുണ്ടായി. റവ. ഫാദർ നാഗിൾ ഒ. പി. രചിച്ചതും, രാജാക്കന്മാരുടെ നഗരം (City of the Kings) എന്ന പേരുള്ളതുമായ ഈ നാടകത്തിന്റെ അഭിനയം അവിടത്തെ പ്രധാന ദിനപ്പത്രങ്ങളിലെല്ലാം പ്രശംസാപൂർവ്വം റിപ്പോർട്ടുചെയ്യപ്പെട്ടു 13 കൊല്ലംമുമ്പ് അമേരിക്കയിൽ ആരംഭിച്ച് ഇന്നു ലോകത്തിൽ ഒരേ സമയത്തു പലരാജ്യങ്ങളിലും പലഭാഷകളിലുമായി പ്രസാധനംചെയ്യപ്പെടുന്ന ഏക(?) മാസികയായ കത്തലിക് ഡൈജസ്റ്റിന്റെ (Catholic Digest) പുറംതാളിൽ ആദ്യം പ്രത്യക്ഷപ്പെട്ട ചിത്രം പ്രസ്തുത നാടകാഭിനയത്തിന്റേതായിരുന്നുവെന്നുള്ളതും അതിന്റെ പ്രാധാന്യത്തിനു മാററുകൂട്ടുന്നു.

എന്നാൽ ഈ നാടകത്തിലെ മുഖ്യകഥാപാത്രം ആരെന്നറിയുമ്പോൾ നാം വിസ്മയിക്കതന്നെ ചെയ്യും. ഏതാണ്ടു 300 കൊല്ലം മുമ്പ് തെക്കേ അമേരിക്കയിൽ പെറു രാജ്യത്തിന്റെ തലസ്ഥാനമായ ലിമാനഗരത്തിൽ ജീവിച്ചിരുന്ന ഒരു കാപ്പിരി! ഇന്നദ്ദേഹം വാഴ്ത്തപ്പെട്ട മാർട്ടിൻ ഡി പോറസ്—Blessed Martin De Porres—എന്നു പ്രകീർത്തിക്കപ്പെടുന്നു. അടുത്തകൊല്ലത്തെ ജൂബിലി സംബന്ധിച്ച് ഈ അനുഗ്രഹീതനെ പുണ്യവാനെന്നു കത്തോലിക്കാസഭ നാമകരണംചെയ്യുമെന്നു പ്രതീക്ഷയില്ലാതില്ല.

പിന്നോക്കസമുദായത്തിൽപ്പെട്ടവരെ കൂടുതൽ പിന്നോക്കം തള്ളുന്ന ഇക്കാലത്ത് അമേരിക്കയിൽമാത്രമല്ല, ലോകമാസകലവുമുള്ള വെളുത്തതൊലിയും കറുത്തതൊലിയുമുള്ളവർ, ജാതിമതഭേദമെന്യേ ഈ നീഗ്രോയുടെ പ്രതിമയുടെ മുമ്പിൽ മുട്ടുകുത്തുകയും, അതിനെ ചുംബിക്കുകയും, സ്വർഗ്ഗസ്ഥനായ അദ്ദേഹത്തോടു പ്രാർത്ഥിക്കയും ചെയ്യുന്ന കാഴ്ച, ധനത്താലും, അധികാരത്താലും, കുലശ്രേഷ്ഠതയാലും മതിമറന്നിരിക്കുന്ന ഇന്നത്തെ ലോകത്തിന്റെ കണ്ണു തുറപ്പിക്കാൻ തികച്ചും പര്യാപ്തമാണ്.

ബാലനായ മാർട്ടിനെ സമവയസ്കരായ സ്പാനിഷ് കുട്ടികൾ മാത്രമല്ല, പിതാവായിരുന്ന സ്പാനിഷ്പ്രഭുപോലും വെറുക്കുകയും ഉപേക്ഷിക്കുകയും ചെയ്തു. എന്നാൽ എങ്ങനെയാണ് അദ്ദേഹം പ്രതികാരം ചെയ്തത്? ശത്രുക്കൾക്ക് ഉപകാരം ചെയ്യണമെന്നുള്ള ക്രിസ്തുവിന്റെ ഉപദേശത്തെ അക്ഷരാർത്ഥം, 100 ശതമാനവും, പ്രവൃത്തിയിൽവരുത്തികൊണ്ടു മാത്രം! ആരെല്ലാം അദ്ദേഹത്തെ അവഗണിക്കയും പുറംതള്ളുകയും ഉപേക്ഷിക്കയും ചെയ്തുവോ, അവരെയെല്ലാം അദ്ദേഹം സ്നേഹിക്കയും സഹായിക്കയും ചെയ്തു. സഭയുടെ ദൃഷ്ടിയിൽപ്പോലും അദ്ദേഹം അധഃകൃതനായിരുന്നു. കാരണം, സഭയുടെ നിയമം അനുസരിച്ചുള്ള വിധർഹത്താൽ ബാധിതനായിരുന്നില്ല സ്പെയിൻകാരനായിരുന്ന അദ്ദേഹത്തിന്റെ പിതാവും, അമേരിക്കൻ ഇൻഡ്യൻവംശജയായിരുന്ന അദ്ദേഹത്തിന്റെ മാതാവും. അവർണ്ണനും, അധഃകൃതനും, പിന്നോക്ക സമുദായാംഗവുമായിരുന്നതിനാൽ, സമുദായബഹിഷ്കൃതനായിരുന്ന മാർട്ടിൻ ഇന്നു സമുദായനീതിയുടെ പരിപാലകൻ—Patron of Social Justice—എന്നു പെറുഗവമ്മെണ്ടിനാൽ നാമകരണംചെയ്യപ്പെട്ടിരിക്കുന്നു! അധമ ദാമ്പത്യസന്താനമായിരുന്നതിനാൽ, പുരോഹിതനാകുവാൻ അയോഗ്യനായിരുന്ന അദ്ദേഹം, ഇന്നു കത്തോലിക്കാദേവാലയത്തിലെ ബലിപീഠത്തിനു മുകളിൽ പ്രതിഷ്ഠിക്കപ്പെട്ട് പ്രധാനപുരോഹിതൻ തുടങ്ങിയുള്ള സകലരാലും വണങ്ങപ്പെടുന്നു!




അനുഗ്രഹീതനായ മാർട്ടിൻ ഡി പോറസ്സിന്റെ അത്ഭുതകരമായ ജീവിതത്തേയും, വിശുദ്ധിയേയും, പരോപകാരതല്പരതയേയും ലോകസമക്ഷം കൂടുതൽ പരസ്യപ്പെടുത്തുവാനും, അങ്ങനെ ലോകത്തെ അദ്ദേഹംവഴി ദൈവത്തിലേക്ക പ്രത്യാഗമിപ്പിക്കുവാനും പല സംഘടനകളും, പ്രസിദ്ധീകരണങ്ങളും, വൈദികരും രണ്ടു അമേരിക്കാകളിലും മററു പല രാജ്യങ്ങളിലും ഇന്നു അശ്രാന്തം പരിശ്രമിക്കുന്നുണ്ട്. ഇവയിൽ The Blessed Martin Guild എന്ന സംഘടനയും, “TORCH” എന്ന മാസികയും, Rev. Fr. Norbert George O. P. എന്ന ഡൊമിനിക്കൻ സന്യാസവൈദികനും മുന്നണിയിൽ നിൽക്കുന്നു. അധഃകൃതരുടെ രാജ്യങ്ങളിൽ ഒന്നാമത്തേതല്ലെങ്കിൽ, ഒന്നെങ്കിലുമായ ഭാരതത്തിൽ അനുഗ്രഹീതനായ മാർട്ടിൻ ഡി പോറസ്സിന്റെ ജീവിതരഹസ്യം പരസ്യമാക്കേണ്ടതുതന്നെയാണ്.

തെക്കേ അമേരിക്കയിൽ പെറുരാജ്യത്തിന്റെ തലസ്ഥാനമായ ലിമാ പട്ടണത്തിൽ 1579 ഡിസംബർ 9-ാം തിയതി മാർട്ടിൻ ഭൂജാതനായി. കുറേയെല്ലാം മങ്ങിപ്പോയെങ്കിലും, മാർട്ടിന്റെ മാമ്മോദീസാരജിസ്റ്റർ ഇന്നും സുരക്ഷിതമായിരിക്കുന്നു. അദ്ദേഹത്തിന്റെ പിതാവു, ഡോൺ ജുവാൻ ഡി പോറസ് ഒരു സ്പാനിഷ് യോദ്ധാവും—Knight of Alcantara—ലിമായിലെ ഒരുയന്ന ഉദ്യോഗസ്ഥനുമായിരുന്നു. മദ്ധ്യ അമേരിക്കായിലെ പനായാക്കാരി, അന്നാ വെലാസ്കസ് ആയിരുന്നു മാർട്ടിന്റെ മാതാവ്. ആദ്യജാതനായ മാർട്ടിൻ മാത്രമല്ല, ദ്വിതീയസന്താനമായ ജെയിൻ എന്ന പുത്രിയും തന്റെ പ്രേയസിയെപ്പോലെതന്നെ ഇരുണ്ട ഇൻഡ്യൻകുഞ്ഞുങ്ങളായിപ്പോയതിനാൽ അസംതൃപ്തനായ ഡോൺ ജുവാൻ കുട്ടികളേയും തള്ളയേയും തള്ളിക്കളഞ്ഞശേഷം മറെറാരുപട്ടണത്തിലേക്ക സ്ഥലംമാറിപ്പോയി.

മാർട്ടിന്റെ ബാല്യകാലത്തെപ്പററി നമുക്ക വിശദവിവരങ്ങളൊന്നും കിട്ടിയിട്ടില്ല. ഏററം നിർഭാഗ്യകരങ്ങളായ സാഹചര്യങ്ങളിൽപ്പോലും മാർട്ടിൻ ഒരസാധാരണ ബാലനായിരുന്നുവെന്നതിനു ചരിത്രരേഖകളുണ്ട്. തന്നെക്കാൾ ദരിദ്രരോട് അദ്ദേഹത്തിനു അസാമാന്യസ്നേഹവും ഔദാര്യവും ഉണ്ടായിരുന്നു. സമത്വം, സ്വാതന്ത്ര്യം, സാഹോദര്യം എന്നിവയ്ക്കുവേണ്ടി മുറവിളികൂട്ടുന്നവർ, തങ്ങളെക്കാൾ ഉയർന്നവരുടെ കൂട്ടത്തിൽ അവ തേടുന്നതുകൊണ്ടാണ് അവർക്ക് അതൊന്നും കിട്ടാത്തത്. തങ്ങളെക്കാൾ താഴ്ന്നവരുടെ ഇടയിൽ അന്വേഷിച്ചാൽ തീർച്ചയായും അവർക്ക് അതെല്ലാം ലഭിക്കും. എന്നാൽ മാർട്ടിൻ ഈ “സ”ത്രയം തേടിയതു, ക്രിസ്തുവിനെപ്പോലെ, തന്നെക്കാൾ പിന്നോക്കം നിന്നവരുടെ കൂട്ടത്തിലായിരുന്നു. വാസ്തവത്തിൽ അദ്ദേഹത്തിന്റെ ജീവിതവിജയരഹസ്യം അതായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നപ്പോൾതന്നെ, സഭയിലേയും രാഷ്ട്രത്തിലേയും ഉന്നതാധികാരികൾ അദ്ദേഹത്തിന്റെ സഹായം തേടിയിരുന്നു. മാർട്ടിന്റെ മൃതശരീരം ശവക്കുഴിയിലേക്ക വഹിച്ചവർ, മെക്സിക്കോയിലെ മെത്രാപ്പോലീത്തായായിരുന്ന Don Felician de Verga, കുസ്കോയിലെ മെത്രാനായിരുന്ന Don Pedro de Ortega, Chinchon-ലെ പ്രഭു, പെറുവിലെ വൈസ്രോയി, Royal Chamber-ലെ മെമ്പറായിരുന്ന Juan de Pennafield എന്നിവരായിരുന്നുവെന്നു നാം അറിയുമ്പോൾ, നമുക്ക ബോദ്ധ്യപ്പെടേണ്ടതാണ്, സമത്വവും സ്വാതന്ത്ര്യവും, സാഹോദര്യവും തേടേണ്ടതു നമ്മെക്കാൾ താണവരുടെ കൂട്ടത്തിൽതന്നെ ആണെന്നു.

ചന്തയിൽപോയി വല്ലതും വാങ്ങുവാ




Bosco Children's Club (ബി. സി. സി.)

# 4. പ്രകടമായ പ്രവചനങ്ങൾ

“നിൽക്കമ്മലിനർ പലരീശസുതൻ ജനങ്ങൾ-
ക്കുൽക്കർഷമേറുവതിനെ പ്രവചിച്ചതെല്ലാം
കൽക്കണ്ടമെന്നവിധമാനരരോത്തജസ്ര-
മുൽക്കണ്ഠയോടുമുരുവിട്ടു കഴിച്ചുകാലം.”

പ്രിയ കുഞ്ഞുങ്ങളേ,

രക്ഷകന്റെ വരവിനെപ്പറ്റിയുള്ള പൂർവ്വപിതാക്കന്മാരുടെ ദീർഘദർശനങ്ങൾ മങ്ങിയ വെളിച്ചംപോലെ മാത്രമായിരുന്നു. എന്നാൽ മൂശയുടെ കാലശേഷമുണ്ടായ ദീർഘദർശികളുടെ പ്രവചനങ്ങൾ കൂടുതൽ പ്രകടമായിരുന്നു—നട്ടുച്ചപോലെ തെളിഞ്ഞവയായിരുന്നു. മനുഷ്യാവതാരത്തിനു് ഏട്ടും പത്തും ശതവർഷങ്ങൾക്കുമുമ്പു ജീവിച്ചിരുന്ന ആ പരിശുദ്ധാത്മാക്കൾ മിശിഹാകർത്താവിനെ തങ്ങളുടെ കൺമുമ്പാകെ ദർശിച്ചിട്ടെന്നപോലെയാണു് രക്ഷകനെപ്പററിയുള്ള വിവരങ്ങൾ വർണ്ണിച്ചിരിക്കുന്നതു്. കഴിഞ്ഞതും നില്ക്കുന്നതും വരുവാനിരിക്കുന്നതും എല്ലാം ഒരുപോലെ ദർശിച്ചുകൊണ്ടിരിക്കുന്ന സർവ്വജ്ഞനായ ദൈവത്തിന്റെ വെളിച്ചം തട്ടിയാൽ എന്താണു കണ്ടുകൂടാത്തതു്!

ഭേദിച്ചുപോകാതെ എരിഞ്ഞുകൊണ്ടിരുന്ന മുൾച്ചെടിയെ ദർശിച്ച മൂശ, മിശിഹായെ പ്രമാണദാതാവും മദ്ധ്യസ്ഥനും ദീർഘദർശിയുമായി ചിത്രിച്ചിരിക്കുന്നു. ദാവീദു തന്റെ സങ്കീർത്തനങ്ങളിൽ സർവ്വത്ര ലോകരക്ഷകനെയത്രെ പ്രദർശിപ്പിച്ചിരിക്കുന്നതു്. മിശിഹായുടെ പിറവി, ജീവിതം, പീഡാനുഭവം, മരണം, ഉത്ഥാനം ആദിയായവ അനേകവത്സരങ്ങൾക്കുമുമ്പു് ഒരു ദൃക്സാക്ഷിയെപ്പോലെ ആ രാജദീർഘദർശി വിവരിച്ചിട്ടുണ്ടു്.

ദാനിയേൽനിവ്യാ കർത്താവിന്റെ ആഗമനകാലം ഖണ്ഡിതമായി അറിയിച്ചു. പഴയ നിയമത്തിലെ സുവിശേഷകൻ എന്ന അപരനാമത്താൽ അറിയപ്പെടുന്ന ഏശയാ ദീർഘദർശി ദിവ്യരക്ഷകന്റെ ജനനം, പാടുപീഡകൾ മുതലായവ ഒരു ചരിത്രകാരനെപ്പോലെ വിവരിച്ചു് എഴുതുകയുണ്ടായി. “ഇതാ ഒരു കന്യക ഗർഭംധരിച്ചു ഒരു പുത്രനെ പ്രസവിക്കും.” എന്നു ആദ്യം അറിയിച്ചതു അദ്ദേഹമത്രെ (ഏശ. 7. 14). ഏറമിയായും ഇതേതരത്തിലുള്ള വിശദവിവരണങ്ങൾ നൽകിയിട്ടുണ്ടു്: പരിപൂർണ്ണ ദൈവവും പരിപൂർണ്ണമനുഷ്യനുമായ ഒരാളെ ഒരു സ്ത്രീ തന്റെ ഉദരത്തിൽ ധരിക്കും എന്നു അദ്ദേഹം പ്രവചിച്ചിരിക്കുന്നു. (ഏറമ്യ. 31. 22)

ഹഗ്ഗീയൽ രക്ഷനാഥന്റെ കന്യകാമാതാവിനെ പ്രകീർത്തിച്ചിരിക്കുന്നു. (ഹഗ്ഗീ. 44. 2) ഹബക്കുക്ക് കുരിശിൽ തൂങ്ങിക്കിടക്കുന്ന രക്ഷിതാവിനെയാണു വീക്ഷിക്കുന്നതു് (ഹബ. 3). യൂവേൽ നിവ്യാ മിശിഹാ കർത്താവിന്റെ പിറവി, മരണം, പരിശുദ്ധാത്മാവിന്റെ ആഗമനം, ശ്ലീഹന്മാരുടെ വേദപ്രസംഗം മുതലായവയെപ്പററി പ്രവചിച്ചു. സ്ക്കറിയാ ദീർഘദർശി, മുപ്പതു വെള്ളിക്കാശിനു നമ്മുടെ ദിവ്യരക്ഷകൻ വില്ക്കപ്പെടുമെന്നും, ആ തുകകൊണ്ടു കുശവന്റെ പറമ്പു വാങ്ങിയതുപോലും രേഖപ്പെടുത്തിയിട്ടുണ്ടു് (സ്ക്കറി. 11: 12, 13). മാലാകി, ഓസി, ആമോസ്, യൗനാൻ, മീക്കാ, നാഹൂം മുതലായവരുടെ ദീർഘദർശനങ്ങളിലും ഈവിധ വിവരണങ്ങൾ കാണാവുന്നതാണു്.

പ്രിയ കുഞ്ഞുങ്ങളേ, പൂർവ്വപിതാക്കന്മാരും ദീർഘദർശികളും വാഗ്ദാനം ചെയ്യപ്പെട്ട രക്ഷകനെ ഇപ്രകാരം ദൂരവീക്ഷണം ചെയ്തു്, നെടുവീർപ്പിട്ടു പ്രാർത്ഥിച്ചുകൊണ്ടു അവരുടെ കാലങ്ങൾ കഴിച്ചു. അവരുടെ കണ്ണുകൾ കാണാൻ കൊതിച്ചതിനെ കാലങ്ങളുടെ ഇടയിൽക്കൂടി മാത്രം കണ്ടു് അവർ സംതൃപ്തരായി എങ്കിലും അവയെക്കുറിച്ചുള്ള ചിന്തയിലും ധ്യാനത്തിലും അവർ ആനന്ദംകൊണ്ടു നമ്മുടെ കർത്താവു തന്നെ അരുളിച്ചെയ്തിരിക്കുന്നതുപോലെ, അവർ കാണാൻ പ്രത്യാശിച്ചിരുന്നവ ഇന്നു നാം യഥാർത്ഥത്തിൽ കാണുന്നു. രക്ഷണീയഫലങ്ങൾ അനുഭവിക്കുന്നതിനുള്ള ഭാഗ്യം നമുക്കു സിദ്ധിച്ചിരിക്കുന്നു. എന്നാൽ കണ്ടിട്ടു കാണാത്തതുപോലെയും കേട്ടിട്ടു കേൾക്കാത്തതുപോലെയും ജീവിക്കുന്നെങ്കിൽ നമുക്കെന്തുഫലം യഹൂദജനം രക്ഷാനാഥന്റെ വരവിനെ ഇത്ര പ്രതീക്ഷയോടെ കാത്തിരുന്നിട്ടും ഇത്രയേറെ പ്രകടമായ പ്രവചനങ്ങൾ അവർ വായിച്ചും അറിഞ്ഞും ഇരുന്നിട്ടും രക്ഷകൻ വന്നപ്പോൾ എന്താണു സംഭവിച്ചതു്? അവർ അന്ധരായിപ്പോയി. അങ്ങനെ അവർ അറിഞ്ഞില്ല. രക്ഷയുടെ ഫലം അനുഭവിപ്പാനുള്ള ഭാഗ്യം ഇന്നോളം അവർക്കു സിദ്ധിച്ചിട്ടില്ല. എത്ര വലിയ നിർഭാഗ്യം!

ദൈവികവെളിച്ചം സിദ്ധിക്കാത്തപക്ഷം മനുഷ്യർ എത്ര ബലഹീനനാണെന്നു കണ്ടു ഭയപ്പെടുക. സ്വന്തശക്തിയിലും സാമർത്ഥ്യത്തിലും ഒട്ടും ശരണപ്പെടാതെ ദൈവശക്തിയിൽ അഭയം തേടുക. അപ്പോൾ നാം എന്തിനും ശക്തരായിത്തീരും. എന്റെ കർത്താവേ! ഞാൻ അറിയുന്നതിനെ വിശ്വസിക്കുന്നതിനും വിശ്വസിക്കുന്നതിനനുസരിച്ചു പ്രവർത്തിക്കുന്നതിനും എന്നെ നീ സഹായിക്കണമേ! അറിഞ്ഞിട്ടും വിശ്വസിക്കാതെയും വിശ്വസിച്ചിട്ടു പ്രവർത്തിക്കാതെയും ജീവിതം നയിക്കുന്ന നിർഭാഗ്യരുടെമേൽ കൃപയായിരിക്കണമേ. സ്നേഹം നിറഞ്ഞ രക്ഷകാ! നിന്റെ രക്ഷണീയഫലങ്ങൾ സകല മനുഷ്യരും പ്രാപിച്ചു രക്ഷപെടുവാൻ ഇടയാക്കണമേ!

വല്യരവനക്കുന്നസ്

മഹാകവി കട്ടക്കയത്തിന്റെ “ശ്രീയേശുവിജയ”ത്തിന്റെ അവതാരികയിൽ, കവിതിലകൻ ഉള്ളൂർ നമ്മുടെ യുവജനങ്ങളോടു ചോദിച്ചിട്ടുള്ള രണ്ടു ചോദ്യങ്ങളാണു് ഇന്നത്തെ ക്ലാസിൽ എനിക്കു നിങ്ങളോടു ചോദിപ്പാനുള്ളതു്: “എന്റെ യുവക്രിസ്തീയ സഹോദരന്മാരോടു എനിക്കു ഒരു വാക്കുകൂടി പറവാനുള്ളതു് അവർ ഇദ്ദേഹത്തെ (കട്ടക്കയത്തെ) സാഹിത്യപദ്ധതിയിൽ ഒരു ദിവ്യജ്യോതിസ്സായി അംഗീകരിക്കണമെന്നുള്ളതാണു്. വിദ്യാഭ്യാസത്തിനു ഗണനീയമായ സൗകര്യമൊന്നുമില്ലാത്ത കാലത്തു്, ഒരു കുഗ്രാമത്തിൽ ജനിച്ച ഈ കത്തോലിക്ക ക്രിസ്ത്യാനിക്കു് ഭാഷായോഷയെ ഇത്രമാത്രം ഭൂഷിപ്പിക്കുകയും പോഷിപ്പിക്കുകയും തോഷിപ്പിക്കുകയും ചെയ്വാൻ കഴിയുമെങ്കിൽ ഇന്നത്തെ ക്രിസ്തീയയുവാക്കൾക്കു എന്തുകൊണ്ടു അദ്ദേഹത്തിനു അഭിമാനത്തെ അങ്കുരിപ്പിക്കത്തക്ക അനുയായികളാകുവാൻ പാടില്ല? എന്തുകൊണ്ടു അവരും “വംശസ്യാഗ്രേധ്വജായഥാ” എന്ന മാതിരി പാവനമാതിരിയിൽ സാഹിത്യവിഷയത്തിൽ ഉൽക്കർഷം സമ്പാദിച്ചുകൂടാ? – –”

ആ മഹാഗുരുഭൂതന്റെ സ്നേഹസമ്പുഷ്ടമായ ഈ ചോദ്യങ്ങളെ നിങ്ങൾ ശ്രദ്ധാപൂർവ്വം വായിച്ചു ചിന്തിക്കണം, ചിന്തിച്ചു വായിക്കണം. ആ ചോദ്യത്തിനുള്ള ഉത്തരമായിട്ടുകൂടിയാണു് ഞാൻ നിങ്ങളെ ഈ വഴിക്കു അല്പം പരിശീലിപ്പിക്കുന്നതു്. ശ്രമിക്കുന്നവർക്കു കൂടുതൽ പുരോഗമിക്കുവാൻ സാധിക്കും.

അടുത്തയാഴ്ചത്തേക്കുള്ള ഹോംവർക്കു തന്നയക്കാം. ഇന്ദ്രവജ്റയിലും ഉപേന്ദ്രവജ്റയിലും രഥോദ്ധതയിലും ഓരോ പദ്യങ്ങൾ എഴുതിയയക്കണം. ആശയം എന്തും ആയിക്കൊള്ളട്ടെ. വൃത്തം തെറ്റാതിരിക്കാൻമാത്രം സൂക്ഷിച്ചുകൊണ്ടാൽ മതി. തെറ്റുകാണുന്നതു തിരുത്തണം വീണ്ടും വീണ്ടും തിരുത്തണം. ശരിയായിക്കണ്ടെത്തുമ്പോൾ പത്രമാക്കുവിൻ ഇട്ടുകൊള്ളുക. എത്രപേർ പാസ്സാകുമെന്നു അറിഞ്ഞിരുന്നെങ്കിൽ! പത്തുശതമാനം ഉണ്ടാകുമോ? ആവോ?

കത്തുകൾക്കു മറുപടി

ബ്രദർ. ഡി പി.

“…………ആഗസ്റ്റുമാസത്തിൽ ബാലരംഗത്തിലേക്കു ആളെടുക്കുന്നുണ്ടെന്നു അച്ചൻ പത്രത്തിൽ എഴുതിയിരുന്നതു വായിച്ചു ഉടനെ എന്റെ സ്നേഹിതന്മാരായ പലർക്കും ഞാൻ എഴുതിയിട്ടുണ്ടു്, ചേരാൻ ഒരുങ്ങിയിരുന്നുകൊള്ളുവാൻ. …………പ്രേഷിതചൈതന്യം കേരളത്തിൽ വേരൂന്നിവരുന്ന കാലമാണല്ലോ ഇതു്. വല്യച്ചന്റെ മിഷൻവാർത്തകളിലേക്കു എന്റെ പ്രിയ കുഞ്ഞുസ്നേഹിതന്മാരുടെ ശ്രദ്ധ പതിപ്പിക്കണമെന്നുള്ളതായിരുന്നു ബാലരംഗത്തിൽ ചേരാൻ എന്റെ സ്നേഹിതന്മാരെ ഉപദേശിച്ചതിന്റെ പ്രധാനകാരണം……ബാലരംഗത്തിലുള്ള എന്റെ ആനന്ദവും സംതൃപ്തിയും രേഖപ്പെടുത്താനും അച്ചനോടുള്ള എന്റെ കൃതജ്ഞതയെ പ്രകടിപ്പിക്കാനും ഈ കത്തെഴുതുന്നതാണു്. ഭാരതമാനസാന്തരം സാധിക്കുന്നതുവരെ വല്യച്ചന്റെ പേനാ അചഞ്ചലമായിരിക്കട്ടെ എന്നു സവിനയം ആശംസിച്ചുകൊണ്ടു നിറുത്തുന്നു.”

പ്രി. ബ ശമ്മാശ്ശാ, സ്നേഹപൂർവ്വമായ കത്തിനു ഹാർദ്ദമായ നന്ദി. എന്റെ ചെറിയ കുഞ്ഞുങ്ങളുടെ പിമ്പിൽ ഇങ്ങനെ വലിയ കുഞ്ഞുങ്ങളും ഉണ്ടെന്നു കാണുന്നതിൽ സന്തോഷിക്കുന്നു. നിങ്ങളുടെയൊക്കെ താങ്ങും തണലുമുണ്ടെങ്കിൽ ഈ കുഞ്ഞുപട്ടാളത്തെക്കൊണ്ടു ക്രിസ്തുരാജനുവേണ്ടി പലതും ചെയ്യിക്കാൻ കഴിയുമെന്നുള്ളതിനു യാതൊരു സംശയവുമില്ല. മിഷൻചൈതന്യം ഇന്നു കേരളത്തിൽ അത്ഭുതപൂർവ്വമായി വളർന്നുവരുന്നുണ്ടെന്നു എന്റെ കുഞ്ഞുങ്ങളുടെ ഓരോ കത്തിൽനിന്നും പ്രത്യക്ഷമാകുന്നുണ്ടു്. “എനിക്കു ബോസ്കോ അച്ചനെപ്പോലെയുള്ള ഒരച്ചനാകണം, ജോൺ ബോസ്കോയെപ്പോലെ എനിക്കും പുണ്യവാനാകണം, ഒരു മിഷനറിവൈദികനാകണമെന്നുള്ളതാണു എന്റെ ഏററം വലിയ ആഗ്രഹം” എന്നിങ്ങനെയുള്ള നമ്മുടെ കുഞ്ഞുങ്ങളുടെ എത്രയെത്ര എഴുത്തുകളാണു് ഇപ്പോൾ എന്റെ മുമ്പിൽ ഇരിക്കുന്നതു്! ഈ നല്ല ആഗ്രഹങ്ങൾ കെട്ടുപോകാതെയും, ലോകച്ചുഴിയിൽപ്പെട്ടു കുഞ്ഞുങ്ങൾ വഷളാകാതെയും സംരക്ഷിച്ചുകൊണ്ടുപോകുന്നതിനു ആളുണ്ടായാൽ കാരിരുന്ന നല്ല മിഷനറിമാർ കേരളത്തിൽനിന്നുണ്ടാകും. അതിനുവേണ്ടി നമുക്കു പ്രാർത്ഥിക്കാം, പ്രയത്നിക്കാം. അപ്പോൾ ദൈവം അനുഗ്രഹിക്കും. ആശംസകൾക്കു ഒരിക്കൽക്കൂടി കൃതജ്ഞത!

എന്നു സ്വന്തം വല്യച്ചൻ

## നിങ്ങൾക്കറിയാമോ?

1 സുനഹദോസുകൾ എത്ര തരമുണ്ടു്?

2 ഓശാനയും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക.

3 ഇൻഡ്യയിൽ എത്ര പ്രവിശ്യകളുണ്ടു്?

(ഉത്തരങ്ങൾ 11-ാം പേജിൽ)

നീതികഥ

## കുരിശു്

ഒരു ഇജിപ്ഷ്യൻ വനവാസി ഒരിക്കൽ പട്ടണം സന്ദർശിച്ചപ്പോൾ അവിടെ ഒരു കച്ചവടക്കാരൻ ചെറിയ സ്വർണ്ണക്കുരിശുകൾ വില്ക്കാൻ വച്ചിരിക്കുന്നതുകണ്ടു്, അവയുടെ വില എന്തെന്നു ചോദിച്ചു.

“അവ വിലയ്ക്കു കൊടുക്കാനുള്ളവയല്ല. ഇഷ്ടമുള്ളവർക്കു് ഓരോന്നു വെറുതെ എടുക്കാവുന്നതാണു്.” കച്ചവടക്കാരൻ പ്രതിവചിച്ചു.

“വിലവേണ്ടെങ്കിൽ ഞാൻ ഇതൊരെണ്ണം എടുത്തുകൊള്ളട്ടെ. നിങ്ങളുടെ ദയവിനു വളരെ ഉപകാരം.” സന്യാസി കൃതജ്ഞത പ്രകാശിപ്പിച്ചു.

“സഹോദരാ, കുരിശു തന്നതിനു കൃതജ്ഞതസ്ഥൂർഹനായി ഭവിക്കുക നല്ല കാര്യമാണു്.” കച്ചവടക്കാരൻ ഒരു ചെറുമന്ദഹാസത്തോടെ പറഞ്ഞു.

സന്യാസി വനത്തിലേക്കു മടങ്ങിച്ചെന്ന ഉടനെ പനിതുടങ്ങി. ആദ്യം സുഖമായെങ്കിലും പനി പിന്നെയും പിന്നെയും വന്നുകൊണ്ടിരുന്നു. അദ്ദേഹത്തിന്റെ ആരോഗ്യവും ക്രമേണ അധോഗതി പ്രാപിച്ചുകൊണ്ടിരുന്നു. അപ്പോഴാണു ആ കുരിശിന്റെ കാര്യം ഓർമ്മവന്നതു. കീശയിൽ ഇരുന്ന അതെടുത്തു സൂക്ഷിച്ചുനോക്കിയപ്പോൾ അതിന്റെ മറുവശത്തു്, “പനി” എന്നു എഴുതിയിരിക്കുന്നതു കണ്ടു.

പനി, പല്ലുവേദന, തലവേദന മുതലായവ ചെറിയ കുരിശുകളാണെന്നും അവ ക്ഷമാപൂർവ്വം വഹിക്കയാണെങ്കിൽ പുണ്യം സമ്പാദിക്കാമെന്നുമുള്ള സംഗതി പലരും വിസ്മരിച്ചുപോകുന്നു.

---

തീർത്ഥകരുടെ കൂട്ടത്തിൽ

## മന്ത്രിസഭ

അയർലണ്ടിലെ പ്രസിഡണ്ടായ മി. സീൻ ഓ കെല്ലിയും പ്രധാനമന്ത്രി കൊസ്റ്റെല്ലോയും സഹമന്ത്രിമാരും വിശുദ്ധവത്സരത്തിൽ റോം സന്ദർശിക്കുന്നതാണു്.

## പാസ്പോർട്ടു വേണ്ട

വിശുദ്ധവത്സരത്തിൽ റോം സന്ദർശിക്കുന്ന തീർത്ഥകർക്കു പാസ്പോർട്ടും ഇതരസാക്ഷ്യങ്ങളും (visa) വേണ്ടെന്നു് ഇററലിയും മററു പല രാജ്യങ്ങളും പരസ്പരം സമ്മതിച്ചിരിക്കുന്നു. പാസ്പോർട്ടിനു പകരം അവർ തീർത്ഥകരാണെന്നു കാണിക്കുന്ന ഔദ്യോഗികകാർഡുകളായിരിക്കും മേൽപ്പറഞ്ഞ രാജ്യങ്ങളിൽ നല്കപ്പെടുന്നതു്. ആ രാജ്യങ്ങളേവയെന്നു ഇതേവരെ വെളിവായിട്ടില്ല.

---

ൻ അമ്മ പണവും കൊടുത്തയച്ചാൽ, വഴിയിൽ കാണുന്ന പട്ടിണിപ്പാവങ്ങൾക്കു പണമോ വാങ്ങിച്ച സാധനങ്ങളോ കൊടുത്തിട്ടു മാർട്ടിൻ വെറുംകൈയോടെ വീട്ടിലേക്കു തിരിച്ചുവരുമായിരുന്നു. ഈ “കുററ”ത്തിനു അമ്മ അദ്ദേഹത്തെ ശിക്ഷിച്ചിരുന്നുവെങ്കിലും, ദുഃഖിതരേയും ദരിദ്രരേയും കാണുമ്പോൾ അദ്ദേഹം അമ്മയുടെ താക്കീതും ശിക്ഷയും വിസ്മരിച്ചിരുന്നു.

മാർട്ടിനു 8 വയസ്സായപ്പോൾ ഡോൺജുവാൻ ലീമായിൽ തിരിച്ചെത്തി. തൊലികറുത്തുപോയെങ്കിലും, സാക്ഷാൽ തന്റെ പുത്രൻതന്നെയായിരുന്ന മാർട്ടിന്റെ അസാമാന്യസ്വഭാവഗുണങ്ങളറിഞ്ഞു് അദ്ദേഹം സന്തോഷിക്കയും ബാലനുവേണ്ടി എന്തും ചെയ്വാൻ സന്നദ്ധനാകയും ചെയ്തു. അങ്ങനെ അദ്ദേഹം മാർട്ടിൻ കുട്ടിയെ ഗ്വായാക്വിലിലേക്കു കൊണ്ടുപോയി അവിടത്തെ സ്കൂളിൽ ചേർത്തു. രണ്ടു കൊല്ലത്തെ വിദ്യാഭ്യാസത്തിനുശേഷം, മാർട്ടിൻ ഒരു വൈദ്യന്റെ അസിസ്റ്റൻറായി ജോലിയിൽ പ്രവേശിച്ചു ഈ ജോലി മാർട്ടിനു വളരെ ഇഷ്ടപ്പെട്ടു. തദ്വാരാ രോഗികളേയും ദുഃഖിതരേയും തനിക്കു സഹായിക്കാമല്ലോ എന്നായിരുന്നു അദ്ദേഹത്തിന്റെ വിചാരം. അന്നത്തെ നിലയനുസരിച്ചുള്ള വൈദ്യശാസ്ത്രം മാർട്ടിൻ ഹൃദിസ്ഥമാക്കിയതോടുകൂടി, രോഗികളെ ഉപദേശവും പ്രാർത്ഥനയുംകൊണ്ടു മാത്രമല്ല, മരുന്നും സേവനവും നല്കിയും സഹായിക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. ഒരു കൊച്ചുകാശുപോലും പ്രതിഫലം പററാതെയാണു് അദ്ദേഹം രോഗികളെ ചികിത്സിച്ചിരുന്നതു്. എന്നാൽ മരുന്നിനെക്കാൾ കൂടുതൽ ഫലം അദ്ദേഹത്തിന്റെ ഉപദേശവും പ്രാർത്ഥനയും പുറപ്പെടുവിച്ചിരുന്നു. അങ്ങനെ അനവധിയാളുകൾ ക്രിസ്തുവിന്റെ സാഹോദര്യസിദ്ധാന്തം അനുസരിച്ചു ജീവിക്കാൻ അദ്ദേഹം കാരണക്കാരനായി.

(ശേഷം അടുത്തതിൽ)

# കൽക്കദോനിയാ സൂനഹദോസ്

അഥവാ

# യാക്കോബായ സഭയുടെ ഉത്ഭവം

(ചരിത്രസംഭവങ്ങളെ ആസ്പദമാക്കിയുള്ള ഒരു പ്രഹസനം)

(റി. ജെ. വി.)

## രംഗം 4

എഫേസൂസ് യോഗം

അഥവാ

"തസ്കരസംഘം"

[സൂത്രധാരൻ പ്രവേശിച്ചു കഥാസാരം പറയുന്നു:—മഹതികളെ, മഹാന്മാരേ, ക്രിസ്ത്വബ്ദം 449 ആഗസ്റ്റ് മാസം 8-ാം നു അലക്സാണ്ഡ്രിയായിലെ ദീയസ്കോറോസ് പാത്രിയർക്കീസിൻറെ അദ്ധ്യക്ഷതയിൽ എഫേസൂസിൽ നടന്ന ഒരു യോഗമാണു ഇനി അഭിനയിക്കപ്പെടുന്നതു്.

അബദ്ധോപദേശം പഠിപ്പിച്ച എവുത്തിക്കോസിനെ ശപിച്ചു സത്യവിശ്വാസം സ്ഥിരപ്പെടുത്തണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണു് എഫേസൂസിൽ മാർപ്പാപ്പായുടെ പ്രതിനിധികൾ സന്നിഹിതരായതു്. എന്നാൽ അവിടെ നടന്ന സൂനഹദോസിൽ അത്യന്തം വലിയ കുഴപ്പങ്ങളുണ്ടായി. എവുത്തിക്കോസിൻറെ അബദ്ധോപദേശങ്ങളെ ശപിച്ച ഫ്ളാവിയൻ പാത്രിയർക്കീസിനെ ദീയസ്കോറോസ് ദ്വേഷിച്ചിരുന്നതുകൊണ്ടു് എവുത്തിക്കോസിനെ അനുകൂലിച്ചു ഫ്ളാവിയനോടു പ്രതികാരം ചെയ്യണമെന്നു ദീയസ്കോറോസ് നേരത്തെ നിശ്ചയിച്ചിരുന്നു. ലെയോൻ മാർപ്പാപ്പായും ഫ്ളാവിയൻറെ അഭിപ്രായങ്ങളെ ആദരിച്ചു് എവുത്തിക്കോസിൻറെ അബദ്ധോപദേശങ്ങളെ ശപിക്കുന്നതിനുവേണ്ടിയാണു് എഫേസൂസിലേക്കു പ്രതിനിധികളെ അയച്ചതെന്നു ദീയസ്കോറോസ് മനസ്സിലാക്കിയിരുന്നു.

മാർപ്പാപ്പായുടെ പ്രതിനിധികൾ സൂനഹദോസിൽ ആദ്ധ്യക്ഷ്യം വഹിച്ചാൽ താൻ ഉദ്ദേശിക്കുന്ന കാര്യങ്ങളൊന്നും നടക്കുകയില്ലെന്നു ഗ്രഹിച്ച ദീയസ്കോറോസ് പുരാതനമായ പതിവനുസരിച്ചു മാർപ്പാപ്പായുടെ പ്രതിനിധികൾക്കു സൂനഹദോസിൽ അദ്ധ്യക്ഷസ്ഥാനം നൽകാതെ ആ സ്ഥാനം സ്വയം സ്വീകരിക്കുന്നു. എവുത്തിക്കോസിൻറെ ഉപദേശം സത്യവിശ്വാസത്തിനു് അനുസരണമാണെന്നും, അദ്ദേഹത്തെ ശപിച്ച കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് അസാധുവാണെന്നും, എവുത്തിക്കോസിൻറെ ഉപദേശത്തെ എതിർത്ത ഫ്ളാവിയനെയും മററു മെത്രാന്മാരെയും സ്ഥാനഭ്രംശം ചെയ്യേണ്ടതാണെന്നും മററും ദീയസ്കോറോസ് പ്രഖ്യാപനം ചെയ്യുകയും, തദനുസരണമായ നിശ്ചയങ്ങൾ യോഗത്തിൽ പാസ്സാക്കുകയും ചെയ്യുന്നു. ഈ നിശ്ചയങ്ങളെ പ്രതിഷേധിച്ച ഫ്ളാവിയനെയും മററു മെത്രാന്മാരെയും ദീയസ്കോറോസിൻറെയും അദ്ദേഹത്തിൻറെ സ്നേഹിതനായ ബർസൂമ്മാ എന്ന സന്യാസിയുടെയും നിർദ്ദേശമനുസരിച്ചു ഭടന്മാർ കഠിനമായി ദേഹോപദ്രവം ഏല്പിക്കുന്നു. മാർപ്പാപ്പായുടെ പ്രതിനിധികളിൽ ഒരാളായ ഹില്ലാരി എന്ന ആരാ പട്ടക്കാരൻ യോഗനിശ്ചയങ്ങളെയെല്ലാം പ്രതിഷേധിക്കുന്നെന്നു് മാർപ്പാപ്പായുടെ നാമത്തിൽ പ്രഖ്യാപനം ചെയ്തിട്ടു് ഓടി രക്ഷപെടുന്നു. പല മെത്രാന്മാരെയും ഭടന്മാർ ഭയപ്പെടുത്തി യോഗനിശ്ചയങ്ങളിൽ ഒപ്പുവയ്പിക്കുന്നു. തൻറെ അദ്ധ്യക്ഷതയിൽ സമ്മേളിച്ച ഈ യോഗത്തെ ഒരു പൊതുസൂനഹദോസായി ദീയസ്കോറോസ് പ്രഖ്യാപനം ചെയ്യുന്നു. എന്നാൽ ഈ യോഗത്തിൽ നടന്ന അക്രമപ്രവൃത്തികളെ ആസ്പദമാക്കി ലെയോൻ മാർപ്പാപ്പാ ഇതിനെ "Robber Synod" അഥവാ "തസ്കരസംഘം" എന്നു വിളിക്കയും, ആ പേരിൽ തന്നെ ഇപ്പോഴും എഫേസൂസ് യോഗം ലോകചരിത്രത്തിൽ അറിയപ്പെടുകയും ചെയ്യുന്നു. "തസ്കരസംഘ"ത്തിൽവച്ചു ദേഹോപദ്രവം ഏററതിൻറെ ഫലമായി ഫ്ളാവിയൻ പാത്രിയർക്കീസ് മൂന്നാംദിവസം മരണം പ്രാപിക്കയുണ്ടായി എന്നുള്ളതും സ്മരണീയമത്രെ.]

(അലക്സാണ്ഡ്രിയായിലെ ദീയസ്കോറോസ് പാത്രിയർക്കീസ്, അദ്ദേഹത്തിൻറെ ഒരു സ്നേഹിതനായ ബർസൂമ്മാ എന്ന സന്യാസി, എവുത്തിക്കോസ്, കോൺസ്റ്റൻറിനോപ്പിളിലെ ഫ്ളാവിയൻ പാത്രിയർക്കീസ്, മാർപ്പാപ്പായുടെ പ്രതിനിധികളായി വന്ന ജൂലിയസ്, ഹില്ലാരി, * ദുൾച്ചിസിയസ് എന്ന ഔദ്യോഗിക സാക്ഷി, സമീപസ്ഥലങ്ങളിലെ പല മെത്രാന്മാർ എന്നിവരെക്കൂടാതെ ദീയസ്കോറോസിൻറെ സഹായത്തിനായി ഏതാനും ഭടന്മാരും ഈ യോഗത്തിൽ സന്നിഹിതരായിരിക്കുന്നു.)

ദീയസ്കോറോസ് (അദ്ധ്യക്ഷപീഠത്തിൽ പ്രവേശിച്ചു പറയുന്നു):—അഭിവന്ദ്യപിതാക്കന്മാരേ, ഇന്നു ഈ സൂനഹദോസിൽ നാം സമ്മേളിച്ചിരിക്കുന്നതു ക്രിസ്തുവിൻറെ സ്വഭാവത്തെപ്പററി എവുത്തിക്കോസ് എന്ന സന്യാസി പഠിപ്പിച്ചുവരുന്ന ഉപദേശം ശരിയായതോ അല്ലയോ എന്നതിനെ സംബന്ധിച്ചു ഒരു ഔദ്യോഗികമായ വിധി പ്രസ്താവിക്കുവാനാണു്.

ജൂലിയസ് മെത്രാൻ:—അഭിവന്ദ്യപിതാക്കന്മാരേ, റോമ്മായിലെ അതിവിശുദ്ധനായ ലെയോൻ മാർപ്പാപ്പായുടെ പ്രതിനിധികളെന്നനിലയിൽ ഞങ്ങൾ നാലുപേർ ഈ സൂനഹദോസിൽ സംബന്ധിക്കുന്നതിനായി യാത്രപുറപ്പെട്ടു എന്നാൽ ഞങ്ങളിൽ റെനാററസ് എന്ന പട്ടക്കാരൻ വഴിക്കുവച്ചു മരിച്ചുപോയി. തന്മൂലം ഇപ്പോൾ ഞങ്ങൾ മൂന്നുപേർ ഇവിടെ സന്നിഹിതരായിരിക്കുന്നു. ലെയോൻ മാർപ്പാപ്പാ ഞങ്ങളുടെ കൈവശം തന്നയച്ച ലേഖനം ആദ്യമായി ഈ സൂനഹദോസിൽ വായിക്കപ്പെടണം. പുരാതനമായ നടപടിയനുസരിച്ചു മാർപ്പാപ്പായുടെ പ്രതിനിധികളായിവന്ന ഞങ്ങളാണു് ഈ സൂനഹദോസിൽ ആദ്ധ്യക്ഷ്യം വഹിക്കേണ്ടതു്.

ദീയസ്കോറോസ്:- നാംതന്നെയാണു് ഈ സൂനഹദോസിലെ അദ്ധ്യക്ഷൻ. ലെയോൻറെ ലേഖനം ഈ സൂനഹദോസിൽ സത്യമായും വായിച്ചുകൊള്ളാം. എന്നാൽ സത്യവിശ്വാസം പഠിപ്പിച്ചുവരുന്ന എവുത്തിക്കോസിനെ പാഷണ്ഡിയായി ശപിച്ച കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസിൻറെ നിശ്ചയങ്ങൾ സാധുവല്ല. ആകയാൽ ആ നിശ്ചയങ്ങൾതന്നെ ഇവിടെ ആദ്യമായി വായിച്ചിട്ടു അവയ്ക്കു എതിരായ നിശ്ചയങ്ങൾ പാസ്സാക്കേണ്ടിയിരിക്കുന്നു. നമ്മുടെ സെക്രട്ടറി ആ സൂനഹദോസിൻറെ നിശ്ചയങ്ങൾ ഇപ്പോൾതന്നെ വായിക്കട്ടെ.

സെക്രട്ടറി (എഴുന്നേററു ഇപ്രകാരം വായിക്കുന്നു; ഫ്ളാവിയൻ, എവുസേബിയസ് ആദിയായി കോൺസ്റ്റൻറിനോപ്പിളിൽ സമ്മേളിച്ചിരിക്കുന്ന വൈദികാദ്ധ്യക്ഷന്മാർ ക്രിസ്തുവിൽ ഏകസ്വഭാവമേ—ദൈവസ്വഭാവംമാത്രമേ—ഉള്ളു എന്നു പഠിപ്പിച്ചുവരുന്നു. എവുത്തിക്കോസ് എന്ന സന്യാസിയെ ഈ സൂനഹദോസിൽ ക്ഷണിച്ചുവരുത്തി വിസ്തരിച്ചശേഷം പാഷണ്ഡതയിൽ സ്ഥിരമായി നില്ക്കുന്നു എന്ന കാരണത്താൽ ശപിക്കയും സ്ഥാനഭ്രംശം ചെയ്തു സന്യാസസഭയിൽനിന്നു ബഹിഷ്കരിക്കയും ചെയ്യുന്നു.

ദീയസ്കോറോസ്:- എവുത്തിക്കോസിനു് എതിരായി കോൺസ്റ്റൻറിനോപ്പിൾ സൂനഹദോസ് നടത്തിയ നിർദ്ദയമായ ഈ വിധി നിങ്ങളെല്ലാവരും കേട്ടല്ലോ. എന്നാൽ എവുത്തിക്കോസിൻറെ ഉപദേശം ശരിയാണെന്നും, അദ്ദേഹത്തെ ഒരു പാഷണ്ഡിയായി വിധിച്ച സൂനഹദോസിൻറെ നിശ്ചയങ്ങൾ അസാധുവാണെന്നും നാം പ്രഖ്യാപനം ചെയ്യുന്നു. എവുത്തിക്കോസിനെ ശപിക്കയും, സ്ഥാനഭ്രംശം ചെയ്യുകയും ചെയ്ത ഫ്ളാവിയനെയും, എവുസേബിയസിനെയും, തെയോദോറിനെയും മററു മെത്രാന്മാരെയും ഈ സൂനഹദോസ് പാഷണ്ഡികളായി പരിഗണിക്കയും, അവരുടെ സിംഹാസനങ്ങളിൽനിന്നു അവരെ ബഹിഷ്കരിച്ചിട്ടു് അവർക്കു പകരം മററു മെത്രാന്മാരെ നിയമിക്കയും ചെയ്യുന്നു.

ഫ്ളാവിയൻ (ഉയർന്ന സ്വരത്തിൽ):- ഞാൻ ഈ യോഗനിശ്ചയങ്ങളെ പ്രതിഷേധിക്കുന്നു.

ദീയസ്കോറോസ് (കോപസ്വരത്തിൽ):— ഭടന്മാരേ, ഫ്ളാവിയൻ പാത്രിയർക്കീസിൻറെ പ്രതിഷേധം നിങ്ങൾ കേട്ടില്ലേ? നിങ്ങളുടെ പാത്രിയർക്കീസിൻറെ അദ്ധ്യക്ഷതയിൽ നടക്കുന്ന ഈ സൂനഹദോസിനെ പ്രതിഷേധിച്ചു് അതിനെ അവഹേളപ്പെടുത്തുന്ന ധിക്കാരിയെ നല്ലപാഠം പഠിപ്പിക്കുവാൻ നിങ്ങൾക്കു് അറിഞ്ഞുകൂടേ?

ബർസൂമ്മാ (ഉയർന്ന സ്വരത്തിൽ):— മഹനീയമായ അലക്സാണ്ഡ്റിയാ സിംഹാസനത്തിൽ പ്രതാപശ്രീയോടെ പരിലസിക്കുന്ന ദീയസ്കോറോസ് പാത്രിയർക്കീസിനു് എതിരായി സ്വരം ഉയർത്തുന്ന അഹങ്കാരിയെ നിശ്ശബ്ദനാക്കുവിൻ. നെസ്തോറിയസിനോടു ധീരധീരം പോരാടി സത്യവിശ്വാസം നിലനിറുത്തിയ വി. സിറില്ലോസിൻറെ അനന്തരവനായ ദീയസ്കോറോസ് പാത്രിയർക്കീസിൻറെ അധികാരത്തെ ധിക്കരിക്കുന്ന ഫ്ളാവിയനു ജീവനോടിരിപ്പാൻ അവകാശമില്ലതന്നെ.

(ഈ വാക്കുകൾ കേട്ട മൂന്നു നാലു ഭടന്മാർ താഴെപ്പറയുന്ന വാചകങ്ങൾ മാറി മാറി പറഞ്ഞുകൊണ്ടു ഫ്ളാവിയനെ പിടിക്കുവാൻ അടുക്കുന്നു.)

1-ാം ഭടൻ:- വരുവിൻ ഫ്ളാവിയനെ അടിച്ചടിച്ചു നമുക്കു ഇഞ്ചെന്നപോലെ ആക്കാം

2-ാം ഭടൻ:- അല്ല, ഫ്ളാവിയനെ നമുക്കു ഉടുമ്പിനെ ചതയ്ക്കുന്നതുപോലെ ചതച്ചുകളയാം.

3-ാം ഭടൻ:- ഫ്ളാവിയൻറെ തല നമുക്കു പീരപ്പെട്ടിക്കാപോലെ അടിച്ചു പൊട്ടിക്കാം.

4-ാം ഭടൻ:- ഫ്ളാവിയനു നമുക്കു നല്ല ചവിട്ടിത്തിരുമ്മു കൊടുക്കാം. അദ്ദേഹത്തെ നമുക്കു ചമ്മന്തിപ്പരുവം ആക്കിക്കളയാം.

(ഭടന്മാർ ഫ്ളാവിയനെ പിടിക്കുന്നു അടിയുടെയും ഇടിയുടെയും ശബ്ദം കേൾക്കുന്നു.)

ഫ്ളാവിയൻ:- "പാറയിന്മേലായി സേ"—ഞാൻ നിങ്ങളുടെ അടുക്കൽനിന്നു റോമ്മായിലേക്കു അപ്പീൽ ബോധിപ്പിക്കുന്നു.

1-ാം ഭടൻ:- അപ്പീൽ ബോധിപ്പിക്കുന്ന ഇയാൾക്കു ഇടി കിട്ടിയതു പോരെടാ. ഇടിക്കെടാ ഇവനിട്ടു്. ഇവൻറെ റോമ്മാ ഇവൻറെ അപ്പീൽ ഇപ്പോൾ അവസാനിപ്പിച്ചേക്കാം.

2-ാം ഭടൻ:- (ഫ്ളാവിയൻറെ പിടലിക്കു പിടിച്ചു തള്ളിക്കൊണ്ടു്) നടക്കെടാ കള്ളക്കാളേ, നിൻറെ ഇറച്ചിയും എല്ലും, ചങ്കും കരളുംകൊണ്ടു ഇന്നു ഞാൻ സൂപ്പും കട്ലററും കച്ചത്തനും പിരളനും ഉണ്ടാക്കുന്നുണ്ടു്. ഞങ്ങളുടെ പാത്രിയർക്കീസിനു് എതിരായി കൊമ്പു വച്ച നിനക്കു നല്ലപാഠം പഠിപ്പിച്ചേക്കാം (ഫ്ളാവിയനെ ഭടന്മാർ അണിയായി വെളിയിലേക്കു കൊണ്ടുപോകുന്നു. അടിയുടെയും ഇടിയുടെയും ശബ്ദത്തിനിടയിൽ ഫ്ളാവിയൻറെ കരച്ചിലും കേൾക്കുന്നു.)

ഹില്ലാരി (ഉയർന്ന സ്വരത്തിൽ:— "Contradicitur"— കോൺട്രഡിച്ചിത്തൂർ—ഈ സൂനഹദോസിൽ നടക്കുന്ന സകലത്തെയും മാർപ്പാപ്പായുടെ നാമത്തിൽ ഞാൻ പ്രതിഷേധിക്കുന്നു.

(ഹില്ലാരി ഓടിരക്ഷപെടാൻ ശ്രമിക്കുന്നു. ഭടന്മാർ അദ്ദേഹത്തെ പിടിക്കാൻ ഓടുന്നു.)

3-ാം ഭടൻ:- ഓടിപ്പോകുന്ന അവനെ പിടിക്കെടാ, കെട്ടെടാ, ഇടിയെടാ, അവൻറെ ചങ്കിൻറെ കുമ്പിനു ഓരു ഏറുകൊടുത്തു അവനെ തറയിൽ മലത്തെടാ.

(ഹില്ലാരി ഓടിമറയുന്നു)

ദീയസ്കോറോസ് (സഗൗരവം):- നമ്മുടെ അദ്ധ്യക്ഷതയിൽ നടന്ന ഈ സൂനഹദോസിനെ ഒരു പൊതുസൂനഹദോസായി നാം പ്രഖ്യാപനം ചെയ്തുകൊണ്ടു് ഇതിലെ നിശ്ചയങ്ങൾക്കു നാം ആദ്യമായി ഒപ്പുവയ്ക്കുന്നു. (ഒപ്പുവയ്ക്കുന്നു). വന്ദ്യപിതാക്കന്മാരെല്ലാം യോഗനിശ്ചയങ്ങളിൽ ഒപ്പുവച്ചാലും.

ഒരു മെത്രാൻ (എഴുന്നേററു്):- അദ്ധ്യക്ഷൻ തിരുമേനി, ശാന്തമായി ആലോചിച്ചു സംഗതികൾ തീരുമാനിക്കുന്നതിനുവേണ്ടി ഒരു ദിവസത്തേക്കെങ്കിലും ഈ സൂനഹദോസിൻറെ നടപടികൾ മാററിവയ്ക്കണമെന്നു ഞങ്ങൾ സവിനയം അഭ്യർത്ഥിക്കുന്നു.

ദീയസ്കോറോസ്:- ഇതുവരെ ആലോചിച്ചതു ധാരാളംമതി. ഒററനിമിഷത്തേക്കുപോലും ഈ സൂനഹദോസിൻറെ നടപടികൾ മാററിവയ്ക്കുവാൻ നിവൃത്തിയില്ല.

വേറൊരു മെത്രാൻ (എഴുന്നേററു്):- തിരുമേനി, ലെയോൻ മാർപ്പാപ്പായുടെ ലേഖനത്തിൽ എവുത്തിക്കോസിൻറെ ഉപദേശത്തെ വിമർശിച്ചു സത്യവിശ്വാസം എന്താണെന്നു വ്യക്തമാക്കിയിട്ടുണ്ടു്. ആ ലേഖനം ഈ സൂനഹദോസിൽ വായിക്കപ്പെടണം.

ദീയസ്കോറോസ് (കോപസ്വരത്തിൽ):- ലെയോൻ മാർപ്പാപ്പാ നെസ്തോറിയനെപ്പോലെ പാഷണ്ഡിയാണു്. അദ്ദേഹത്തിൻറെ ലേഖനം ഇവിടെ വായിക്കുവാൻ പാടില്ല. എവുത്തിക്കോസിൻറെ ഉപദേശം ശരിയാണെന്നു് എല്ലാവരും ഏററുപറഞ്ഞു് സൂനഹദോസ് നിശ്ചയങ്ങൾക്കു ഒപ്പുവയ്ക്കണം. ഇങ്ങനെ ചെയ്യാത്തവരെ നാം സ്ഥാനഭ്രംശം ചെയ്യുകയും, കാരാഗൃഹത്തിൽ ബന്ധിക്കയും, കഠിനപീഡകൾ ഏല്പിക്കയും ചെയ്യുമെന്നു് അറിഞ്ഞുകൊള്ളുവിൻ. ഭടന്മാരേ, ഈ മെത്രാന്മാരെക്കൊണ്ടു് എവുത്തിക്കോസിൻറെ ഉപദേശം ഏററുപറയിപ്പിച്ചു സൂനഹദോസ് നിശ്ചയങ്ങൾക്കു ഒപ്പുവയ്പിക്കുവിൻ.

(ഭടന്മാർ മെത്രാന്മാരുടെ അടുക്കലേക്കു് ഓടിവരുന്നു. മെത്രാന്മാർ സംഭ്രമത്തോടുകൂടി അന്യോന്യം നോക്കുന്നു)

4-ാം ഭടൻ:- തിരുമേനിമാരേ, കുറുക്കൻ നോക്കുന്നതുപോലെ അങ്ങോട്ടും ഇങ്ങോട്ടും നോക്കിയതുകൊണ്ടു് ഒരു ഫലവുമില്ല. അദ്ധ്യക്ഷൻ തിരുമേനി ആവശ്യപ്പെട്ടിരിക്കുന്നതുപോലെ യോഗനിശ്ചയങ്ങളിൽ വേഗം ഒപ്പിട്ടുതന്നുകൊള്ളുവിൻ. ഒററ ഒന്നിനെ ഞാൻ വെറുതെ വിടുകയില്ല. (കൈയിൽ ഇരിക്കുന്ന കുന്തം ഉയർത്തിക്കാണിച്ചുകൊണ്ടു്) കണ്ടോ ഈ കുന്തം? ഒപ്പിടാത്തവരുടെ കുടൽമാല കോലൽമീരായി

(ശേഷം 10-ാം പേജിൽ)

* മാർപ്പാപ്പായുടെ പ്രതിനിധികളായി അയക്കപ്പെട്ടവരിൽ റെനാററസ് എന്ന പട്ടക്കാരൻ യാത്രാമദ്ധ്യേ മരണം പ്രാപിച്ചതുകൊണ്ടു ഈ യോഗത്തിൽ സംബന്ധിച്ചില്ല.


## ഫ്റീ ഇൻഡ്യാ ബാങ്ക് ക്ലിപ്തം, കോട്ടയം

തിരുവിതാംകൂറിൽ രജിസ്റ്റാക്കപ്പെട്ടതു്

ഓഹരി ഉടമസ്ഥന്മാരുടെ ബാദ്ധ്യത ക്ലിപ്തം


| | | | |
|---|---|---|---|
| പലിശനിരക്കു് കറൻറു് | 1½% | 6 മാസം കാലാവധി | 4% |
| സേവിംഗ്സ് | 3% | 12 " | 4½% |
| ഷോർട്ടു് നോട്ടീസ് | 3% | 24 " | 5% |
| | | 36 " | 5½% |

ഇതിനുംപുറമെ ആവശ്യക്കാർക്കു 6 ശതമാനം പലിശ ലഭിക്കുന്ന ത്രിവത്സരകാഷ് സർട്ടിഫിക്കററുകളും വാങ്ങാവുന്നതാണു്. ബ്രാഞ്ചുകൾ: കോട്ടയം, കോതമംഗലം, രാമപുരം, പാലാ, കിടങ്ങൂർ, പൊൻകുന്നം, നെടുംകുന്നം, ചങ്ങനാശ്ശേരി, ഉല്ലല.

# മുദ്രാലയ പ്രേഷിതത്വം

(റവ. ഫാ. പോൾ കുഴിക്കാട്ടു് ബി. എ.)

ഭൗതികശാസ്ത്രത്തിന്റെ അത്ഭുതാവഹമായ പുരോഗതിയിൽ, മനുഷ്യൻ പ്രകൃതിയെ തന്റെ അടിമയാക്കി. ഈ വിജയത്തിൽ മതിമറന്നു്, "മതം അനർത്ഥം" എന്നു് ഔദ്ധത്യപൂർവ്വം ഭൗതികശാസ്ത്രം പ്രഖ്യാപനംചെയ്തു. അതോടുകൂടി മനുഷ്യൻ ഒരു "സത്വ"മായി അധഃപതിച്ചു. പക്ഷികളെപ്പോലെ പറക്കാനും മത്സ്യങ്ങളെപ്പോലെ നീന്താനും പഠിപ്പിച്ച ഭൗതികശാസ്ത്രം, മനുഷ്യനായി ജീവിക്കുവാൻ അവശ്യമായ ധാർമ്മികമൂല്യം സംഭാവനചെയ്യുവാൻ ശക്തമായില്ല.



ഭൗതികതത്വവാദത്തിന്റെ പിടിയിൽപ്പെട്ടിരിക്കുന്ന ആധുനികലോകം ഒരു പരീക്ഷണഘട്ടത്തിൽക്കൂടി പ്രയാണംചെയ്യുകയാണു്. ധാർമ്മികമായ അധഃപതനമാണു് ആധുനികലോകത്തിന്റെ പ്രധാനവിപത്തു്. ഈ അധഃപതനത്തിൽനിന്നും മാനവസമുദായത്തെ പുനരുദ്ധരിക്കുന്നതിനു് ധാർമ്മികസിദ്ധാന്തങ്ങളിൽ അടിയുറച്ചിരിക്കുന്ന ഒരു മതത്തിനുമാത്രമേ സാധിക്കുകയുള്ളു. ശാന്തവും സുഖാവഹവും സ്വാതന്ത്ര്യവുമായ ഒരന്തരീക്ഷത്തിൽ ജീവിതം വികസിപ്പിക്കുന്നതിനും സാർവ്വലൗകികമായ സൗഭാഗ്യം അതിന്റെ ഭാഗങ്ങളിലെല്ലാം പ്രസരിപ്പിക്കുന്നതിനും "സഹകരണമാണു് ലോകശ്രേയസ്കരം" എന്ന മതത്തിന്റെ സിദ്ധാന്തം മാത്രമാണു് പ്രയോജനപ്പെടുക. ജീവിതം ഒരു മത്സരമാണെന്നും അർഹമായതു് അതിജീവിക്കുമെന്നുമുള്ള യാന്ത്രികസംസ്കാരസിദ്ധാന്തങ്ങൾ, ആധുനികലോകപ്രശ്നങ്ങൾക്കു മാർഗ്ഗനിർദ്ദേശം നല്കുവാൻ അശക്തങ്ങളായിത്തീർന്നിരിക്കുന്നു.

മതത്തിന്റെ അടിസ്ഥാനമായ സന്മാർഗ്ഗികതത്വങ്ങളെ പ്രചരിപ്പിക്കുന്നതിനും സത്യത്തെ വെളിപ്പെടുത്തുന്നതിനും മുദ്രാലയങ്ങൾക്കുള്ള കഴിവു് വളരെയാണു്. അബദ്ധപ്രബോധനങ്ങൾകൊണ്ടു് വഞ്ചിക്കപ്പെട്ടിരിക്കുന്ന ജനതയെ വസ്തുസ്ഥിതികൾ മനസ്സിലാക്കി സത്യത്തിന്റെ പ്രകാശത്തിലേക്കു് ആനയിക്കുകയാണു് കത്തോലിക്കാമുദ്രാലയങ്ങളുടെ ലക്ഷ്യം. ഇന്നത്തെ പലേ സ്വതന്ത്രമുദ്രാലയങ്ങളും പ്രസിദ്ധീകരണങ്ങളും ആധുനികപ്രശ്നങ്ങളെ വീക്ഷിക്കുന്നതു വെറും ഭൗതികമായ വീക്ഷണകോണത്തിൽക്കൂടിമാത്രമാണു്. എന്നാൽ കത്തോലിക്കാമുദ്രാലയങ്ങൾ ദൈനംദിനപ്രശ്നങ്ങളെപ്പററി പരാമർശിക്കുമ്പോൾ സത്യത്തിൽനിന്നും അണുമാത്രം വ്യതിചലിക്കാതിരിക്കുന്നതിനും സന്മാർഗ്ഗികമൂല്യങ്ങൾക്കു പ്രാമുഖ്യം കല്പിക്കുന്നതിനും പ്രത്യേകം നിഷ്കർഷിക്കുന്നു. സത്യപ്രചരണാർത്ഥമുള്ള മുദ്രാലയങ്ങളുടെ ഈ സംരംഭം വിജയപ്രദമാകുന്നതിനു് ഓരോ കത്തോലിക്കനും അകമഴിഞ്ഞു് സഹായിക്കേണ്ടതാണു്. ധാർമ്മികസിദ്ധാന്തങ്ങളിൽ അടിയുറച്ചിരിക്കുന്ന കത്തോലിക്കാസഭയ്ക്കു് അന്ധകാരത്തിൽ തപ്പിത്തടയുന്ന നാശോന്മുഖമായ ആധുനികലോകത്തോടു് വളരെയധികം പറയുവാനുണ്ടു്. പ്രസംഗമണ്ഡപങ്ങളോ, വിദ്യാലയങ്ങളോ, ഇതര കത്തോലിക്കാ സംഘടനകളോ ഇതിനു മതിയാകുന്നതല്ല. മുദ്രാലയങ്ങൾമുഖേന മാത്രമേ ശാന്തിയുടേയും സമാധാനത്തിന്റേയും സന്ദേശങ്ങൾ ഫലപ്രദമായവിധത്തിൽ ലോകത്തിനു നല്കുവാൻ സഭയ്ക്കു സാധിക്കുകയുള്ളു. പീയൂസ് പതിനൊന്നാമൻ കത്തോലിക്കാ മുദ്രാലയപ്രവർത്തകരെപ്പററി "നിങ്ങൾ എന്റെ ശബ്ദങ്ങളാണു്" എന്നത്രെ പറഞ്ഞിരിക്കുന്നതു്.

മുദ്രാലയപ്രേഷിതത്വത്തിൽ പ്രധാനമായി ഗ്രന്ഥരചന, പ്രസിദ്ധീകരണം, പ്രചാരണം ഇവ ഉൾപ്പെടുന്നു. ഉത്തമഗ്രന്ഥങ്ങൾ പ്രസിദ്ധീകരിച്ചതുകൊണ്ടു മാത്രമായില്ല, നാം മററുള്ളവർ അവ വാങ്ങി വായിക്കുന്നതിനു പ്രേരിപ്പിക്കക്കൂടി ചെയ്യേണ്ടതാണു്. അതിനാൽ മുദ്രാലയപ്രേഷിതത്വം മുദ്രാലയാധികൃതരെമാത്രം ആശ്രയിച്ചിരിക്കുന്ന ഒന്നാണെന്നു് തെററിധരിക്കേണ്ടതില്ല. അഭ്യസ്തവിദ്യരായ ഓരോ കത്തോലിക്കനും ഇതിലെ സജീവപ്രവർത്തകനായിരിക്കണം. എങ്കിൽമാത്രമേ ഉത്തമപ്രസിദ്ധീകരണങ്ങളിൽനിന്നും ശരിയായ പ്രയോജനം ജനങ്ങൾക്കു ലഭിക്കുകയുള്ളു. വിശ്രമരഹിതമായ ജോലിയാണു് മുദ്രാലയാധികൃതന്മാരും അവരുടെ സഹപ്രവർത്തകന്മാരും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്; അവരുടെ അത്യദ്ധ്വാനത്തിനു ശരിയായ ഫലം ലഭിക്കുന്നതിനു് ഓരോ കത്തോലിക്കനും അവരോടു് ഹൃദയപൂർവ്വം സഹകരിച്ചു പ്രവർത്തിക്കേണ്ടതാണു്. കത്തോലിക്കാ മുദ്രാലയങ്ങളെ സഭയുടെ ഒരു പ്രത്യേകവിഭാഗമായി കണക്കാക്കണമെന്നാണു് കർദ്ദിനാൾ മുൺഡലിൻ അഭിപ്രായപ്പെടുന്നതു്. ഇത്ര ശക്തിയേറിയ മറെറാരായുധം സഭയുടെ ആയുധപ്പുരയിൽ കാണുവാൻ കഴിയുകയില്ല. സഭാതത്വങ്ങളേയും നടപടികളേയും സംബന്ധിച്ചു് വിശ്വാസനീയമായ അറിവുകൾ ലഭിക്കുന്നതിനുള്ള എളുപ്പമാർഗ്ഗം ഇതുമാത്രമാണു്. വിവിധങ്ങളായ സാമുദായികപ്രശ്നങ്ങളെ സംബന്ധിച്ചു് സഭയ്ക്കുള്ള അഭിപ്രായം ബഹുജനങ്ങളെ അറിയിക്കുന്നതിനും അപ്രകാരം അവർ സന്മാർഗ്ഗപന്ഥാവിൽനിന്നു് വ്യതിചലിക്കാതിരിക്കുന്നതിനും ഈ മുദ്രാലയങ്ങൾ മാർഗ്ഗനിർദ്ദേശം നല്കുന്നു. ഭൗതികതത്വവാദം പ്രബലപ്പെട്ടുകൊണ്ടിരിക്കുന്ന ഇക്കാലത്തു്, കത്തോലിക്കാസഭ അവളുടെ സൃഷ്ടിപരമായ പ്രവർത്തനങ്ങൾ കൂടുതൽ ഊർജ്ജിതപ്പെടുത്തുവാൻ ഉത്സാഹപൂർവ്വം ശ്രമിച്ചുകൊണ്ടിരിക്കുകയാണു്. അസന്മാർഗ്ഗികവും നിരീശ്വരപരവുമായ പ്രസിദ്ധീകരണങ്ങളുടെ നിർബാധമായ പ്രചരണത്തെ തടയുന്നതിനും കത്തോലിക്കാ പ്രസിദ്ധീകരണങ്ങൾ കൂടുതലായി പ്രചരിപ്പിക്കുന്നതിനും കത്തോലിക്കാസംഘടനകളുടേയും മുദ്രാലയങ്ങളുടേയും ഒരു ഐക്യമുന്നണി ഉണ്ടാകണം. എങ്കിൽ മാത്രമേ, സന്മാർഗ്ഗത്തെ ഗ്രസിച്ചുകളയുവാൻ ശ്രമിക്കുന്ന കമ്മ്യൂണിസ്റ്റു് വിപത്തിൽനിന്നും ലോകത്തെ രക്ഷിക്കുവാൻ സാധ്യമാകയുള്ളു. അബദ്ധപ്രസ്താവനകൾകൊണ്ടു് ജനങ്ങളെ വഞ്ചിക്കുവാൻ പുറപ്പെട്ടിരിക്കുന്നവരുടെ ഉള്ളുകള്ളികൾ വെളിപ്പെടുത്തിക്കാണിക്കേണ്ട ചുമതലയാണു് ഓരോ കത്തോലിക്കാമുദ്രാലയവും നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതു്. ഈ മുദ്രാലയപ്രേഷിതത്വത്തെ നമുക്കു് പലേവിധത്തിലും സഹായിക്കാവുന്നതാണു്. മുദ്രാലയങ്ങൾക്കു് ധനസഹായം ചെയ്തും പ്രസിദ്ധീകരണങ്ങൾക്കു് വരിക്കാരായി ചേർന്നും നമുക്കു് ഈ പ്രേഷിതവൃത്തിയിൽ സഹകരിക്കാം. ഇതിനും പുറമെ സമർത്ഥന്മാരായ അൽമായർക്കു് മുദ്രാലയപ്രവർത്തനങ്ങളിൽ മാന്യമായ സ്ഥാനം നല്കിയും ഇതിനെ ത്വരിതപ്പെടുത്തുവാൻ കഴിയും.

അമേരിക്ക, ഇംഗ്ലണ്ടു്, ഫ്രാൻസ്, ഇററലി തുടങ്ങിയരാജ്യങ്ങളിൽ സജീവമായ മുദ്രാലയപ്രേഷിതത്വമാണു് ഇന്നു ദൃശ്യമാകുന്നതു്. നമ്മുടെ മാതൃഭൂമിയായ ഇൻഡ്യയിലെ വർദ്ധിച്ച ജനസംഖ്യക്കനുസരണമായ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ഇവിടെയില്ല. ന്യൂലീഡർ, എക്സാമിനർ തുടങ്ങിയ ഇംഗ്ലീഷ് പത്രങ്ങളും മലബാർമെയിൽ, ദീപിക, സത്യദീപം, സത്യനാദം, തുടങ്ങിയ മലയാളദിനപ്പത്രങ്ങളും ആഴ്ചപ്പതിപ്പുകളും കൊങ്കണത്തിൽ പ്രസിദ്ധീകരിക്കുന്ന "റൊട്ടി"യും ഇൻഡ്യയിലെ കത്തോലിക്കാപത്രപ്രസിദ്ധീകരണങ്ങളിൽ പ്രാമാണ്യം അർഹിക്കുന്നവയാണു്. സെന്റു് ജോസഫ്സ് പ്രസ്സ് മാന്നാനം, മാർളൂയിസ് മെമ്മോറിയൽപ്രസ്സ് എറണാകുളം, സെന്റു് ജോസഫ്സ് പ്രസ്സ് തിരുച്ചിനാപ്പള്ളി, കാത്തലിക്‌മിഷൻ പ്രസ്സ് കോട്ടയം തുടങ്ങിയ കത്തോലിക്കാമുദ്രാലയങ്ങൾ ദീർഘനാളായി പ്രശസ്തമായരീതിയിൽ പ്രസിദ്ധീകരണം നടത്തിക്കൊണ്ടിരിക്കുന്നു. മംഗലപ്പുഴസെമിനാരിയോടനുബന്ധിച്ചുള്ള സെന്റു് ജോസഫ്സ് അപ്പസ്തോലിക്‌പ്രസ്സിൽനിന്നും വിവിധങ്ങളായ ആധുനികപ്രശ്നങ്ങൾക്കു് ഉത്തരം നൽകിക്കൊണ്ടു് എസ്. എച്ച്. ലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു ഗ്രന്ഥപരമ്പര പ്രസിദ്ധീകരിക്കുന്നുണ്ടു്. അടുത്തകാലത്തു് ആരംഭിച്ച പ്രേഷിതകേരളവും ഇവിടെനിന്നുതന്നെയാണു് പ്രസിദ്ധംചെയ്യുന്നതു്. മാന്നാനത്തുനിന്നും പുറപ്പെടുന്ന "കുസുമം സീരീസ്" ഇത്തരുണത്തിൽ പ്രത്യേകം പ്രസ്താവാർഹമാണു്.

കേരളത്തിലെ മുദ്രാലയപ്രേഷിതവൃത്തിയിൽ കാലാനുസൃതമായും സജീവമായും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന "സത്യദീപം" ഇന്നത്തെ കമ്മ്യൂണിസ്റ്റുവാദമുഖങ്ങൾക്കു് പണ്ഡിതോചിതമായരൂപത്തിൽ മറുപടി പറഞ്ഞുകൊണ്ടിരിക്കുന്നു. മലയാളത്തിൽ ഇത്രയധികം പ്രചാരമുള്ള മറെറാരുപത്രം ഉണ്ടെന്നു തോന്നുന്നില്ല. സാംസ്കാരികവളർച്ചയ്ക്കു് സഹായകങ്ങളായ ഇത്തരം പ്രസിദ്ധീകരണങ്ങളാണു് ഇന്നു നമുക്കു് ആവശ്യമായിരിക്കുന്നതു്. മേൽ വിവരിച്ചവകൂടാതെ മററു പലേപ്രസിദ്ധീകരണശാലകളും അഭിനന്ദനാർഹമായവിധത്തിൽ ഈ കേരളക്കരയിൽ പ്രേഷിതപ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നുണ്ടു്. ഇത്തരം മുദ്രാലയങ്ങളുടെ പ്രേഷിതപ്രവർത്തനംവഴിയായി കേരളത്തിനും വിശിഷ്യ ഭാരതത്തിനും ലഭിച്ചുകൊണ്ടിരിക്കുന്ന സഹായങ്ങൾ നിരവധിയത്രെ.




ST. ALOYSIOUS ELECTROPLATING WORKS
AND CATHOLIC DEPOT,

MUNICIPAL OFFICE ROAD. TRICHUR.
PROPRIETOR; C. O. LOUIS.

*Large stock of Catholic devotional articles in Silver and Electroplated ready for sale viz:*

1. Chalices 2. Ciboriums 3. Monstrances 4. Incense Boats 5. Thuribles 6. Communion Plates 7. Candle-sticks 8. Holy Oil Stoks Etc.

AND ALL KINDS OF CHURCH REQUISITES

NEAT ELECTROPLATING

*N. B. Prepared to go over to anywhere for neat execution if so wanted.*


# ക്രിസ്തുരാജസേനയിൽ

(ഫാദർ അവുരേലിയസ് സി. ഡി., ബി. എ. എൽ. ടി.)

കഴിഞ്ഞ രണ്ടു ലോകമഹായുദ്ധങ്ങളുടെയും അവസരത്തിൽ എത്ര തീക്ഷ്ണതയോടുകൂടിയാണു് റിക്രൂട്ടിങ്ങു് ഉദ്യോഗസ്ഥന്മാർ നാടുതോറും ചുററിനടന്നു് ആളുകളെ പട്ടാളത്തിൽ ചേർക്കുന്നതിനു ശ്രമിച്ചിരുന്നതു്! അവരുടെ ആഹ്വാനം ശ്രവിച്ചു് അനേകർ സൈന്യത്തിൽ ചേരുകയും തങ്ങളുടെ വീരപരാക്രമങ്ങളാൽ ശത്രുക്കളെ നിശ്ശേഷം തോല്പിക്കുകയും ചെയ്തു.

ഇന്നു മററുരണ്ടു യുദ്ധങ്ങളെക്കാൾ ഭയങ്കരമായ ഒരു യുദ്ധം നടന്നുകൊണ്ടിരിക്കുന്നു. ക്രിസ്തുവിന്റെരാജ്യം ശത്രുക്കൾ ശക്തിമത്തായി ആക്രമിക്കയും ഇതിനകം പലസ്ഥലങ്ങളും പിടിച്ചടക്കിക്കഴിയുകയും ചെയ്തിരിക്കുന്നു. മാത്രമല്ല പൈശാചികമായ കുതന്ത്രങ്ങളാൽ ലോകമാസകലം സകലരാജ്യങ്ങളിലും സ്വരാജ്യത്തെ ഒററിക്കൊടുക്കുന്നതിനു സന്നദ്ധരായ അനവധി അഞ്ചാംനിരക്കാരെയും സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു.

തിരുസ്സഭാചരിത്രത്തിൽ ഇത്ര ആപൽക്കരമായ ഒരു സന്ധി ഇതിനുമുമ്പൊരിക്കലും ഉണ്ടായിട്ടില്ലെന്നാണു് ഇപ്പോൾ ഭാഗ്യമോടെ വാഴുന്ന 12-ാം പീയൂസ് മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് പ്രസ്താവിക്കുന്നതു്. അദ്ദേഹം ഈയിടെ ഒരു (Cicilian) സിസിലിയൻ മെത്രാനോടു പറയുകയുണ്ടായി, ഇന്നത്തെ പരിതസ്ഥിതികളിൽ വി. പത്രോസിന്റെ ദേവാലയാങ്കണത്തിൽവച്ചു പാപ്പായെ കഴുമരത്തിൽ തൂക്കിക്കൊന്നു എന്നു വരാൻ പാടില്ലാത്തതല്ല എന്നു്. എത്രഹൃദയവേദനയോടുകൂടിയായിരിക്കണം അദ്ദേഹം അതുച്ചരിച്ചതു്. മാർപ്പാപ്പായോടും തിരുസ്സഭയോടും ചെയ്യുന്നതു ക്രിസ്തുവിനോടുതന്നെ ചെയ്യുന്നതാണെന്നു നമുക്കറിയാം. എന്നിട്ടും ക്രിസ്ത്യാനികൾ, അല്ല കത്തോലിക്കർ, ഏകസത്യസഭയുടെ അംഗങ്ങൾ—ക്രിസ്തുവിന്റെ ഭടന്മാർ എന്നഭിമാനിക്കുന്ന നാം—എന്താണു ചെയ്യുന്നതു്? ഇതൊന്നും നമ്മുടെകാര്യമല്ല എന്നമട്ടിൽ ഉറക്കംതൂങ്ങുകയല്ലയോ? കമ്മ്യൂണിസ്റ്റുകൾ ഇളവില്ലാതെ നിശാസ്കൂളുകളും പ്രസംഗങ്ങളും പ്രസിദ്ധീകരണങ്ങളും വഴി ശത്രുപക്ഷത്തിലേക്കു് ആയിരക്കണക്കിനു ആളുകളെ ചേർക്കുന്നു. നമ്മുടെ കത്തോലിക്കാ വിദ്യാലയങ്ങളിൽനിന്നുതന്നെ എത്രയെത്ര യുവാക്കന്മാരാണു് രഹസ്യമായും ചിലപ്പോൾ പരസ്യമായും അവരുടെ ഭാഗംചേർന്നു പ്രചരണവേല നടത്തുന്നതു്. ഇന്നു ക്രിസ്തുവിന്റെയും തിരുസ്സഭയുടെയും ഏററവും വലിയ ശത്രുക്കളിൽ ചിലർ മോസ്കോയിലോ നിരീശ്വരസമ്മേളനങ്ങളിലോ എന്നതിനെക്കാൾ കൂടുതലായി യൂദാസിന്റെ അവതാരമെടുത്തു നമ്മുടെ ഇടയിൽത്തന്നെ, നമ്മുടെ ഇടവകകളിലും, പള്ളിക്കൂടങ്ങളിലും ഭക്തസഖ്യങ്ങളിൽപ്പോലും വസിക്കുന്നുണ്ടെന്നുള്ളതു പരിതാപകരമായ ഒരു പരമാർത്ഥംമാത്രമാണു്.

എന്നാൽ ഇക്കൂട്ടത്തിൽ ഏററവും അധികം നാശം ചെയ്യാൻ പ്രാപ്തിയുള്ളവർ വിദ്യാർത്ഥികളാണു്. അവരെ, കമ്മ്യൂണിസ്റ്റു് പിടിയിൽപ്പെട്ടു, ക്രിസ്തുവിനെതിരായി യുദ്ധം ചെയ്യാൻ വിടാതെ ക്രിസ്തുവിന്റെ സൈന്യത്തിൽത്തന്നെ, അവിടുത്തേക്കുവേണ്ടി യുദ്ധം ചെയ്യുന്നതിനായി അവരെ പിടിച്ചുനിറുത്തുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നതിനുള്ള അതിഗൗരവമായ കടമ കത്തോലിക്കാസ്കൂളധികൃതന്മാർക്കുണ്ടെന്നുള്ളതു് അവിതർക്കിതമാണല്ലൊ. അതിനു് ഏററവും പററിയ ഒരുപാധിയാണു് ഉടൻതന്നെ സ്കൂളിൽ എം. സി. എസ്. എൽ. ഉൽഘാടനംചെയ്തു സജീവമായി പ്രവർത്തനം ആരംഭിക്കുകയെന്നുള്ളതു്. എം. സി. എസ്. എൽ. സേനയുടെ നായകൻ ക്രിസ്തുരാജനാണു്. സഖ്യത്തിന്റെ പ്രധാനതിരുനാളും അവിടുത്തേതുതന്നെയാണു്. അതിനാൽ അടുത്ത രാജത്വതിരുനാൾ നമ്മുടെ എല്ലാ സ്കൂളുകളിലും എം. സി. എസ്. എൽ. ന്റെ ആഭിമുഖ്യത്തിൽ ആഘോഷമായി കൊണ്ടാടത്തക്കവണ്ണം മുൻകൂട്ടി ശാഖകൾ ഉൽഘാടനംചെയ്യണമെന്നു ക്രിസ്തുരാജന്റെ നാമത്തിൽ സവിനയം അഭ്യർത്ഥിച്ചുകൊള്ളുന്നു. തിരുനാളിന്റെ തലേദിവസം വൈകിട്ടു കുട്ടികളുടെ വകയായി ഒരു ഘോഷയാത്ര നടത്തുന്നതു നന്നായിരിക്കും. സഖ്യം എങ്ങനെയാണു് ഉൽഘാടനംചെയ്തു നടത്തേണ്ടതു് എന്നതിനെക്കുറിച്ചു വിശദവിവരങ്ങൾ അടങ്ങിയ ഒരു ലഘുലേഖ ഉടനെതന്നെ എല്ലാ സ്കൂളുകളിലേക്കും അയച്ചുകൊടുക്കുന്നതായിരിക്കും. ക്രിസ്തുരാജൻ ജയിക്കട്ടെ!

ഒല്ലൂർ പള്ളിയിൽ

വി. റപ്പായേൽ മാലാഖായുടെ

തിരുനാൾ

ഒക്ടോബർ 23, 24 (ഞായർ, തിങ്കൾ). തീർത്ഥകർക്കു പതിവുള്ള സകല സൗകര്യങ്ങളും. സാധാരണവ്യവസ്ഥകളിൽ പൂർണ്ണദണ്ഡവിമോചനം.

ടി. പള്ളിവികാരി

ചെറുകഥ

# ഫാത്തിമാസന്ദേശം

(ജെ. എം.)

താമരമംഗലം കുടുംബകാരണവരായ തൊമ്മച്ചൻ അനുകരണീയനായ ഒരു കുടുംബനായകനാണ്. കുടുംബഭരണത്തിലും കുട്ടികളുടെ സ്വഭാവരൂപവൽക്കരണത്തിലും അദ്ദേഹം വളരെ ശ്രദ്ധിച്ചിരുന്നു. സത്യദീപം കിട്ടിയാൽ ആദ്യം പ്രഭാഷണവും അനന്തരം ബാലരംഗവും വായിക്കുന്ന പതിവു വിട്ട് അന്നു തൊമ്മച്ചൻ "ഫാത്തിമാസന്ദേശം" വായിക്കുവാൻ തുടങ്ങി പ്രാർത്ഥനയ്ക്കുമുമ്പ് ജ്ഞാനവായന കൃത്യം പതിനഞ്ചുമിനിററ്. ജ്ഞാനവായന കഴിഞ്ഞാൽ ഉടൻ പ്രാർത്ഥന. ഇതായിരുന്നു അവിടത്തെ പരിപാടി.

പാരായണാനന്തരം തൊമ്മച്ചൻ വീണ്ടും താഴെകാണുന്ന അതിലെ ഉദ്ധരണികൾ എടുത്തുവായിച്ചു: ഫാത്തിമാസന്ദേശത്തിൻെറ വെളിച്ചത്തിൽ ഇന്നത്തെ സംഭവവികാസങ്ങളെ നാം വീക്ഷിക്കുമ്പോൾ നമ്മുടെ അമ്മയുടെ പ്രവചനങ്ങൾ അക്ഷരംപ്രതി നിറവേറുന്നതായിട്ടാണു കാണുന്നതു്. ഇനിയെങ്കിലും നാം ആ സന്ദേശം അതു് അർഹിക്കുന്ന ഗൗരവത്തോടുകൂടി സ്വീകരിക്കുകയും ദിവ്യജനനിയുടെ ആഗ്രഹത്തെ നിറവേററുകയും ചെയ്തില്ലെങ്കിൽ അസന്നിഗ്ദ്ധമായ ഭാഷയിൽ പരിശുദ്ധമറിയം ദീർഘദർശനം ചെയ്തിരിക്കുന്ന നാശത്തിൽനിന്നും രക്ഷപെടുവാൻ നമുക്കു കഴിയുന്നതല്ല. അതിനാൽ ഫാത്തിമാസന്ദേശത്തെ പ്രയോഗത്തിൽ വരുത്തുന്നതിനു് ഇനിയും ഒട്ടും താമസിക്കരുതു്.

"ഫാത്തിമാസന്ദേശത്തിൻെറ ചുരുക്കം ഇതാണ്. ലോകത്തിൽ പാപം ക്രമാതീതമായി വർദ്ധിച്ചിരിക്കുകമൂലം ദൈവത്തിൻെറ കോപം നിസ്സീമമായിത്തീർന്നിട്ടുണ്ട്. ഉടനടി അവമാനിതനായ ദൈവത്തെ പ്രാർത്ഥനയാലും പരിഹാരകർമ്മങ്ങളാലും ത്യാഗപ്രവൃത്തികളാലും സാന്ത്വനപ്പെടുത്തിയില്ലെങ്കിൽ അതിഭയങ്കരമായ ശിക്ഷയുണ്ടാകുവാൻ പോകുന്നു. അനുതപിക്കാത്ത പാപികൾക്കു നാശം. ഭക്തിപൂർവ്വം ദിനംപ്രതി കൊന്ത ജപിക്കണമെന്നും പരി. മറിയത്തിൻെറ വിമലഹൃദയത്തോടുള്ള ഭക്തിക്കു സാർവ്വത്രികമായ പ്രചാരം സിദ്ധിക്കണമെന്നുംകൂടി ഈ സന്ദേശം നിഷ്കർഷിക്കുന്നുണ്ടു്."

ഇതിനുശേഷം അദ്ദേഹം ഫാത്തിമാസന്ദേശത്തിൻെറ പരമപ്രാധാന്യത്തെയും, അതു് അവഗണിക്കപ്പെട്ടാലുണ്ടാകാവുന്ന ഭയങ്കരഭാവിയേയും പററി സംക്ഷിപ്തമായി ഇങ്ങനെ പ്രസ്താവിച്ചു: "പഴയനിയമത്തിൽ അന്നത്തെ തെരഞ്ഞെടുക്കപ്പെട്ട ജനമായിരുന്ന ഇസ്രായേൽക്കാരോട് പാപാധിക്യം മൂലം ആസന്നമായ ഗുരുതരദൈവശിക്ഷയേയും, അതിൽനിന്നും ഒഴിഞ്ഞുമാറുവാൻ അവശ്യം അനുഷ്ഠിക്കേണ്ട പശ്ചാത്താപപരിഹാരപരിപാടികളേയും ദീർഘദർശികൾ മുഖാന്തിരം കരുണയുള്ള കർത്താവു അറിയിച്ചിരുന്നു. ദൈവത്തിൻെറ ആഹ്വാനം അവഗണിച്ച ഘട്ടങ്ങളിൽ സംഭവിച്ച ഭയങ്കരശിക്ഷകൾ നാം അറിഞ്ഞിട്ടുള്ളവയാണ്. ഇതുപോലെ, പുതിയനിയമത്തിലെ തെരഞ്ഞെടുക്കപ്പെട്ട ജനമായ കത്തോലിക്കരോട് കർത്താവിൻെറ ദീർഘദർശികളല്ല അവിടുത്തെ പരിശുദ്ധ ജനനിയാണ് പാപാതിരേകംനിമിത്തം ഭയങ്കരശിക്ഷ ആസന്നമായിരിക്കുന്നെന്നും ശിക്ഷ ഉണ്ടാകാതെ ഇരിക്കണമെങ്കിൽ അനുതപിച്ചു പരിഹാരംചെയ്യണമെന്നും അനിഷേദ്ധ്യമായ അത്ഭുതദർശനംമൂലം കല്പിച്ചിരിക്കുന്നതു്. അതിനാൽ ലൗകായതികന്മാരായ നാം ഉണർന്നു ദൈവത്തെ പ്രസാദിപ്പിക്കണം. വിനീതമായി അനുതപിക്കണം. തീക്ഷ്ണതയോടെ പ്രാർത്ഥിക്കണം. പരമാർത്ഥമായ പരിഹാരപ്രവൃത്തികൾ അനുഷ്ഠിക്കണം. നമ്മുടെ സുഖാഭിലാഷം ഒന്നു കുറയ്ക്കണം. ലോകം ഒരു നാടകത്തട്ടുമാത്രമാണെന്നു് ആത്മാർത്ഥമായി അറിയണം. ചുരുക്കത്തിൽ

"നാഥാ! തവാജ്ഞകൾ കേട്ടനടക്കാതെ-
നാനാപരാധങ്ങൾ ചെയ്തപോയ് ഞാൻ
ശാസിതാവായോനേ! സർവ്വം ക്ഷമിച്ചു നിൻ
ദാസിയെ തൃക്കാൽക്കൽ നീ ചേർത്തണമെ"

എന്നു് മഗ്ദലനയെപ്പോലെ ആത്മാർത്ഥമായി ആലപിച്ചുകൊണ്ടു് ക്രൂശിതനായ കർത്താവിൻെറ തൃപ്പാദങ്ങളിലേക്കു നമുക്കണയണം. അവരും ഇവരും ചെയ്യട്ടെയെന്നോ, ചെയ്യുന്നില്ലെന്നോ, അഥവാ കാലക്രമംകൊണ്ടാകട്ടെ എന്നോ, വൈദികന്മാരും കന്യാസ്ത്രീകളും ചെയ്തുകൊള്ളുമെന്നോ നമുക്കു വിചാരിക്കുവാൻ പാടില്ല. സുവിശേഷത്തിലെ ബുദ്ധിമതികളായ കന്യകകളെപ്പോലെ നമുക്കു കരുതിയിരിക്കാം. നാളെമുതൽ ഫാത്തിമാസന്ദേശത്തിൻെറ വെളിച്ചത്തിൽ നമുക്കനുഷ്ഠിക്കേണ്ട സുകൃതപരിപാടികളെപ്പററി ഇപ്പോൾത്തന്നെ നമുക്കാലോചിക്കാം. നിങ്ങളുടെ ഓരോരുത്തരുടേയും അഭിപ്രായങ്ങൾ കാര്യമായി ഞാൻ ക്ഷണിച്ചുകൊള്ളുന്നു."

"ആദ്യം അമ്മച്ചിതന്നെ പറയട്ടെ അപ്പച്ചാ!" എന്നു് സീമന്തപുത്രി റോസമ്മ വിളിച്ചുപറഞ്ഞു.

"എന്താ നിന്നെപ്പോലെ ഞാൻ കോളേജുകാരിയല്ലെങ്കിലും ഈ ഗൃഹസദസ്സിൽ, എൻെറ പ്രാണനാഥൻ അ-



ജപമാലരാജ്ഞി

ദ്ധ്യക്ഷനായിരിക്കുകയും, എൻെറ ഓമനക്കുഞ്ഞുങ്ങൾ മററതിമഹാന്മാരായ സദസ്യരായിരിക്കുകയും ചെയ്യുമ്പോൾ ഒന്നാമതായി അഭിപ്രായം പറയാൻ എന്നെക്കാൾ അവകാശം ഇവിടെ ആർക്കാണുള്ളതു്?" എന്നു് മറിയാമ്മ അഭിമാനപൂർവ്വം പ്രസ്താവിച്ചു.

ആനന്ദഭരിതനായ കുടുംബനാഥൻ ഉദ്ഘോഷിച്ചു. "ഹിയർ, ഹിയർ, നിങ്ങളുടെ പ്രിയപ്പെട്ട അമ്മച്ചി ഒരു ഒന്നാംതരം വാഗ്മിതന്നെയല്ലേ? അഭിപ്രായപ്രകടനത്തിൻെറ പീഠികയ്ക്കുതന്നെ ഞങ്ങൾ എല്ലാവരും അഭിനന്ദനങ്ങൾ നല്കുന്നു." മറിയാമ്മ പ്രതിവചിച്ചു:— "വേണ്ട, വേണ്ട. ഞാൻ ഒരല്പം തമാശുപറഞ്ഞുപോയതിനു് കളിയാക്കാൻ തുടങ്ങുകയാണ്. തല്ക്കാലം സുല്ല്. എന്തുകൊണ്ടെന്നാൽ ഗൗരവതരമായ ഒരു കാര്യത്തെപ്പററി പര്യാലോചിക്കുവാൻ ആരംഭിക്കുമ്പോൾ അതിനു് അനുഗുണമായ ആചാരമര്യാദകളാണെല്ലോ സമുചിതമായിട്ടുള്ളതു്. അതിനാൽ ഹിയറും, ബിയറും ഒന്നും വേണ്ട. ഫാത്തിമാമാതാവിൻെറ അനുഗ്രഹം പ്രാർത്ഥിച്ചുകൊണ്ടു് നമുക്കു കാര്യത്തിലേക്കു പ്രവേശിക്കാം. ഇന്നുമുതൽ എല്ലാ ശനിയാഴ്ചകളിലും കണിശമായി പള്ളിയിൽ പോകുക. ദിവ്യകാരുണ്യം സ്വീകരിക്കുക. നൊയമ്പു നോക്കുക. ശനിയാഴ്ചതോറും, ഏററവും അർഹരായി തോന്നുന്നവർക്കു് ഓരോ വസ്ത്രം കൊടുക്കുക. മാതാവിൻെറ വിമലഹൃദയത്തിൻെറ ഒരു സ്വരൂപം വാങ്ങി പ്രത്യേകം അലങ്കരിച്ചു സ്ഥാപിക്കുക. ശനിയാഴ്ചതോറും വിമലഹൃദയത്തിനുള്ള പ്രതിഷ്ഠാജപം ചൊല്ലുക. മാസാദ്യശനിയാഴ്ചതോറും ഒരുനേരം അനുഷ്ഠിക്കുക."

അദ്ധ്യക്ഷൻ ആജ്ഞാപിച്ചു, "ഇനി വക്കച്ചൻെറ മുറയാണ്." സീനിയർ ബി. എ. വിദ്യാർത്ഥിയും സീമന്തപുത്രനുമായ വക്കച്ചൻ ഇങ്ങനെ പറഞ്ഞു:— "വരുന്ന ഞായറാഴ്ചത്തെ ഡ്രാമയ്ക്കു നമ്മൾ എടുത്തിരിക്കുന്ന റിസർവ്വ്ഡു ടിക്കററ് ഉപയോഗിക്കാതിരിക്കുക. സാധാരണയുള്ള സിനിമാസന്ദർശനം പരിവർജ്ജിക്കുക. നാലുമണിക്കുള്ള സവാരിയുടെ പ്രധാനലക്ഷ്യം പരിശുദ്ധ കുർബാനയുടെ സന്ദർശനമാക്കുക. ലളിതമായ ഒരു ജീവിതപരിപാടി സ്വീകരിച്ചു് അതിൽനിന്നും ലാഭിക്കുന്നപണം കൂടി വിശേഷാൽ വിൻസെൻറു ഡി പോൾ സൊസൈററിയിലേക്കു സംഭാവനചെയ്യുക."

ഗൃഹനായകൻ വക്കച്ചനോട് ഒരു വിശദീകരണം ആവശ്യപ്പെട്ടു:— "ലളിതജീവിതമെന്നു് നീ വിവക്ഷിക്കുന്നതിനു് ഒന്നുരണ്ടു ഉദാഹരണങ്ങൾകൂടി ഉദ്ധരിക്കുക."

വക്കച്ചൻ:— "നാം, മേൽത്തരം പട്ടുകൾകൊണ്ടു കുട്ടികൾക്കും, പി. ജി. സിൽക്കിൽ നമുക്കും ഉടുപ്പുകൾ തയ്പിക്കുന്നതും, വലിയ വില കൊടുത്തു കാഴ്ചവസ്തുക്കൾ വാങ്ങുന്നതും മാററി അതിലെല്ലാം മിതത്വവും ശുചിത്വവും മാത്രം മുഖ്യമായി ദീക്ഷിക്കുക. ഭക്ഷണക്രമത്തിൽ പോഷണത്തിനും ആസ്വാദ്യതയ്ക്കും വളരെയധികം സ്ഥാനം നല്കുന്ന വിഭവങ്ങളും സാരമായി കുറയ്ക്കുക. അതുകൊണ്ടെന്തു തരക്കേടാണു് വരാൻപോകുന്നതു്? ദിവസവും മാംസവും റൊട്ടിയും വെണ്ണയും ഒക്കെയാണോ എല്ലാവരും അശിക്കുന്നതു്?"

തൊമ്മച്ചൻ പറഞ്ഞു:— "വക്കച്ചാ! യുവാവായ നിൻെറ അഭിപ്രായം ഞാൻ സസന്തോഷം സ്വീകരിക്കുന്നു. ഇനി നമ്മുടെ കോളേജുകാരി എന്തു പറയുന്നു?"

റോസമ്മ:— "ഞാൻ ഫാത്തിമാസന്ദേശത്തെ സമാദരിച്ചു് മേലാൽ പട്ടുവസ്ത്രങ്ങളോ, കളർവസ്ത്രങ്ങളോ ഉപയോഗിക്കുകയില്ല. കാതൽ ഒഴികെയുള്ള ആഭരണങ്ങളും എനിക്കു വേണ്ട. എന്തിനീ ശരീരത്തെ അത്ര മോടിപിടിപ്പിക്കുന്നു?"

"അത്രയ്ക്കൊന്നും വേണ്ട പെണ്ണേ! എല്ലാററിനും ഒരതിരു വേണം" അമ്മ താക്കീതു ചെയ്തു. "പാടില്ല ഇടയ്ക്കു കയറി അനുവാദംകൂടാതെ സംസാരിക്കരുതു്" അദ്ധ്യക്ഷൻ നിയമവശം ഉന്നയിച്ചു.

സ്കൂൾഫൈനൽവിദ്യാർത്ഥി നെബോസ്സർ ആണു് അടുത്തതായി അഭിപ്രായപ്രകടനം ചെയ്തതു്:— "ഭക്ഷണം കഴിഞ്ഞുള്ള നമ്മുടെ ചീട്ടുകളി തുടരുന്നതു ശരിയല്ല. ലോകം ഭയങ്കരമായ ഒരു ഭാവിയെ നേരിടാനിരിക്കുമ്പോൾ കഴിയുന്നതും നാം ത്യാഗം പരിശീലിക്കണം. ചീട്ടുകളിക്കു നാം വ്യയംചെയ്യുന്ന സമയംകൂടി വിശുദ്ധന്മാരുടെ ജീവചരിത്രം പാരായണം ചെയ്യുവാനും ഭക്തിപരമായ കീർത്തനങ്ങൾ ആലപിക്കുവാനും എടുത്തുകൂടേ?"


ഫോർത്തുഫാറത്തിൽ പഠിക്കുന്ന കൊച്ചുമിടുക്കനായ ഫിലിപ്പ് ഇങ്ങനെ തട്ടിവിട്ടു:— "ഒരു നല്ല അഭിപ്രായം ഞാൻ അവതരിപ്പിക്കട്ടെ അപ്പച്ചാ! നമ്മുടെ ചാവടിയിലുള്ള പലതരം ചിത്രങ്ങൾ അവിടെനിന്നും മാററി അവിടെ കുരിശിൻെറ വഴി കഴിക്കാനുള്ള പടങ്ങൾ മാത്രം വയ്ക്കണം. പിറത്തിൽ ഒരു വലിയ കുരിശുരൂപവും. വെള്ളിയാഴ്ചതോറും നമുക്കു് ആഘോഷമായ സ്ലീവാപാത നടത്തണം. നമ്മളെ ആരെങ്കിലും കളിയാക്കിക്കൊള്ളട്ടെ."

അന്നക്കുട്ടി അഞ്ചാം ക്ലാസിൽ പഠിക്കുന്നയുള്ള അവളുടെ അഭിപ്രായം ഈദൃശമായിരുന്നു: "എല്ലാവരുടേതും തീർന്നല്ലോ. നിങ്ങളൊക്കെ മറന്ന ഒരു കാര്യം ഞാൻ ഓർമ്മിപ്പിക്കാം. കുരിശുപണിയിക്കുന്ന കാര്യം ഇന്നാളും അച്ചൻ ഓർമ്മിപ്പിച്ചല്ലോ. ചാത്തവും കുടുംബപ്രതിഷ്ഠയും കഴിക്കുന്നതിനു മുമ്പ് അപ്പച്ചാ! നമുക്കു കുരിശു പണിയിക്കണം."

തൊമ്മച്ചൻ എല്ലാവരുടേയും അഭിപ്രായങ്ങൾ കഴിഞ്ഞപ്പോൾ ഇങ്ങനെ പറഞ്ഞു:— "നിങ്ങൾ പറഞ്ഞ അഭിപ്രായങ്ങളെല്ലാം ആദരണീയങ്ങൾതന്നെ. എല്ലാവരുടേയും ഉദ്ദേശശുദ്ധിയെ ഞാൻ വളരെ അഭിനന്ദിക്കുന്നു. എല്ലാ നിർദ്ദേശങ്ങളേയും വക്കച്ചൻ ക്രമമായി മുറയ്ക്കു് എഴുതിത്തയാറാക്കുക. അന്നമ്മയുടെ അഭിപ്രായപ്രകാരം കുരിശിൻെറ പണി നാളെത്തന്നെ ആരംഭിക്കാം. ഇനി, നമ്മുടെ പ്രത്യേകപരിപാടി എന്നുവരെ എന്നുകൂടി ഒന്നു തല്ക്കാലം നിശ്ചയിക്കുന്നതു് പലതരത്തിലും ഗുണപ്രദമായിരിക്കുമെന്നു തോന്നുന്നു."

"അപ്പച്ചൻെറ ഉദ്ദേശം എനിക്കു മനസ്സിലായി. ഒരു അവധിവച്ചുകൊണ്ടു ആരംഭിച്ചാൽ അതിനു തീക്ഷ്ണതയേറും. സദുദ്ദേശത്തോടുകൂടിയുള്ള അനുഷ്ഠാനങ്ങളാകയാൽ ദൈവാനുഗ്രഹംകൊണ്ടു് അതൊരു ശീലമായി പരിണമിക്കുകയും ചെയ്യും. ഫാത്തിമാമാതാവിൻെറ തിരുസ്വരൂപം നമ്മുടെ അടുത്ത കേന്ദ്രത്തിലെത്തുമ്പോൾ ഇവിടെനിന്നും ഒരു തീർത്ഥകസംഘം പോകണമെന്നു് ബഃ വികാരിയച്ചൻ നിശ്ചയിച്ചിട്ടുണ്ടല്ലോ. ആ തീർത്ഥകസംഘത്തിൽ നമുക്കും സംബന്ധിക്കണം. ആകയാൽ അതുവരെ എന്നു വയ്ക്കുക എന്നെനിക്കു തോന്നുന്നു" എന്നു വക്കച്ചൻ മറുപടിപറഞ്ഞു.

"പോരാ, അപ്പച്ചാ! വിശുദ്ധവത്സരപരിസമാപ്തിവരെ. അതാണു് ഉത്തമം." എന്നു റോസമ്മ ഭേദഗതികൊണ്ടുവന്നു. അദ്ധ്യക്ഷൻ അഭിപ്രായവും ഭേദഗതിയും വോട്ടിനിട്ടതിൽ റോസമ്മയുടെ ഭേദഗതി വിജയിച്ചു.




(കുടുംബിനി)

### ടൊമാറേറാ സോസ്

ആറു ടൊമാററോ കഴുകി നുറുക്കി എടുക്കുക. അതിൽ ഒരു കഷണം ചുവന്നുള്ളി, ഒരു കഷണം വെളുത്തുള്ളി, ആറു കുരുമുളക്, ഒരു ചെറിയകഷണം ഇഞ്ചി, ആറു പച്ചമുളക്, ഒരുപിടി മുന്തിരിങ്ങാപഴം, കുറച്ചു ശക്കര, അല്പം ഉപ്പ് ഇവ അരച്ചുചേർത്തു വേവിക്കുക. നല്ലവണ്ണം വെന്തുകഴിയുമ്പോൾ ഇറക്കിവച്ചു് അതിലെ വെള്ളം അരിച്ചെടുത്തു് കുറച്ചു വിനാഗിരിയും ചേർത്തു് സോസായി ഉപയോഗിക്കാവുന്നതാണ്.

ഇൻറർനൺഷ്യോയുടെ

### പുതിയ കൗൺസലർ

ഇൻഡ്യയിലെ ഇൻറർനൺഷ്യേച്ചുറിലെ ഉപദേഷ്ടാവായി നിയമിതനായിരിക്കുന്ന മോൺ. ലൂയി ഗിറെയിമോൺടി സെപ്തംബർ 25-ാംനു ഡൽഹിയിലെത്തിയിരിക്കുന്നു. ഫിലിപ്പൈൻ ദ്വീപുകളിലെ ദേശാപ്പോസ്തോലിക്കയായി നിയമിതനായ മോൺ. വഗ്നോസിയായിരുന്നു ഇദ്ദേഹത്തിൻെറ പുരോഗാമി.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺ. ജേക്കബ് നടുവത്തുശ്ശേരി

വെരി റവ. മോൺ. ജെ. സി. പഞ്ഞിക്കാരൻ

എം. എ., പി എച്ച്. ഡി., ഡി. ഡി., ഡി. സി. എൽ

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 | ERNAKULAM, OCTOBER 19 1949 | No 10


# തൊഴിലാളിവിമോചനം അടിയന്തിരമെന്നു മാർപ്പാപ്പാ

"നിരീശ്വര ഭൗതികത്വം പ്രസംഗിക്കുന്നവരുടെ കരങ്ങളിൽ തൊഴിലാളിലോകം ചെന്നു വീഴുവാൻ അനുവദിച്ചുകൂടാ. തൊഴിലാളികളെ ദൈവത്തിനും ക്രിസ്തുവിനും വേണ്ടി വിമോചിക്കുവാൻ സമസ്തവും, അങ്ങേ അററംവരെത്തന്നെയും, ചെയ്യേണ്ടതാണു്" എന്നത്രെ നമ്മുടെ പരിശുദ്ധ പിതാവു് 12-ാം പീയൂസ് തിരുമനസ്സുകൊണ്ടു ജർമ്മൻ കത്തോലിക്കാ കോൺഗ്രസിന്റെ 73-മതു വാർഷികസമ്മേളനം ഈയിടെ നടത്തപ്പെട്ടപ്പോൾ പ്രക്ഷേപണംചെയ്ത പ്രസംഗത്തിൽ കല്പിച്ചരുളിയതു്. പ്രസംഗത്തിന്റെ അധികഭാഗവും ഇന്നത്തെ സാമുദായികപ്രശ്നങ്ങളേയും, അവയ്ക്കു ശരിയായ പരിഹാരമുണ്ടാക്കുവാൻ സത്യത്തേയും നീതിയേയും സ്നേഹത്തേയും ആധാരമാക്കി തിരുസ്സഭ നല്കുന്ന തത്വോപദേശങ്ങളേയും ശക്തിയുക്തം ഉദ്ബോധിപ്പിക്കുന്നതായിരുന്നു. "നമ്മുടെ മുൻഗാമിയായ 13-ാം ലെയോ ഏകദേശം 60 വർഷങ്ങൾക്കു മുമ്പു റേരും നൊവാരും എന്ന വിശ്വലേഖനം പ്രസിദ്ധീകരിച്ചുവല്ലൊ. അതുമുതൽക്കു സാമുദായികപ്രശ്നത്തെക്കാൾ തിരുസ്സഭയിലെ പരമാദ്ധ്യക്ഷന്മാരുടെ ഉൽക്കണ്ഠയെ ആകർഷിച്ചിട്ടുള്ള പ്രശ്നങ്ങൾ ചുരുക്കമാകുന്നു." എന്നാണു് തിരുമേനി പ്രസ്തുത പ്രസംഗത്തിൽ പറഞ്ഞിരിക്കുന്നതു്. "സാമുദായികപ്രശ്നങ്ങൾ സമുദായത്തിൽ താത്പര്യങ്ങളുള്ള സകലരിൽനിന്നും ത്യാഗങ്ങൾ ആവശ്യപ്പെടുന്നുണ്ടു്. ഈ ത്യാഗങ്ങൾ അനുഷ്ഠിക്കപ്പെടുകതന്നെ വേണം. നീട്ടിവയ്ക്കുവാൻ പാടില്ലാത്തവിധം മുൻകാലങ്ങൾ എല്ലാററിനേയുംകാൾ ഇന്നു് അവ അടിയന്തിരമായിത്തീർന്നിരിക്കുന്നു." എന്നാണു് തിരുമേനി ഉദ്ബോധിപ്പിക്കുന്നതും.

## അടിയന്തിരപ്രശ്നമെന്നു് 13-ാം ലെയോ

പ. പിതാവു പറഞ്ഞിരിക്കുന്നതുപോലെ ഏകദേശം 60 കൊല്ലങ്ങൾക്കു മുമ്പുതന്നെ 13-ാം ലെയോ മാർപ്പാപ്പാ റേരും നൊവാരും എന്ന വിശ്വലേഖനത്തിൽ സാമുദായികപ്രശ്നത്തിന്റെ അടിയന്തിരമായ സ്വഭാവത്തെ ചൂണ്ടിക്കാണിച്ചിരുന്നതിങ്ങനെയാണു്: "ഒരു സംഘട്ടനത്തിന്റെ ഘടകങ്ങൾ സ്പഷ്ടമായി പ്രത്യക്ഷപ്പെട്ടിരിക്കുന്നു: വ്യവസായസംരംഭങ്ങളുടെ വിപുലമായ വികാസം; സയൻസിന്റെ വിസ്മയകരങ്ങളായ കണ്ടുപിടുത്തങ്ങൾ; മുതലാളികളുടേയും തൊഴിലാളികളുടേയും പരസ്പരബന്ധങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന പരിവർത്തനങ്ങൾ; വ്യക്തികളുടെ വമ്പിച്ച സ്വത്തുക്കളും, സാമാന്യജനങ്ങളുടെ ദാരിദ്ര്യവും; തൊഴിലാളിവർഗ്ഗങ്ങളുടെ വർദ്ധമാനമായ സ്വാശ്രയവിശ്വാസവും, പൂർവ്വാധികം ഗാഢമായ അവരുടെ പരസ്പരസംഘടനയും; കടശിയായി, സർവ്വസാധാരണമായിത്തീർന്നിരിക്കുന്ന സന്മാർഗ്ഗികാധഃപതനം—ഇവയാണു് പ്രസ്തുതഘടകങ്ങൾ" മനുഷ്യസമുദായത്തിൽ ആകമാനം ഉയർന്നുവന്നിരുന്ന മഹാസംഘട്ടനത്തെ 13-ാം ലെയോ തിരുമനസ്സുകൊണ്ടു് എത്ര സുബദ്ധമായും സൂക്ഷ്മമായും കണ്ടറിഞ്ഞുവെന്നും വിശകലനംചെയ്തുവെന്നും നോക്കുക! തിരുമേനിയുടെ ഈ മുന്നറിയിപ്പിനു ശേഷം ഉണ്ടായ 60 വർഷങ്ങൾക്കുള്ളിൽ അവിടുന്നു ചൂണ്ടിക്കാണിച്ച സംഘട്ടനത്തിന്റെ ഘടകങ്ങൾ അടിക്കടി വളർച്ച പ്രാപിച്ചു. വ്യവസായസംരംഭങ്ങൾ ലോകമാസകലം എണ്ണത്തിലും വണ്ണത്തിലും വർദ്ധിച്ചു. സയൻസിന്റെ വിസ്മയകരങ്ങളായ കണ്ടുപിടുത്തങ്ങൾ സംഹാരകരങ്ങളായ അണുബോംബുകൾവരെ എത്തി. മുതലാളികളും തൊഴിലാളികളും ശത്രുസൈന്യങ്ങളെപ്പോലെ രണ്ടു ചേരികളായി തിരിഞ്ഞുനിന്നു സാർവ്വലൗകികമായ തോതിൽ സമരംനടത്തി. വ്യവസായികൾ നാനാതരത്തിലുള്ള കൂട്ടുകമ്പനികളായി ചേർന്നു് സകലതും കുത്തകകളായിവച്ചു് വമ്പിച്ച ആദായങ്ങളെടുത്തു ഭൂമിയിലെ ധനത്തിലധികഭാഗവും കയ്യടക്കി; നേരെമറിച്ചു് അവരുടെ ഹിതാഹിതങ്ങൾക്കു വിധേയരായി കഴിയേണ്ടിവന്ന സാമാന്യജനങ്ങൾ കൊടിയ ദാരിദ്ര്യത്തിൽ അകപ്പെട്ടു് വലഞ്ഞു. തൊഴിലാളിവർഗ്ഗങ്ങൾക്കു സ്വാശ്രയബോധം ക്രമേണ ഉണ്ടാവുകയും അതിന്റെ പ്രേരണയാൽ മുൻകാലങ്ങളെയെല്ലാം അപേക്ഷിച്ചു ഗാഢമായും വിപുലമായും അവർ പരസ്പരം സംഘടിക്കുകയും ചെയ്തു. ആ സംഘടനയുടെ ശക്തി മുതലാളികൾക്കുമാത്രമല്ല സമുദായങ്ങൾക്കു പൊതുവിൽ ഭീഷണിക്കു നിദാനമായിത്തീർന്നു. സർവ്വോപരി മുതലാളികളുടേയും തൊഴിലാളികളുടേയുമെന്നല്ല, പൊതുവിൽ പൗരസഞ്ചയത്തിന്റെതന്നെ ദൈവവിശ്വാസവും പരലോകചിന്തയും അവയെ ആധാരമാക്കിയുള്ള സന്മാർഗ്ഗബോധവും ഏററവും ശോചനീയമായവിധത്തിൽ അധഃപതിക്കുകയും ചെയ്തു. ഒന്നാം ലോകമഹായുദ്ധവും, അതിന്റെ അവസാനഘട്ടത്തിൽ റഷ്യയിൽ നടന്ന കമ്മ്യൂണിസ്റ്റു് വിപ്ലവവും, അതിനെത്തുടർന്നുണ്ടായ കമ്മ്യൂണിസ്റ്റു് പ്രചരണവും, ലോകമാസകലം പടർന്നുപിടിച്ച ഏററവും ഭയങ്കരമായ രണ്ടാംലോകമഹായുദ്ധവും തെളിയിച്ചിരിക്കുന്നതു ലെയോ മാർപ്പാപ്പാ പ്രവചിച്ച സംഘട്ടനം ഉണ്ടാവുകതന്നെ ചെയ്തുവെന്നു്. ഈ സംഘട്ടനത്തെ ഒഴിച്ചുവയ്ക്കുവാനുള്ള ഫലപ്രദമായ പ്രതിവിധികളാണു് അവിടുന്നു് തന്റെ വിശ്വലേഖനത്തിൽ ലോകത്തിനു നിർദ്ദേശിച്ചതു്. ആ പ്രതിവിധികൾ കഴിയുംവേഗം നടപ്പിലാക്കണമെന്നു് അവിടുന്നുദ്ബോധിപ്പിച്ചു. "തൊഴിലാളിവർഗ്ഗത്തിൽപ്പെട്ട ഭൂരിപക്ഷംപേരെയും അത്ര അനീതിയായി ഇക്കാലത്തു ഞെരുക്കിക്കൊണ്ടിരിക്കുന്ന ദുരിതത്തിനും കഷ്ടപ്പാടിനും ഒരു പരിഹാരം കണ്ടുപിടിച്ചേ കഴിയൂ" എന്നാണു് തിരുമേനി ഉദ്ബോധിപ്പിച്ചതു്. പരിഹാരമാർഗ്ഗങ്ങൾ ഏററവും സമർത്ഥമായി നിർദ്ദേശിച്ചശേഷം തിരുമനസ്സുകൊണ്ടു് അതു നടപ്പിലാക്കുവാൻ സകലരേയും ആഹ്വാനംചെയ്തു. "ഓരോരുത്തനും തന്റെ ഓഹരിപ്രകാരമുള്ള ജോലി നിർവ്വഹിച്ചുകൊള്ളണം. ഇപ്പോൾത്തന്നെ ബൃഹത്തായിത്തീർന്നിരിക്കുന്ന ഈ തിന്മ താമസംകൊണ്ടു പരിഹാരം തീരെ കിട്ടാത്ത ഒരു നിലയിൽ എത്താതിരിക്കുവാൻവേണ്ടി ആ ജോലി ഉടനടിതന്നെ നിർവ്വഹിച്ചുകൊള്ളണം" എന്നായിരുന്നു തിരുമനസ്സിലെ വാക്കുകൾ. കത്തോലിക്കാ വൈദികരെ തിരുമേനി ആഹ്വാനംചെയ്തതിങ്ങനെയാണു്: "പരിശുദ്ധ മതത്തിന്റെ ആചാര്യന്മാരെല്ലാവരും തങ്ങളുടെ മനസ്സിന്റെ പൂർണ്ണചൈതന്യത്തേയും സഹനത്തിന്റെ സമസ്തശക്തിയേയും പ്രകൃതവിഷയത്തിൽ വിനിയോഗിക്കണം."

## അടിയന്തിരപ്രശ്നമെന്നു 11-ാം പീയൂസ്

ലെയോ മാർപ്പാപ്പായുടെ ഈ വിശ്വലേഖനത്തിന്റെ 40-ാം വാർഷികത്തിൽ അതിലെ മുന്നറിയിപ്പുകൾ ആവർത്തിച്ചുകൊണ്ടും അതിലെ നിർദ്ദേശങ്ങൾ കാലോചിതം പൂർത്തീകരിച്ചുകൊണ്ടുമാണല്ലോ 11-ാം പീയൂസ് മാർപ്പാപ്പാ ക്വാദ്രജെസീമോ ആന്നോ എന്ന വിശ്വലേഖനം പ്രസിദ്ധീകരിച്ചതു്. ആ 40 വർഷങ്ങൾക്കുള്ളിൽ ലോകത്തെ ബാധിച്ച സാമുദായികനാശങ്ങളെ വിവരിച്ചശേഷം തിരുമേനി വിലപിച്ചതിങ്ങനെയാണു്: "സന്മാർഗ്ഗനിയമത്തെപ്പററി അചഞ്ചലമായ നിഷ്കർഷ ഉണ്ടായിരിക്കുകയും, സിവിൽ അധികാരികൾ ധൈര്യസമേതം അതു നടപ്പിൽ വരുത്തുകയും ചെയ്തിരുന്നെങ്കിൽ ഈ മഹത്തായ നാശങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാനോ അല്ലെങ്കിൽ ഒഴിച്ചുവയ്ക്കുവാനോ സാധിക്കുമായിരുന്നു. എന്നാൽ പലപ്പോഴും അപ്രകാരം ചെയ്യപ്പെട്ടിരുന്നില്ലെന്നു വ്യസനസമേതം പറയേണ്ടിയിരിക്കുന്നു." ലെയോ മാർപ്പാപ്പാ നിർദ്ദേശിച്ച പരിഹാരമാർഗ്ഗങ്ങൾ പ്രയോഗത്തിൽ വരുത്തുവാൻ അമാന്തിച്ചതിൽനിന്നുണ്ടായ ആത്മീകമായ നാശത്തെ വിവരിച്ചശേഷം, കമ്മ്യൂണിസത്തിന്റേയും സോഷ്യലിസത്തിന്റേയും വലയിൽ അകപ്പെട്ട തൊഴിലാളിലോകത്തിനുണ്ടായ ആത്മീകമായ നാശത്തെപ്പററി വിലപിച്ചശേഷം തിരുമനസ്സുകൊണ്ടു പറയുന്നു: "സകല മനുഷ്യരും രക്ഷപ്രാപിക്കണമെന്നു തിരുവുള്ളമുണ്ടായിരിക്കുന്ന ദൈവത്തിന്റെ സഹായത്തിൽമാത്രം ശരണംവച്ചുകൊണ്ടു്, ദൈവത്തിൽനിന്നു വിട്ടുപോയിരിക്കുന്ന ആ നിർഭാഗ്യരായ ആത്മാക്കളെ സഹായിക്കുവാൻ നമ്മുടെ സകലശക്തികളും നമുക്കു വിനിയോഗിക്കാം. അവർ അത്യധികം വ്യാപൃതരായിരിക്കുന്ന ലൗകികങ്ങളായ ബുദ്ധിമുട്ടുകളിൽനിന്നു നമുക്കവരെ പിൻവലിക്കാം. സനാതനങ്ങളായ കാര്യങ്ങളെ ശരണത്തോടുകൂടി കാംക്ഷിക്കുവാൻ നമുക്കവരെ പഠിപ്പിക്കാം. ആവർത്തിച്ചുള്ള നിഷ്കർഷയോടുകൂടി കർത്താവിലുള്ള സകലരേയും നാം ഉദ്ബോധിപ്പിക്കുന്നതെന്തെന്നാൽ, യാതൊരു പ്രയത്നവും നിങ്ങൾ അവശേഷിപ്പിക്കരുതു്, യാതൊരു വിഷമതയാലും നിങ്ങൾ മടുത്തുപോകരുതു്; പിന്നെയോ ദിവസംതോറും കൂടുതൽ ധൈര്യമുള്ളവരും ഊർജ്ജസ്വലരും ആയിരിക്കുവിൻ. ഗുരുതരങ്ങളായ ഈ നിർഭാഗ്യങ്ങളെ മനുഷ്യസമുദായത്തിൽനിന്നു് ഒഴിച്ചുവയ്ക്കുവാൻ ഉതകുന്നയാതൊരു മാർഗ്ഗവും സ്വീകരിക്കാതിരിക്കരുതു്. ഈ ഏകലക്ഷ്യത്തിലേക്കുവേണം നമ്മുടെ സകല ശ്രമങ്ങളും പ്രയത്നങ്ങളും തിരിച്ചുവിടുവാൻ." ആധുനികകാലത്തിലെ സാഹചര്യങ്ങൾക്കനുഗുണമായി ഈ വിഷയത്തിൽ സ്വീകരിക്കേണ്ട പ്രവർത്തനമാർഗ്ഗമെന്തെന്നും തിരുമനസ്സുകൊണ്ടു ചൂണ്ടിക്കാണിക്കുന്നു. "ക്രിസ്തുവിനെ വിട്ടുപേക്ഷിച്ചിട്ടുള്ള മനുഷ്യവർഗ്ഗങ്ങളെ മുഴുവനും അവിടുത്തെ പക്കലേക്കു തിരിച്ചുകൊണ്ടുവരുവാൻ വേണ്ടി, അവരുടെ ഗണത്തിൽനിന്നുതന്നെ ആളുകളെ തിരഞ്ഞെടുത്തു പരിശീലനം നല്കി തിരുസ്സഭയുടെ സഹായികളായ പടയാളികളെ നാം ഉണ്ടാക്കണം. അവർ ആ വർഗ്ഗക്കാരുടെ മനോഭാവങ്ങളും ആകാംക്ഷകളും അറിയുന്നവരായിരിക്കണം; അവർ ദയവോടും സാഹോദര്യത്തോടുംകൂടിയ സ്നേഹത്താൽ ആ വർഗ്ഗക്കാരുടെ ഹൃദയങ്ങളെ നേടുവാൻ കഴിവുള്ളവരായിരിക്കണം. ഒരു കാര്യം തീർച്ചയാണല്ലോ. തൊഴിലാളികളുടെ ഇടയിൽ ആദ്യമായും അടുത്തുനിന്നും പ്രേഷിതവേല ചെയ്യേണ്ടവർ തൊഴിലാളികൾതന്നെയായിരിക്കണം. അപ്രകാരംതന്നെ വ്യവസായലോകത്തിലേയും വ്യാപാരലോകത്തിലേയും പ്രേഷിതന്മാർ വ്യവസായികളും വ്യാപാരികളുമായിരിക്കണം. വന്ദ്യസഹോദരന്മാരേ, നിങ്ങളുടേയും നിങ്ങളുടെ കീഴിലുള്ള വൈദികരുടേയും പ്രഥമകർത്തവ്യം, തൊഴിലാളികളിൽനിന്നും മുതലാളികളിൽനിന്നും ഈ അത്മായ പ്രേഷിതരെ കണ്ടുപിടിക്കുവാൻ ശ്രദ്ധാപൂർവ്വം അന്വേഷിക്കുകയും അവരെ വിവേകപൂർവ്വം തിരഞ്ഞെടുക്കുകയും അവർക്കു സമുചിതമായ പരിശീലനം നല്കുകയുമാണു്." വളരെ വിഷമകരമായ ഈ കർത്തവ്യം നിർവ്വഹിക്കുവാൻ നമ്മെ കൂടുതൽ പ്രേരിപ്പിക്കുന്നതിനുവേണ്ടി പ. പിതാവു നമ്മുടെ കർത്താവിന്റെ തിരുമൊഴികളുദ്ധരിച്ചുകൊണ്ടു് ഇപ്രകാരം പ്രസ്താവിക്കുന്നു: "വന്ദ്യസഹോദരന്മാരേ, വാത്സല്യമക്കളേ, ദൈവകാരുണ്യത്താൽ പ്രകാശത്തിന്റെ മക്കളായിരിക്കുന്ന നമ്മളെക്കാൾ ലോകത്തിന്റെ മക്കൾ അവരുടെ കാര്യങ്ങളിൽ ബുദ്ധിശാലികളായി കാണപ്പെടുവാൻ നാം അനുവദിക്കരുതു്. ഈ മനുഷ്യർ കൗശലബുദ്ധിയോടുകൂടി ശിഷ്യന്മാരെ തിരഞ്ഞെടുത്തു് പരിശീലനം നല്കി അവരെ ദൃഢചിത്തരാക്കിത്തീർക്കുന്നതു നാം കാണുന്നുണ്ടല്ലോ. ഈ ശിഷ്യന്മാർ അവരുടെ അബദ്ധസിദ്ധാന്തങ്ങളെ സകല ജീവിതാവസ്ഥകളിലും സകല രാജ്യങ്ങളിലുമുള്ള മനുഷ്യരുടെ ഇടയിൽ ദിനംപ്രതി കൂടുതൽ വിസ്തൃതമായി പ്രചരിപ്പിക്കുകയും ചെയ്യുന്നു." കമ്മ്യൂണിസ്റ്റുകാരും സോഷ്യലിസ്റ്റുകാരും തൊഴിലാളികളുടെ ഇടയിൽ പ്രചരണംവേല ചെയ്യുന്നതിനും അവരെ ട്രെയിഡ്യൂണിയനുകളായി സംഘടിപ്പിച്ചു സ്വാധീനത്തിൽ വയ്ക്കുന്നതിനും തക്ക സന്ദർഭം വരുമ്പോൾ ആ തൊഴിലാളിലക്ഷങ്ങളെ ആയുധങ്ങളായി ഉപയോഗിച്ചു ഭരണാധികാരം പിടിച്ചെടുക്കുവാനും വേണ്ടി ആയിരക്കണക്കിനു ശിഷ്യന്മാരെ തിരഞ്ഞെടുക്കുകയും വേണ്ട പരിശീലനം നല്കിയശേഷം മുഴുവൻ സമയം വേല ചെയ്യുന്നവരും മുഴുവൻ ശമ്പളം പററുന്നവരുമായ പ്രചാരകന്മാരും പ്രവർത്തകന്മാരുമായി അവരെ നിയമിക്കുകയും ചെയ്യുന്നുണ്ടെന്നു നമുക്കറിവുള്ളതാണല്ലോ. ഈയിടെ ബംഗാളിൽ കൂടിയ ഇൻഡ്യൻ സോഷ്യലിസ്റ്റു് പാർട്ടിയുടെ പൊതുയോഗത്തിൽ ചെയ്ത തീരുമാനത്തിലൊന്നു് ഇപ്രകാരം മുഴുവൻ സമയം വേല ചെയ്യുകയും മുഴുവൻ ശമ്പളം പററുകയും ചെയ്യുന്നവരായ പ്രചാരകന്മാരേയും പ്രവർത്തകന്മാരേയും നിയമിക്കണമെന്നാണു്.

## നമുക്കും അടിയന്തിരപ്രശ്നം ഇതല്ലയോ?

13-ാം ലെയോയുടേയും, 11-ാം പീയൂസിന്റേയും വിശ്വലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തിയ കാലങ്ങളിൽ തൊഴിലാളിപ്രശ്നം അടിയന്തിരപ്രശ്നമായിരുന്നതു് യൂറോപ്പിലും മററുമായിരുന്നുവെന്നു് സമാധാനിച്ചു് ഒരുപക്ഷെ നമുക്കു് അലസരായിരിക്കാമായിരുന്നു. എന്നാൽ ഇന്നത്തെ സ്ഥിതി അതാണോ? യൂറോപ്പിലേയും മററുംകാൾ ഒട്ടും കുറവല്ലാത്തവിധത്തിൽ തൊഴിലാളിപ്രശ്നം ഇന്നു നമുക്കും അടിയന്തിരപ്രശ്നമായിരിക്കുകയാണെന്നു് ആരാണു് സമ്മതിക്കാതിരിക്കുക? ആകയാൽ ആ പരിശുദ്ധ പിതാക്കന്മാരുടെ നിർദ്ദേശങ്ങളും ഉദ്ബോധനങ്ങളും ഇന്നാട്ടിലെ തൊഴിലാളിപ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി നാം കഴിയുംവേഗം പ്രവൃത്തിയിൽ വരുത്തേണ്ടതല്ലയോ? നമ്മുടെ സകല കഴിവുകളും സകല ധനവും തൊഴിലാളിപ്രശ്നത്തിന്റെ പരിഹാരത്തിനുവേണ്ടി, ക്രിസ്തുവിൽനിന്നു വിട്ടുപൊയ്ക്കൊണ്ടിരിക്കുന്നവരും വിട്ടുപോകാൻ എളുപ്പമുള്ളവരുമായ തൊഴിലാളിലക്ഷങ്ങളെ വിമോചിച്ചു അവിടുത്തേക്കു നേടിക്കൊടുക്കുവാൻവേണ്ടി ഇന്നു നാം വിനിയോഗിക്കേണ്ടതു നമ്മുടെ ഏററവും അടിയന്തിരമായ കർത്തവ്യമല്ലയോ? ഇപ്പോഴത്തെ പ. പിതാവു ജർമ്മൻ കത്തോലിക്കരോടു പറഞ്ഞതും ഈ ലേഖനത്തിന്റെ ആരംഭത്തിൽ ഞങ്ങൾ ഉദ്ധരിച്ചതുമായ വാക്കുകൾ അക്ഷരംപ്രതി കേരളീയ കത്തോലിക്കർക്കു് ബാധകമല്ലയോ? തൊഴിലാളികളെ ദൈവത്തിനും ക്രിസ്തുവിനും വേണ്ടി, കമ്മ്യൂണിസത്തിന്റേയും സോഷ്യലിസത്തിന്റേയും കരങ്ങളിൽനിന്നു വിമോചിക്കുവാൻവേണ്ടി സമസ്തവും, അങ്ങേ അററംവരെ തന്നെയും ചെയ്യേണ്ടതാണെന്നു പ. പിതാവു കേരളീയ കത്തോലിക്കരായ നമ്മോടും കല്പിച്ചിരിക്കുകയാണെന്നു് യഥാർത്ഥത്തിൽ നമുക്കു പറയരുതോ? (everything must be done, even to the extreme, to rescue the workers for God and Chris.) അടിയന്തിരമെന്നു പരിശുദ്ധ

പിതാവു കല്പിച്ചരുളുന്ന കാര്യം അടിയന്തിരമായിത്തന്നെ നിർവ്വഹിക്കേണ്ടതു് നമ്മുടെ അടിയന്തിരമായ കത്തവ്യമല്ലയോ?

## അടുത്ത ആഴ്ചയിൽ

ഒക്ടോബർ

23 ഞാ: പന്തക്കുസ്താ 20-ാം ഞായർ വേദപ്രചാരഞായറാഴ്ച
24 തി: റപ്പായേൽ മാലാഖാ
25 ചൊ: ക്രിസാന്തോസും ദാരിയായും
26 ബു: എവരിസ്തോസ്
27 വ്യാ: ഫ്ളോറന്തിയൂസ്
28 വെ: ശെമയോനും യൂദായും
29 ശ: ദ്യൊനേസിസ്

## കൊ-തി. വാത്തകൾ

ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി മാതൃരാജ്യത്തോടു സ്നേഹമില്ലാതെ റഷ്യയുടെ ഏജൻറുമാരായി കഴിഞ്ഞുകൂടുകയാണെന്നും കഴിഞ്ഞ മഹായുദ്ധകാലത്തു് കമ്മ്യൂണിസ്റ്റ്കാർ ഗവമ്മെൻറുപക്ഷം ചേർന്നു രാജ്യതാല്പര്യങ്ങളെ ദ്രോഹം ചെയ്യുകയും തൊഴിലാളികളുടെ ഇടയിൽ സ്വാധീനം കരസ്ഥമാക്കി തൊഴിലാളിതാല്പര്യങ്ങളെ ഒററിക്കൊടുക്കുകയുമാണു ചെയ്തതെന്നും ഇൻഡ്യൻ സോഷ്യലിസ്റ്റ് പാർട്ടി നേതാവു് ശ്രീ അശോകമേത്ത തിരുവനന്തപുരത്തുവച്ചു് ഒരു പ്രസ് കോൺഫറൻസിൽ പ്രസ്താവിച്ചിരിക്കുന്നു.

—പഞ്ചസാരയുടെ വില ക്രമാതീതമായി വർദ്ധിച്ചതിനെത്തുടന്നു് ഐക്യസംസ്ഥാനഗവമ്മെൻറു് ഒരുത്തരവുമൂലം പഞ്ചസാരയുടെ വില റാത്തലിനു് 7 ണ. 4 സ. ആയി ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. വില്പനനികുതി ഇതിൽ പെടുന്നതല്ല.

—മലങ്കരയാക്കോബായസഭാ സമാധാനസംഘടനയുടെ ആഭിമുഖ്യത്തിൽ കോട്ടയത്തുവച്ചു കന്നി 30-ാംനു- ഗ്രീസിലെ പീററർ രാജകുമാരൻെറ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടി മലങ്കരസഭയിൽ ഇന്നു നിലനിന്നുപോരുന്ന ഭിന്നതകൾ അവസാനിപ്പിക്കുന്നതിനു സ്വീകരിക്കേണ്ട മാർഗ്ഗങ്ങളെപ്പററി പര്യാലോചിക്കുകയുണ്ടായി.

—ദീർഘകാലം ചങ്ങനാശ്ശേരി സെൻറ് ബക്കമൻസ് കോളെജിൻെറ പ്രിൻസിപ്പാളായിരുന്നിട്ടുള്ള റവ. ഫാ. മാത്യു പുരയ്ക്കൽ എം. എ. യെ തിരുവനന്തപുരത്തു പുതുതായി സ്ഥാപിച്ചിരിക്കുന്ന മാർ ഇവാനിയോസ് കോളെജിൻെറ പ്രിൻസിപ്പാളായി നിയമിക്കുന്നതിനു സിൻറിക്കേററിൻെറ അംഗീകാരം ലഭിച്ചിരിക്കുന്നു.

—പാലാകോളെജ് അരുണാപുരത്തു സ്ഥാപിക്കുവാൻ തീരുമാനിച്ചിരിക്കുന്നു.

—തിരുവനന്തപുരത്തു് ഒരു ലാകോളെജ് ആരംഭിക്കുവാൻ അനുവദിച്ചിരിക്കുന്നു.

—തിരുവിതാംകൂർ സർവ്വകലാശാലാസിൻറിക്കേററ്, കൊല്ലം മെത്രാൻ തിരുമേനി കൊല്ലത്തു് ഒരു കോളെജ് സ്ഥാപിക്കുവാൻ അനുമതി ആവശ്യപ്പെട്ടുകൊണ്ടു് അയച്ചിരുന്ന അപേക്ഷയെ പരിഗണിച്ചശേഷം അങ്ങോട്ടു് ഒരു കമ്മീഷനെ അയക്കാൻ തീരുമാനിച്ചിരിക്കുന്നു. മെ. കെ. പി. ഗോപാലമേനോൻ, സി. പി. മാത്യു, പരമേശ്വരപ്പണിക്കർ, യൂണിവേഴ്സിററി കോളെജ് പ്രിൻസിപ്പാൾ മി. നായിഡു എന്നിവരാണു് കമ്മീഷനിലെ അംഗങ്ങൾ.

—പത്തനതിട്ട, കൊല്ലം, ആലുവാ, മൂവാററുപുഴ എന്നീ സ്ഥലങ്ങളിൽ കോളെജുകൾ സ്ഥാപിക്കുന്നതുസംബന്ധിച്ചു ലഭിച്ചിരിക്കുന്ന അപേക്ഷകളെപ്പററി, രാധാകൃഷ്ണൻ റിപ്പോർട്ടു ലഭിച്ചതിനുശേഷംമാത്രമേ അവസാനതീരുമാനം ചെയ്കയുള്ളു.

—ഡോക്ടർ കോശി അവധികഴിഞ്ഞു് യൂണിവേഴ്സിററി കോളെജ് പ്രിൻസിപ്പാളായി തുടരുന്നതാണു്. ഇപ്പോഴത്തെ പ്രിൻസിപ്പാളായ മി. നായിഡു ട്രെയിനിംഗ് കോളെജ് പ്രിൻസിപ്പാളായി നിയമിതനായിരിക്കുന്നു.

—യൂണിവേഴ്സിററി ഡിഗ്രികോഴ്സ് ഉൾപ്പെടെ സർവ്വകലാശാലയിലെ എല്ലാം പരിക്ഷകളും ഓരോ വിദ്യാഭ്യാസവർഷത്തിലും രണ്ടുപ്രാവശ്യം നടത്തുന്നതിനു തീരുമാനിച്ചിരിക്കുന്നു.

—ഗാന്ധിസ്മാരകനിധിയിലെ ലക്ഷ സംഭാവനകൾ നിർബന്ധിച്ചു പിരിക്കേണ്ടതില്ലെന്നു കാണിച്ചു് ഗവമ്മെൻറു് ഒരു സക്കലർ പുറപ്പെടുവിച്ചിരിക്കുന്നു.

—പാലാ, പന്തളം എന്നീ സ്ഥലങ്ങളിൽ കോളെജുകൾ തുടങ്ങുവാൻ അനുവദിച്ചിരിക്കുന്നു. ഓരോ ക്ലാസുകളിലേക്കും ആവശ്യമുള്ള പരിപൂർണ്ണ സജ്ജീകരണങ്ങളോടുകൂടിവേണം അവ ആരംഭിക്കുവാൻ. താൽക്കാലികഷെഡുകളിൽ കോളെജ് നടത്തുവാൻ അനുവദിക്കുന്നതല്ല. 5 ലക്ഷം രൂപ വീതം സെക്യൂരിററി കെട്ടണമെന്നും ആവശ്യപ്പെട്ടിട്ടുണ്ടു്.

## ചരമം

റവ. ഫാ. മാത്യു കമ്മട്ടിൽ, റവ. സിസ്റ്റർ ഇമ്മാക്കലേററ് എസ്. ഡി. എന്നിവരുടെ പിതാവു് ഔസേപ്പ് മത്തായി കമ്മട്ടിൽ കഴിഞ്ഞ ബുധനാഴ്ച നിര്യാതനായിരിക്കുന്നു. ശവസംസ്കാരം റൈററ് റവ. മോൺ. ജോർജ്ജ് വച്ച്യാറമ്പത്തു് അവർകളുടെ പ്രധാനകാർമ്മികത്വത്തിലും 15 ൽപ്പരം വൈദികരുടെ സഹകരണത്തിലും നടത്തപ്പെട്ടു. റവ. ഫാ. ജോസഫ് വിതയത്തിൽ ചരമപ്രസംഗം നടത്തി. R. I. P.


ആനന്ദമായ
ക്രിസ്തുരാജ മഹാമഹത്തിനു ഒരു പാട്ടുപുസ്തകം
"ക്രിസ്തുരാജ് ജയ്!"

ഗ്രന്ഥകത്താ: റവ. ഫാ. ഫെലിക്സ് ടി. ഒ. സി. ഡി.
നവീനരീതിയിലുള്ള ഹൃദയാവജ്ജകമായ ഗാനങ്ങൾ ഉൾക്കൊള്ളുന്ന ഈ പുതിയ പുസ്തകം ഉടൻ ആവശ്യപ്പെടുക. വില. 1 ണ. 6 പൈ. 100 ക്കു് ക. 6—4—0

"ക്രിസ്തുരാജപതാക"

ക്രിസ്തുരാജൻെറ തിരുനാൾ സംബന്ധിച്ചുള്ള ആഘോഷങ്ങളിലും ഘോഷയാത്രകളിലും ഉപയോഗിക്കാനുള്ള മനോഹരമായ കൊടി-ക്രിസ്തുരാജൻെറ ചിത്രത്തോടുകൂടിയതു 100 ക്കു ക. 3—0—0

ക്രിസ്തുരാജബാഡ്ജുകൾ

വില ഒന്നിനു 1 ണ. 100 നു ക. 4—12—0

ക്രിസ്തുരാജ ഘോഷയാത്രകളിൽ ഉപയോഗിക്കുവാൻ.

മാനേജര, ചെറുപുഷ്പമുദ്രാലയം, മഞ്ഞുമ്മൽ A. O. & P. O




വി. റപ്പേൽമാലാഖാ
(തിരുനാൾ അടുത്ത തിങ്കളാഴ്ച)

## ക്രിസ്തുരാജസ്തവം

(കെ. വി. ജോസഫ്, മഞ്ഞുമ്മൽ)

(ഹിന്ദി) നൈനാംസി
നൈനാമേ ലാഖേ എ. മ.

പല്ലവി

സർവ്വചരാചരനാഥാ!
സർവ്വരേ പാലയ താതാ!
ദിവ്യ ഗതി ക്രിസ്തുരാജാ (സർവ്വ

അനുപല്ലവി

നീയല്ലോ ലോകത്തിൽ ശാന്തി
ഏകമാമേകപ്പൊൻകാന്തി
ചിന്തും ഭാനുമാൻ സദാപി. (സർവ്വ

ചരണങ്ങൾ

1) സ്നേഹവും ശാന്തിയും മങ്ങി
ആധിയാൽ ലോകർ കുഴങ്ങി
ആലവിട്ടാടുപോൽ അയ്യോ
ഓടുന്നു മാനവൻ ദീനൻ
ദാഹം ശമിക്കുവാൻ കാനൽ
വെള്ളം മതിയാമോ നാഥാ! (സർവ്വ

2) ആന്ധ്യമതാകവെ നീക്കി
ദൈന്യപരാഭവം പോക്കി
ജ്ഞാനപ്രഭാപൂരം ചിന്തി
ആനയിക്ക ലോകേ ശാന്തി
കൈതൊഴാം കൈവല്യദാതാ
കൈവെടിയല്ലെ സനാഥാ! (സർവ്വ

## ഇൻഡ്യാവാത്തകൾ

ഒരാൾ കോൺസംബ്ളിയിലും, പ്രവിശ്യാനിയമസഭകളിലും നാട്ടുരാജ്യനിയമസഭകളിലും ഒരേസമയത്തു അംഗമായിരിക്കുക എന്ന സമ്പ്രദായം നിത്തലാക്കുവാൻ ഇൻഡ്യൻ കോൺസംബ്ളി തീരുമാനിച്ചിരിക്കുന്നു.

—ഗാന്ധിവധക്കേസിൽ മരണശിക്ഷ വിധിക്കപ്പെട്ട നാഥുറാംഗോഡ്സേയുടെ പേൾക്, അപ്പീൽ ബോധിപ്പിക്കാൻ പ്രത്യേകാനുവാദത്തിനുവേണ്ടി സമപ്പിക്കപ്പെട്ടിരുന്ന ഹർജി പ്രിവികൗൺസിലിൻെറ ജുഡീഷ്യൽ കമ്മിററി തള്ളിക്കളഞ്ഞിരിക്കുന്നു.

—വിധ്വംസകപ്രവത്തനങ്ങളിൽ ഏപ്പെടുകയോ തല്ലശപ്രവത്തനങ്ങളിൽ ഏപ്പെട്ടവരുമായി ബന്ധം പുലത്തുകയോ ചെയ്യുന്ന ഉദ്യോഗസ്ഥന്മാരെ സർവ്വീസിൽനിന്നു പിരിച്ചുവിടുവാൻ മദ്രാസ് ഗവമ്മെൻറു് തീരുമാനിച്ചിരിക്കുന്നു.

ഒക്ടോബർ 17-ാംനു- കൂടിയ കോൺസംബ്ളി യോഗത്തിൽ, പുതിയ ഭരണഘടന 1950 ജനുവരി 26 ാം നു- നടപ്പിൽ വരുത്തണമെന്നു തീരുമാനിച്ചിരിക്കുന്നു കൗൺസിൽ ഓഫ് സ്റ്റേററിൽ ആകെ ഉണ്ടായിരിക്കുന്ന 205 സ്ഥാനങ്ങളിൽ ഇപ്പോഴത്തെ പ്രവിശ്യകൾക്കായി 144—ം, കേന്ദ്രം നേരിട്ടു ഭരണം നടത്തുന്ന പ്രദേശങ്ങൾക്കായി 8—ം, നാട്ടുരാജ്യവിഭാഗങ്ങൾക്കായി 53—ം സ്ഥാനങ്ങൾ നിക്കിവച്ചിരിക്കുന്നു. കൊച്ചി തിരുവിതാംകൂർ ഐക്യസംസ്ഥാനത്തിന്നു 6 സീററുകൾ ലഭിക്കുന്നതായിരിക്കും.

—കോൺസംബ്ളി മെമ്പർമാരുടെ ദിനബത്ത 45 ക. യിൽനിന്നും 40 ക. യായി കുറച്ചിരിക്കുന്നു.

## വിദേശവാത്തകൾ

വിശുദ്ധവത്സരം പ്രമാണിച്ചു് രാഷ്ട്രീയ തടവുകാക്കും നിസ്സാരക്രിമിനൽകുററക്കാക്കും മോചനം നല്കുവാൻ ബ്രസീലിയൻ ഗവമ്മെൻറു തീരുമാനിച്ചിരിക്കുന്നു. ഇററാലിയൻ ഗവമ്മെൻറും ഇപ്രകാരമൊരു മോചനം നല്കേണ്ടതിനെപ്പററി ആലോചിച്ചുവരുന്നു.

—ഫ്രഞ്ചുനാഷനൽ അസംബ്ളി മി. ജൂൾസ് മോഷിനെ പ്രധാനമന്ത്രിയായി തിരഞ്ഞെടുത്തിരിക്കുന്നു. ഇദ്ദേഹം ഒരു സോഷ്യലിസ്റ്റ് പാർട്ടിയംഗമാണു്.

—ബൾഗേറിയ, ഹംഗറി, റുമേനിയ എന്നീ രാഷ്ട്രങ്ങളിലെ മനുഷ്യാവകാശധ്വംസനത്തെപ്പററി അന്തർദ്ദേശീയ കോടതിമുമ്പാകെ പരാതിസമപ്പിക്കാൻ ലേക്സക്സസ് പൊളിററിക്കൽ കമ്മിററി തീരുമാനിച്ചിരിക്കുന്നു.

ഫാദർ മത്തിയാസ്

## നിര്യാതനായി

ദീപികയുടെ മാനേജിംഗ് എഡിററന്ന നിലയിൽ 25 വർഷം പ്രശസ്തസേവനമനുഷ്ഠിച്ചിട്ടുള്ള റവ. ഫാ. മത്തിയാസ് സി. ഡി. കഴിഞ്ഞ വ്യാഴാഴ്ച മാന്നാനത്തുവച്ചു നിര്യാതനായി. ശവസംസ്കാരകർമ്മം പിറേറദിവസം യഥാവിധി നിർവ്വഹിക്കപ്പെട്ടു. റവ. ഫാ. സി. കെ. മാററം ചരമപ്രസംഗം നിർവ്വഹിച്ചു.

R. I. P.

## ആനപ്പാറപ്പള്ളിക്കു്

## അനുവാദം

1125 കന്നി 1-ാംനു-ലെ R. O. C. No. P. 1—7615/49 c. s. ഉത്തരവു പ്രകാരം കുന്നത്തുനാട്ടു താലൂക്ക മഞ്ഞപ്ര പകുതിസർവ്വേ556—3ൽ ഒരുപുതിയ പള്ളിക്കു് അനുവാദം ലഭിച്ചിരിക്കുന്നു.

## Thanksgiving

My grateful thanks for favours received through the intercession of St. Philomena.

George Joseph,
Thathampally.

## നിലവാരം

| | കൊച്ചി, തുലാം 1 |
|---|---|
| വെളിച്ചെണ്ണ കണ്ടിക്കു് | 620 |
| കൊപ്രാ സാധാരണ | 435 |
| പിണ്ണാക്കു് | 135 |
| ചകിരി | 164 |
| കയർ അഞ്ചുതെങ്ങു് | 163 |
| ടി പറവൂർ | 145 |
| ടി അഴപ്പുഴ | 122 |
| ടി വൈക്കം | 138 |
| ടി മങ്ങാടൻ | 225 |
| വണ്ണക്കയർ | 132 |
| കുരുമുളക് | 3550 |
| ടി ചേററിയതു് | 3700 |
| ചുക്കു് | 9?0 |
| ടി വെളുപ്പിച്ചതു് | 960 |
| കാഞ്ഞിരക്കുരു | 75 |
| പുൽതൈലം 12 കുപ്പി | 160 |
| തേങ്ങ 1000 നു് | 185 |
| വെള്ളി ഉരുപ്പികത്തുക്കം | 1 11 |
| തങ്കം | 113 |
| പവൻ | 76 8 |
| സവർണ്ണം | 71 8 |

# വിദ്യാലയങ്ങളിലെ മിഷൻ ഞായറാഴ്ച

(പാറേൽ)

ഹർഷാവേശം പൊട്ടിച്ചിന്നുന്ന കണ്ണുകളോടുകൂടിയേ പല സ്ഥലങ്ങളിലും വളർന്നുവരുന്ന പ്രേഷിതപ്രബുദ്ധത നോക്കിനിൽക്കുവാൻ കഴിയൂ. സ്വതേ ആനന്ദപ്രദമെന്നതിനെക്കാൾ അപാരമായ ഒരു ദുഃഖത്തെ തടവിത്തണുപ്പിക്കുന്ന ചില സാന്ത്വനോക്തികളാണവ— നീണ്ടുനിവർന്നു കിടക്കുന്ന അന്ധകാരപ്പരപ്പിലേക്കു കടന്നുചെല്ലുന്ന കുറെ നേരിയ ആശാകിരണങ്ങൾ. പ്രേഷിതചൈതന്യം ജനങ്ങളിൽ വർദ്ധമാനമാക്കുന്നതിനായി അവരുടെ ശ്രദ്ധ പ്രേഷിതതാത്പര്യങ്ങളിലേക്കാകർഷിക്കുവാനും മിഷൻപ്രവർത്തനങ്ങൾക്കു സഹായകമായവ, പ്രാർത്ഥനയും ധനസഹായവും, തത്പ്രവർത്തനരംഗങ്ങൾക്കു നേടിക്കൊടുക്കുവാനുമായി പ്രത്യേകം പ്രതിഷ്ഠിതമായ ദിവസമാണു മിഷൻഞായറാഴ്ച. എന്തെന്തു പ്രതീക്ഷകളോടെയാണു ആണ്ടുവട്ടത്തിലെ ഞായറാഴ്ചകളിലൊന്നു് ഇതിനായി പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നതു്! പക്ഷേ, നമുക്കിതെപ്പറ്റി യാതൊരു ഗ്രാഹ്യവുമില്ലാത്തതുപോലെയാണു കണ്ടുവരുന്നതു്; പൊതുവിൽ വളരെ ശുഷ്കമായ രീതിയിലാണു നാം മിഷൻഞായറാഴ്ച ആഘോഷിക്കുന്നതു്. വേദനാജനകമെങ്കിലും വെറും പരമാർത്ഥമാണിതു്.

ഇതിൽ അത്ഭുതപ്പെടുവാനൊന്നുമില്ല. ഇക്കാര്യത്തിൽ വേണ്ട പരിശീലനവും പാരമ്പര്യവും നമുക്കില്ല; സ്വയം പുതിയ ആശയങ്ങൾ തോന്നുവാൻ മാത്രമുള്ള പ്രേഷിതചൈതന്യം നമുക്കുണ്ടായിട്ടുമില്ല. അറിയാത്ത കർമ്മത്തിനുവേണ്ടി പ്രവർത്തിക്കുവാൻ നാം എങ്ങനെ ഉത്സുകരാകും. ആകയാൽ മിഷൻ ഞായറാഴ്ചയാചരണത്തിനു വേണ്ട നേതൃത്വവും പരിശീലനവും നല്കപ്പെടുക അത്യാവശ്യമാണു.

ഇടവകയിൽ ബ. വികാരിക്കും ഭക്തസംഘങ്ങൾക്കും ഇക്കാര്യത്തിൽ വളരെയെല്ലാം ചെയ്യാൻ സാധിക്കുമെങ്കിലും നമ്മുടെ സ്കൂളുകൾ, കോളെജുകൾ, ബോർഡിംഗുകൾ, ഹോസ്റ്റലുകൾ മുതലായ സ്ഥാപനങ്ങൾക്കാണു കൂടുതൽ ഫലപ്രദമായും സൗകര്യമായും പ്രവർത്തിക്കുവാൻ കഴിവുള്ളതു്. പരിശീലനങ്ങൾ ഫലപ്രദമായി നല്കപ്പെടാവുന്നതും നല്കപ്പെടേണ്ടതും കുട്ടികൾക്കായതുകൊണ്ടും, ഇതിനാവശ്യമായ സകല സൗകര്യങ്ങളും ഒത്തിണങ്ങിയ രംഗങ്ങൾ ഇവ മാത്രമായിരിക്കുന്നതുകൊണ്ടും സർവ്വപ്രധാനമായ ശ്രദ്ധ ഈ രംഗങ്ങളിലാണു പതിയേണ്ടതു്. ഈ പരിശീലനം നല്കുവാനും അതേസമയം മിഷനെ സഹായിക്കുവാനും പര്യാപ്തമായ ചില മാർഗ്ഗങ്ങൾ സൂചിപ്പിക്കുകമാത്രം ചെയ്തുകൊള്ളട്ടെ. ഓരോരുത്തരുടെയും സൗകര്യവും മനോധർമ്മവുമനുസരിച്ചു വിശദാംശങ്ങൾ കൂട്ടിച്ചേർക്കാമല്ലോ.


കൗതുകവസ്തുക്കൾ തയ്യാറാക്കുക, വിവിധസാധനങ്ങൾ ശേഖരിക്കുക, ലേലം നടത്തുക, മുതലായവ കുട്ടികൾക്കു വളരെ ഉത്സാഹപ്രദമായിരിക്കും. ഒന്നുരണ്ടു കൊല്ലത്തേക്കുമാത്രമേ പ്രേരണയും പരിശീലനവും നല്കേണ്ടിവരികയുള്ളൂ. അതു കഴിഞ്ഞാൽ—? ഒക്ടോബർ മാസമാകുമ്പോഴേക്കും കുട്ടികളുടെ ഉത്സാഹം ഉണർന്നുവശാകും. അവരുടെ ഭാവനയിൽ എന്തെല്ലാം കൗതുകവസ്തുക്കളാണു ജന്മമെടുക്കാത്തതു്! വെടിപറഞ്ഞും കളിച്ചും ചിരിച്ചും കളയുന്ന സമയം ഉത്സാഹപൂർവ്വം അവർ മിഷനായി ചെലവഴിക്കും. എത്രയെത്ര തവണയാണു അവർ മിഷനെപ്പറ്റി ചിന്തിക്കുവാനിടവരുന്നതു്!! ഹാ! തീർച്ചയായും അവരുടെ പ്രേഷിതാരൂപിക്കു ഉണർവ്വുറവാൻ പര്യാപ്തമാണു ഈ പരിപാടികൾ. മിഷൻഞായറാഴ്ചയാചരണം അവർ വളരെ കാര്യമായി പരിഗണിക്കാൻ തുടങ്ങുകയും ചെയ്യും.

ചെറിയ ഒരു നാടകമോ, കഥാപ്രസംഗമോ നടത്തുക. എത്ര ആഘോഷകരവും ഉത്സാഹപ്രദവുമായിത്തീരുമീ മഹാമഹം. നല്ല ഒരു ധനാഗമമാർഗ്ഗംകൂടിയാണിതു്. പൊതുജനങ്ങൾ നിർല്ലോഭമായി ഔദാര്യം പ്രകടിപ്പിക്കും. "വിനോദത്തിനായി എന്തുമാത്രം ചെലവു ചെയ്യുന്നു. മിഷനുവേണ്ടിയല്ലേ ഇതു്?" അവരിങ്ങനെ കരുതും. കുട്ടികൾക്കു ഇതു വളരെ ഉത്സാഹപ്രദമായിരിക്കുമെന്നുതന്നെയല്ല, വിദ്യാഭ്യാസസ്ഥാപനങ്ങൾ ഈദൃശകലാപ്രകടനങ്ങളിൽ അവർക്കു നല്കേണ്ട പരിശീലനം സുകരമായും ഫലപ്രദമായും നല്കപ്പെടുകയും ചെയ്യും. പ്രസ്തുതപ്രകടനങ്ങൾ മിഷനെക്കുറിച്ചു അറിവു നല്കുന്നതാണെങ്കിൽ അതിന്റെ വിജയം പറയാനുമില്ല.

ഘോഷയാത്രകൾ മുതലായവ വളരെ ഗുണകരമാണു. നമ്മുടെ കുട്ടികളുടെ അധരങ്ങൾ മിഷൻമുദ്രാവാക്യങ്ങളാൽ ക്രിസ്തുരാജന്റെ സമരകാഹളം മുഴക്കട്ടെ! തൊണ്ടയിടറിയാലും അവർ സ്നേഹരാജന്റെ ജയഗീതം ലോകത്തിന്റെ അതിർത്തികളിലേക്കു പാടിക്കൊണ്ടിരിക്കും. "വിപ്ലവം സിന്താബാദ്" എന്നേ പറയാവൂ എന്നവർക്കു നിർബന്ധമില്ല. "ക്രിസ്തുരാജൻ സിന്താബാദ്" പാടുന്നതും അവർക്കു പ്രിയങ്കരമാണു. എന്തെങ്കിലും ഒന്നു പാടണമെന്നതു അവരുടെ പ്രകൃതിയാണെന്നുമാത്രം. ലോകത്തിന്റെ ശ്രദ്ധയിൽ എങ്ങനെയാണു മിഷൻഞായറാഴ്ച പെടാതിരിക്കുന്നതു്, ഇതെല്ലാം കഴിയുമ്പോൾ?

ഈ ഘോഷയാത്ര ഒരാഴ്ചമുമ്പേ നടത്തിയാൽ നന്നു്; മിഷൻഞായറാഴ്ച എല്ലാവരുടെയും സ്മൃതിപഥത്തിലുയർന്നു കഴിയും അപ്പോൾ; കുട്ടികളുടെ മാത്രമല്ല പൊതുജനങ്ങളുടെയും. ഇതോടൊന്നു് ഒരു മിഷൻവാരാചരണം ഏറ്റം ഫലപ്രദമാണു. സൗകര്യംപോലെ ഈ ദിവസങ്ങളിൽ ചില അപ്പസ്തോലികയാത്രകളും. "മാമ്യൂ, ജോസഫേ, വാ നമുക്കു—" ക്രിസ്തുനാഥന്റെ കൊച്ചു മിഷനറിമാർ അഞ്ചോ ആറോ, എട്ടോ പത്തോ വീതം പരിസരപ്രദേശങ്ങളിലേക്കു പുറപ്പെടുകയായി. പ്രേഷിതപ്രസിദ്ധീകരണങ്ങൾ പ്രചരിപ്പിക്കുക, അവയ്ക്കു വരിക്കാരെ സമ്പാദിക്കുക, മിഷനെപ്പറ്റി സംസാരിക്കുക മുതലായവ കൂടാതെ ലേലവസ്തുക്കൾ ശേഖരിക്കുന്നതിനും ഈ അവസരം ഉപയോഗിക്കാം. നാടകമോ മറ്റോ ഉണ്ടെങ്കിൽ ടിക്കറ്റുകാര്യംകൂടി.

ബാഹ്യമായ ഈ ആഘോഷങ്ങളുടെയെല്ലാം കൂട്ടത്തിൽ സർവപ്രധാനമായ വേറൊന്നുകൂടി ചേർത്താൽ ആർക്കും ഒരു വിഷമവും തോന്നുകയില്ല; ഇക്കുറിയതിനു കാര്യമായ പരിഗണന ലബ്ധമാകയും ചെയ്യും. ഈ മിഷൻവാരത്തിന്റെ എല്ലാദിവസങ്ങളിലും മിഷനുവേണ്ടി പ്രത്യേകപ്രാർത്ഥനകൾ നടത്തേണ്ടതാണു. മിഷൻഞായറാഴ്ചയ്ക്കു മുൻപുള്ള നൊവേന, മിഷനുവേണ്ടിയുള്ള മറ്റു പ്രാർത്ഥനകൾ മുതലായവ ഇതിനുപയുക്തങ്ങളാണു. മിഷൻഞായറാഴ്ച യഥായോഗ്യം ആഘോഷിച്ചുകൊണ്ടു—ക്രിസ്തുരാജന്റെ രാജ്യവിസ്തൃതിക്കായി പരിശ്രമിച്ചുകൊണ്ടു—നമുക്കു അവിടുത്തെ തിരുനാളിനൊരുങ്ങാം. ക്രിസ്തുരാജൻ ജയിക്കട്ടെ! ഭാരതം ക്രിസ്തുവിനെ അറിയട്ടെ!!




അദ്ധ്യാപകൻ: ജോണി, നിങ്ങളുടെ പട്ടിയെപ്പറ്റിയുള്ള നിന്റെ ഈ ഉപന്യാസം നിന്റെ ചേട്ടന്റെ ഉപന്യാസംപോലെതന്നെയിരിക്കുന്നല്ലോ. അതിന്റെ കാരണം വേഗം പറയൂ.

ജോണി: ഒരേയൊരു പട്ടിയെക്കുറിച്ചുതന്നെയാണു സാർ, രണ്ടുപന്യാസങ്ങളും.

* * *

ഭർത്താവു്: ഈ പായസം എന്റെ അമ്മ ഉണ്ടാക്കിയതുപോലെയിരിക്കുന്നു.

ഭാര്യ: (ചാരിതാർത്ഥ്യത്തോടെ) അപ്പോൾ നിങ്ങളുടെ അമ്മയ്ക്കു പലഹാരങ്ങൾ ഉണ്ടാക്കാൻ നല്ലപോലെ അറിയാമായിരുന്നോ?

ഭർത്താവു്: അറിയാമായിരുന്നു. പക്ഷേ പായസം ഉണ്ടാക്കാൻമാത്രം അറിഞ്ഞുകൂടായിരുന്നു.

* * *

ഭാര്യ: കള്ളന്മാർ വരുന്ന സ്വരമാണു ആ കേൾക്കുന്നതെന്നു തോന്നുന്നു. നിങ്ങൾ ഉറക്കം തെളിഞ്ഞു കിടക്കുകയാണോ?

ഭർത്താവു്: അല്ല.

* * *

ഭർത്താവു്: നാം ഭാവിയെപ്പറ്റി സൂക്ഷമുള്ളവരായിരിക്കണം. ചെലവു ചുരുക്കണം. ഞാനിന്നു മരിക്കയാണെങ്കിൽ നിന്റെ സ്ഥിതി എന്തായിരിക്കും?

ഭാര്യ: എന്റെ സ്ഥിതി ഇതുപോലെതന്നെയായിരിക്കും. നിങ്ങളുടെ സ്ഥിതി എന്തായിരിക്കുമെന്നാണു ആലോചിക്കേണ്ടതു്.

ആരോഗ്യപംക്തി

## തേൻ

വളരെ ഗുണകരവും രുചികരവുമായ ഒരാഹാരസാധനമാണു തേൻ. ചില രോഗങ്ങൾക്കു ഒരു മരുന്നു എന്നതിൽ കവിഞ്ഞു ഒരു ദൈനംദിനാഹാരസാധനമായി തേൻ ഉപയോഗിക്കുന്നവർ നമ്മുടെ നാട്ടിൽ വളരെ ചുരുക്കമാണെന്നു വേണം പറയുവാൻ. ഒരു ഭക്ഷ്യപദാർത്ഥമെന്നനിലയിൽ തേനിന്റെ പ്രാധാന്യം പലരും മനസ്സിലാക്കിയിട്ടില്ലാത്തതാണു അതിന്റെ കാരണം. കോഡ് ലിവർ ഓയിലിനു പകരം തേൻ ഉപയോഗിക്കാമെന്നു ചില ഭിഷഗ്വരന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു. അതിപുരാതനകാലംതൊട്ടു മനുഷ്യൻ ഉപയോഗിച്ചുപോന്നിട്ടുള്ള വിശിഷ്ടവും മധുരവുമായ ഒരു ഭക്ഷ്യമാണു മധു. ക്രിസ്തുവിന്റെ പുരോഗാമിയായിരുന്ന യോഹന്നാൻ തേൻ ഭക്ഷിച്ചിരുന്നുവെന്നു വേദപുസ്തകം പ്രസ്താവിക്കുന്നു. പ്രോട്ടീൻ, ഇരുമ്പു മുതലായ പ്രധാന പോഷകസാധനങ്ങൾ തേനിൽ ഉണ്ടു. അതു മനസ്സിന്റേയും ശരീരത്തിന്റേയും പ്രവർത്തനശക്തിയെ വർദ്ധിപ്പിക്കുന്നു. ശരീരത്തിനു ഓജസ്സും ബലവും നൽകുന്നു.

തേൻ വേഗം ദഹിക്കുന്ന ഒരു പദാർത്ഥമാണു. കുട്ടികൾക്കും ദഹനശക്തി കുറവായവർക്കും തേൻ സുലഭമായി ഉപയോഗിക്കാം. മലബന്ധത്തെ ദൂരീകരിക്കുന്നതിനു തേൻ സഹായിക്കുന്നു. തേനിൽ ഉള്ള പഞ്ചസാരയ്ക്കു പ്രകൃത്യാതന്നെ വയർ ഇളക്കുവാനുള്ള ശക്തിയുണ്ടു. ഈ പഞ്ചസാരയിൽനിന്നും ഉണ്ടാകുന്ന ഒരു വാതകം (gas) ഉറച്ച മലത്തെ അയക്കുവാൻ പര്യാപ്തമായതാണു. മലത്തെ പുറത്തേക്കു തള്ളുന്ന കുടലുകളുടെ പ്രവർത്തനത്തെ അതു സഹായിക്കുകയും തന്മൂലം മലബന്ധത്തിന്റെ സാദ്ധ്യതയെ കുറയ്ക്കുകയും ചെയ്യുന്നു.

തുളസിനീരും തേനും കലർത്തി ഉപയോഗിക്കുന്നതു സാധാരണ ചുമയ്ക്കും നീരുവീഴ്ചയ്ക്കും ഫലപ്രദമായ ഒരു പ്രതിവിധിയാണു. ഒച്ചയടപ്പിനും തേൻ പറ്റിയ ഔഷധമാണു. അതു സ്വരത്തിന്റെ പാരുഷ്യത്തെ മാറ്റി മാധുര്യം പ്രദാനം ചെയ്യുന്നു. വായുടെ വരൾച്ചയെ നീക്കുന്നതിനും തേൻ പറ്റിയതാണു. ശിശുക്കളുടെ ശരീരത്തിനു ബലവും ചൂടും പ്രദാനംചെയ്യാൻ തേനിനോളം ഉപകരിക്കുന്ന സാധനങ്ങൾ കുറവാണു. ശിശുക്കൾക്കു സ്വർണ്ണം തേനിൽ അരച്ചുകൊടുക്കുക നമ്മുടെനാട്ടിൽ പലസ്ഥലത്തും പതിവുള്ളതാണല്ലോ.

ഒരു ഗ്ലാസ് വെള്ളത്തിൽ—തണുത്തതോ ചൂടുള്ളതോ ആകാം—ഒന്നോ രണ്ടോ കയിൽ തേൻ ഒഴിച്ചു ദിവസേന കുടിക്കുന്നതു വളരെ ഗുണകരമാണു. അതു ശക്തിപ്രദായകമായ ഒരു ടോണിക്കു ആണെന്നു പറയാം. തേനിന്റെകൂടെ യഥാവശ്യം വെണ്ണയും ചേർക്കുന്നതു വളരെ നല്ലതാണു. ദാഹത്തിനും ഉഷ്ണത്തിനും വളരെ നല്ല ഒരു പാനീയമാണിതു്. തേൻ പാലും വെണ്ണയും കലർത്തി ഉപയോഗിച്ചാൽ ആരോഗ്യവും ഓജസ്സും വർദ്ധിക്കും. വലിയ രോഗങ്ങൾ സുഖപ്പെട്ടതിനുശേഷം ശരീരത്തിനു ബലമുണ്ടാകുന്നതിനായി തേൻ ഭക്ഷിക്കുന്നതും നല്ലതാണു. ചൂടുവെള്ളത്തിൽ തേൻ ഒഴിച്ചു കുടിക്കുന്നതുകൊണ്ടു ആസ്ത്മായ്ക്കു വളരെ ആശ്വാസമുണ്ടാകും.

ശരീരത്തെ ശോഷിപ്പിക്കുന്ന സകല രോഗങ്ങൾക്കും തേൻ വളരെ നല്ലതത്രെ. അതിവേഗം ദഹിക്കുന്ന ഒരു പദാർത്ഥമായതുകൊണ്ടു അതു ശരീരത്തിൽ പ്രയാസംകൂടാതെ ലയിക്കുന്നുവെന്നതാണു ഇതിന്റെ കാരണം. പ്രതിദിനം തേൻ ഉപയോഗിക്കുന്നതുകൊണ്ടു ദീപനവും ഓർമ്മശക്തിയും ഉത്സാഹവും വർദ്ധിക്കുന്നു. നാരങ്ങാനീരോ മുന്തിരിങ്ങാച്ചാറോ ചേർത്തു തേൻ ഉപയോഗിക്കുന്നതും ചുമയ്ക്കു നല്ലതാണു.

ഭക്ഷണസാധനമായി ഉപയോഗിക്കുന്നതിനു പുറമേ ശരീരത്തിൽ പുരട്ടുന്നതിനും തേൻ അതിവിശിഷ്ടമാണു. ചൂടുവെള്ളംവീണു ശരീരം എവിടെയെങ്കിലും പൊള്ളിയാൽ അവിടെ ഉടനെ തേൻ പുരട്ടണം. തൊലി കുമളയ്ക്കാതിരിക്കുന്നതിനു് ഇതു സഹായിക്കും. വ്രണങ്ങളുടെയും പരുക്കളുടെയും പുറമേ തേൻ പുരട്ടുന്നതും നല്ലതാണു. കാന്തിവർദ്ധകമായ ഒരു സാധനമായും തേൻ ശരീരത്തിൽ പുരട്ടാറുണ്ടു.

ഇത്ര വിശിഷ്ടമായ തേനിന്റെ സംഭരണത്തിലും ഉപയോഗത്തിലും നാം കൂടുതൽ ജാഗരൂകരാകേണ്ടിയിരിക്കുന്നു, ഭക്ഷണസാധനങ്ങളുടെ ദൗർലഭ്യംമൂലം ക്ലേശിക്കുന്ന ഇക്കാലത്തു ഒരു ഭക്ഷ്യമെന്ന നിലയിൽ തേനിനുള്ള പ്രാധാന്യത്തെ അവഗണിക്കാവുന്നതല്ല. നമ്മുടെ വനങ്ങളിൽ സുലഭമായി ലഭിക്കുന്ന തേൻ നഷ്ടപ്പെട്ടുപോകാതെ സംഭരിക്കുവാൻ കാര്യക്ഷമമായ ഏർപ്പാടുകൾ അധികൃതന്മാർ ചെയ്യേണ്ടതാണു. കൂടാതെ തേനീച്ച വളർത്തൽ ഒരു വ്യവസായമെന്ന നിലയിൽ കാര്യമായി വികസിപ്പിച്ചാൽ നമ്മുടെ ഗ്രാമങ്ങളിലും ധാരാളം തേൻ പ്രയാസംകൂടാതെ ഉണ്ടാകുന്നതാണു.

(A. V. T.)

## ഇടവകവാർത്തകൾ

ഒല്ലൂർ കത്തോലിക്കാകോൺഗ്രസ്സിന്റെ ഒൻപതാം വാർഷികം ക്രിസ്തുരാജദിനമായ ഒക്ടോബർ 30-ാം തിയതി തിരുവല്ലാ മെത്രാൻ റൈറ്റ് റവ: മാർ സെവേരിയോസ് ഡി. ഡി. തിരുമനസ്സിലെ അദ്ധ്യക്ഷതയിൽ നടത്തുന്നതാണു. തദവസരത്തിൽ റവ. ഫാദർ ജോൺ മാറാം എം. എ., മി. പി. റ്റി. ചാക്കോ ബി. എ. ബി. എൽ. എന്നിവർ പ്രസംഗിക്കുന്നതായിരിക്കും. ശ്രീ കെ. കെ. തോമസ്സിന്റെ കഥാപ്രസംഗവും ഉണ്ടായിരിക്കുന്നതാണു.

—കടനാട്ടു കർഷകരുടെ അവശതകൾ പരിഹരിക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിക്കുന്നതിനായി കന്നി 26-ാംനു റവ. ഫാദർ ജോസഫ് ഓണംകുളം അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം കൂടുകയും ഒരു "കർഷകസംഘം ആഫീസ്" ഉൽഘാടനം ചെയ്യുകയും ചെയ്തു.

—ആലുവാ സെന്റു് ഡോമിനിക്സ് ഇടവകയിലെ ഫ്രാൻസിസ്കൻ മൂന്നാം സഭയുടെ പ്രഥമവാർഷികം ഒക്ടോബർ 16-ാംനു റവ. ഫാദർ ജയിംസ് വെമ്പിളി ബി. എ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. തദവസരത്തിൽ റവ. മാത്യു വെള്ളാങ്കൽ, മി. പി. ജെ. ജോസഫ് ബി. എസ്സ് സി. എന്നിവർ ഓരോ പ്രസംഗം ചെയ്യുകയും അൾത്താരബാലസംഘാംഗങ്ങൾ "സഖാവു്" എന്ന പ്രഹസനം തന്മയത്വത്തോടുകൂടി അഭിനയിക്കുകയും ചെയ്തു.

—എറണാകുളം മെത്രാപ്പോലിത്തൻ പള്ളിയിൽ ആരംഭിച്ചിരിക്കുന്ന വിൻസെന്റു് ഡി പോൾ സംഘത്തിന്റെ ഉൽഘാടനം പ്രമാണിച്ചു ഒക്ടോബർ 16-ാംനു നടന്ന പൊതുയോഗത്തിൽ റൈറ്റ് റവ: മോൺ മാത്യു പോത്തനാമൂഴി പി. എച്ച്. ഡി, ഡി. ഡി. ആദ്ധ്യക്ഷം വഹിക്കുകയും ബ്രദർ പീറ്റർ റെഡി എം. എ. പ്രസംഗിക്കുകയും ചെയ്തു.

---

"ദൈവവരമുള്ളപ്പോൾ പ്രസന്നതയും, ഭക്തിയുമുള്ളവനായിരിക്കുന്നതിൽ എന്താണു അത്രവലിയ കാര്യം? ഈ നാഴിക എല്ലാവർക്കും ആഗ്രഹിക്കത്തക്കതാകുന്നു."

(ക്രിസ്ത്വാനുകരണം)

# പ്രൊട്ടസ്റ്റൻറുകാർക്കവശതകളോ?

## "ചർച്ചുവീക്ക്ലി"ക്കു മറുപടി

(ചെപ്പാട്ട് പീലിപ്പോസ് റമ്പാൻ)


ഈ കഴിഞ്ഞ സെപ്റ്റംബർ 25-ാംനുയിലെ "ചർച്ചുവീക്ക്ലി" എന്ന ഒരു കോട്ടയം വാരികയിൽ "അർജൻറീനാ രാജ്യവും കത്തോലിക്കാസഭയും" എന്ന തലക്കെട്ടിൽ ഒരു ലേഖനം പ്രസിദ്ധം ചെയ്തിരിക്കുന്നു. കത്തോലിക്കർ ബഹുഭൂരിപക്ഷമുള്ള സ്പെയിനിലും അർജൻറീനായിലും പ്രൊട്ടസ്റ്റൻറുകാർ വളരെ അവശതകൾ അനുഭവിക്കേണ്ടിവരുന്നുവെന്നുള്ളതാണ് അതിലെ ചുരുക്കം. ലേഖനകർത്താവ് അതെപ്പററി വിവരിച്ചശേഷം "റോമൻ കത്തോലിക്കാസഭ ക്രിസ്തുമതത്തെക്കാൾ അധികാരത്തേയും ക്രിസ്തുനാമമഹത്വത്തെക്കാൾ അധികാരക്കൈയടക്കത്തേയും സ്വാതന്ത്ര്യത്തെക്കാൾ നിയന്ത്രണത്തേയും ആണ് ഇഷ്ടപ്പെടുന്നതെന്നു തോന്നിപ്പോകുന്നു" എന്നു എഴുതിയിരിക്കുന്നു.

റഷ്യായിലും ഹംഗേറിയായിലും അതുപോലെ കമ്മ്യൂണിസ്റ്റ് ആദർശത്തിൻ കീഴിൽ അമർന്നിട്ടുള്ള മററു രാജ്യങ്ങളിലും കത്തോലിക്കർ മതപരമായി വളരെ പീഡകളും ബന്ധനങ്ങളും മരണങ്ങളും സഹിക്കേണ്ടിവരുന്നു എന്നു സങ്കടപ്പെടുന്നതിനു ബദലായി കമ്മ്യൂണിസ്റ്റ് പാർശ്വവർത്തികളായ ഓക്സ്ഫോർഡ് ബിഷപ്പ്, മി. ബീഗോർട്ട് മുതലായവർ പുറപ്പെടുവിച്ചിട്ടുള്ള ഒരു വാർത്തയാണിതു്. ഇവിടത്തെ കത്തോലിക്കരെ ആക്ഷേപിക്കുവാൻ പററിയ ഒരു വാർത്തയാണിതെന്നുകണ്ടു് ഇവർ അതെടുത്തു ചേർത്തിരിക്കുന്നുവെന്നേയുള്ളു.

"ചർച്ചുവീക്ക്ലി" ഒരുകാര്യം മനസ്സിലാക്കണം. കത്തോലിക്കാസഭയുടെ തലവൻ റോമിലെ മാർപ്പാപ്പായാണ്. അല്ലാതെ സ്പെയിനിലെ ഗവമ്മേൻറാ, അർജൻറീനായിലെ ഭരണകൂടമോ അല്ല. ഏകദേശം 45 കോടിയോളം വരുന്നതും ഭൂതലമെങ്ങും വ്യാപിച്ചുകിടക്കുന്നതും ആയ കത്തോലിക്കാ ലോകത്തിൽ സ്പെയിനും അർജൻറീനായും ഒരുമിച്ചുചേന്നാലും വളരെ തുച്ഛമായ ഒരു സംഖ്യയേ ആവുകയുള്ളു. അവരുടെ നയത്തേയോ നയക്കുറവിനേയോ നോക്കിക്കൊണ്ടു് അതു കത്തോലിക്കാസഭയുടെ നടപടിയാണെന്നു പറയുന്നതു് തെററായ ഒരു വിമർശനമാണ്.

സ്പെയിനിൽ ഒരു സിവിൽയുദ്ധം കഴിഞ്ഞിരിക്കുകയാണ്. ആ യുദ്ധത്തിനിടയിൽ അനേകം കത്തോലിക്കാ ദേവാലയങ്ങൾ, കന്യാസ്ത്രീമഠങ്ങൾ, ആശ്രമങ്ങൾ മുതലായവ നശിപ്പിക്കപ്പെട്ടതു കൂടാതെ ശതക്കണക്കിനു പുരോഹിതന്മാരും കന്യാസ്ത്രീകളും ജനങ്ങളും വധിക്കപ്പെടുകയും ചെയ്തു. ഈ വസ്തുതകൾ ആരും വിസ്മരിച്ചിരിപ്പാൻ തക്ക കാലപ്പഴക്കമായിട്ടില്ല. അവിടത്തെ പ്രൊട്ടസ്റ്റൻറുകാർ അന്നു് അവിടത്തെ കത്തോലിക്കാസംഹാരത്തിനു് ലാക്കുകാണിച്ചുകൊടുത്തവരാണ്. കത്തോലിക്കരുടെ നല്ലകാലംകൊണ്ടു് ഫ്രാങ്കോയുടെ കക്ഷിക്കാർ യുദ്ധത്തിൽ വിജയിച്ചു. ഇപ്പോൾ അവിടെ കത്തോലിക്കർക്കു ഭൂരിപക്ഷമുണ്ടു്. പ്രൊട്ടസ്റ്റൻറുകാരുടെ ഈ ദുർന്നയംമൂലം അവിടത്തെ ഭൂരിപക്ഷക്കാരായ കത്തോലിക്കർക്കു് അവരെയത്ര നല്ല വിശ്വാസമില്ല. അതിനാൽ പുസ്തകങ്ങൾ അടിച്ചു് പ്രസിദ്ധംചെയ്യുക, റേഡിയോ പ്രസംഗം നടത്തുക, വെളിയോഗങ്ങളിൽ പ്രസംഗിക്കുക എന്നിവക്കു മൂന്നു ദിവസത്തിനു മുമ്പേകൂട്ടിയെങ്കിലും ഗവമ്മേൻറിൻെറ അനുവാദം വാങ്ങിയിരിക്കണമെന്നും പ്രസംഗത്തിൻെറ ചുരുക്കം ഗവമ്മെൻറിൽ സമപ്പിച്ചിരിക്കണമെന്നും മററും നിയമമുണ്ടാക്കിയിട്ടുണ്ടു്. യുദ്ധകാലത്തു പ്രൊട്ടസ്റ്റൻറുകാരിൽനിന്നും ഉണ്ടായിട്ടുള്ള ഉപദ്രവങ്ങൾ ആവത്തിക്കപ്പെടാതിരിപ്പാനൊ കമ്മ്യൂണിസം അവിടെ കടന്നുകൂടാതിരിപ്പാനോ ഇഠവക നടപടികൾ ആവശ്യമാണെന്നു് സ്പാനിഷ് ഗവമ്മെൻറിനു തോന്നിയിരിക്കാം. എന്നാൽ ഇതിൽ കത്തോലിക്കാസഭയ്ക്കോ, മാർപ്പാപ്പായ്ക്കോ യാതൊരു പങ്കും ആലോചനയും ഇല്ല. ഓരോ രാജ്യത്തെ ആളുകൾ അവിടവിടത്തെ സാഹചര്യങ്ങൾ അനുസരിച്ചു പ്രവത്തിക്കുന്നുവെന്നേയുള്ളു.

ഏതാണ്ടിതുപോലെയുള്ള ഒരു പരിതസ്ഥിതിതന്നെയാണ് അർജൻറീനായിലും ആവിർഭവിച്ചിരിക്കുന്നതു്. കമ്മ്യൂണിസ്റ്റ് ആദർശങ്ങളെ കത്തോലിക്കാസഭ പ്രതിഷേധിച്ചിരിക്കുകയാണ്. എന്നാൽ പ്രൊട്ടസ്റ്റൻറുകാരുടെ കാൻറർബറിയാധിപനായ ഡോ: ഹ്യൂലററ് ജോൺസൺ അമേരിക്കാ, കാനഡാ മുതലായ സ്ഥലങ്ങളിൽ തൻെറ ഔദ്യോഗികനിലയിൽത്തന്നെ നടന്നു കമ്മ്യൂണിസം പ്രസംഗിച്ചുവരുന്നു. ഇംഗ്ലണ്ടിലെ നിയമം അനുവദിക്കാത്തതിനാലാണ് അദ്ദേഹത്തെ പ്രൊട്ടസ്റ്റൻറുകാരുടെ കാൻറർബറി ആർച്ചുബിഷപ്പു് മുടക്കാതിരിക്കുന്നതെന്നു് അദ്ദേഹംതന്നെ പ്രഖ്യാപിച്ചിട്ടുള്ളതാണ്. ഇത്തരക്കാർ അർജൻറീനായിൽ പ്രവേശിച്ചു് അവിടത്തെ പ്രൊട്ടസ്റ്റൻറുകാരുടെ മറവിൽനിന്നുകൊണ്ടു് കമ്മ്യൂണിസം പ്രസംഗിക്കാതിരിപ്പാനും മററുമായി വെളിപ്രസംഗങ്ങളും റേഡിയോ പ്രസംഗങ്ങളും സംബന്ധിച്ചു് ചില നിയന്ത്രണങ്ങൾ ഉണ്ടാക്കിയിട്ടുണ്ടു് എന്നുവരാം. എന്നാൽ വീടുകളിലും പള്ളികളിലും വച്ചുള്ള പ്രാത്ഥനകൾ ആരാധനകൾ മുതലായവക്കു് യാതൊരു തടസ്സവും ആരും വരുത്തിയിട്ടില്ല.



പരേതനായ
റവ. ഫാദർ ജോസഫ് പാറമ്പി

സ്പെയിനിൽ ഏകദേശം 20000 പ്രൊട്ടസ്റ്റൻറുകാരും അവർക്കു് 160 ചാപ്പലുകളും 50 പട്ടക്കാരും ഉണ്ടു്. ഇവയിൽ വല്ല പള്ളികളും അടച്ചുപൂട്ടുകയോ വല്ല പുരോഹിതന്മാരെയും തടവിലാക്കുകയോ, മററുസ്വാതന്ത്ര്യങ്ങൾ തടയുകയോ ചെയ്തിട്ടില്ല. 1945 ജൂലൈ 7-ാംനു മുതൽ സ്പാനിഷ് ഗവമ്മെൻറു നടപ്പിലാക്കിയിരിക്കുന്ന Bill of rights എന്ന നിയമസംഹിതയുടെ 6-ാം ഖണ്ഡികയിൽ പ്രൊട്ടസ്റ്റൻറുകാരുടെ അവകാശങ്ങളെപ്പററി സ്പഷ്ടമായി വിവരിച്ചിട്ടുണ്ടു്. അങ്ങനെയുള്ള സ്വാതന്ത്ര്യങ്ങളെ ദുരുപയോഗപ്പെടുത്തിയാൽ ഏതു പരിഷ്കൃതഗവമ്മെൻറും സത്വര നടപടികൾ കൈക്കൊള്ളുന്നതായിരിക്കും.

ഹംഗേറിയാ കത്തോലിക്കാഭൂരിപക്ഷമുള്ള ഒരു രാജ്യമല്ല. അവിടത്തെ പ്രൊട്ടസ്റ്റൻറു മിനിസ്റ്ററന്മാരെല്ലാം തുറുങ്കിലെ ഇരുമ്പഴികൾക്കുള്ളിൽ അടച്ചുപ്പെട്ടവരല്ലോ. അതിനു പരാതിയൊന്നുമില്ലയോ? ഇനിയും സ്വീഡനിലേക്കു് ഒന്നുതിരിഞ്ഞുനോക്കുക. ലൂതറൻസഭക്കാരായ പ്രൊട്ടസ്റ്റൻറുകാർക്കാണ് അവിടെ ഭൂരിപക്ഷമുള്ളതു്. ആ സ്വീഡിഷ് ഗവമ്മെൻറിൻെറ അനുവാദം മുൻകൂട്ടി വാങ്ങാതെ ഒരു കത്തോലിക്കനു് അവിടെ വസ്തു സമ്പാദിപ്പാൻ അവകാശമില്ല. സ്വീഡനിലെ ക്യാബിനററിൽ കത്തോലിക്കനായ ഒരുവനേയും മെമ്പർ ആക്കിക്കൂടെന്നാണ് നിയമമുണ്ടാക്കിയിരിക്കുന്നതു്. അവിടെ ഏകദേശം 6000ത്തോളം കത്തോലിക്കരുമുണ്ടു്. കത്തോലിക്കരുടെ മേലുള്ള സ്വീഡിഷ് ഗവമ്മെൻറിൻെറ ഈ കൈയേററം ലൂതറൻസഭയുടെ നടപടിയായി ഇവർ പരിഗണിക്കാത്തതെന്തുകൊണ്ടു്? അങ്ങനെ ചെയ്യുവാൻ പാടില്ലെങ്കിൽ അതേമനസ്ഥിതിതന്നെ സ്പെയിനിൻെറയും അർജൻറീനായുടേയും കാര്യത്തിലും പ്രദർശിപ്പിക്കേണ്ടതല്ലയോ? ഓരോ സ്ഥലത്തുമുള്ള ഗവമ്മെൻറു് അവിടവിടത്തെ സാഹചര്യങ്ങൾ അനുസരിച്ചു് ഉണ്ടാക്കുന്ന നിയമങ്ങളുടെ അപരാധങ്ങൾ മതത്തിൻെറമേൽ ചുമത്തുന്നതു് ശരിയല്ല.

കത്തോലിക്കാസഭയിൽ ചേരുവാനിരുന്ന ഒരാളെ ശാസിച്ചുകൊണ്ടു വേറൊരു യാക്കോബായക്കാരൻ പറയുകയാണ്: "എടാ കറിക്കൂട്ടത്തൊക്കെ വിനാഗിരി ചേക്കുന്ന സഭയിൽ ആരു ചേരുമെടാ? അതിലാണോടാ നീ ചേരുവാൻ പോകുന്നതു്? (അവർ ഇരുവരുംകൂടി ഏതോ ഒരു കത്തോലിക്കാഭവനത്തിൽ ചെന്നപ്പോൾ അവക്കു് വിനാഗിരി ചേത്ത കറി വിളമ്പിയത്രേ! അതിനാലാണ് അയാൾ ഇങ്ങനെ പറഞ്ഞതു്.) അപ്പോൾ മൂന്നാമതൊരുവൻ പറയുന്നു: റോമാസഭ കള്ളുകുടിക്കുന്ന സഭയാണ്. ഇങ്ങനെയോരോന്നു് പറയാൻ തുടങ്ങി. ഇതുപോലെയുള്ള ഒരു പരിഹാസമാണ് കോട്ടയം "ചർച്ചുവീക്ക്ലി"യുടേതും. വീട്ടിലെ വേലക്കാരി കറിയിൽ വിനാഗിരി കൂടുതൽ ചേത്തതിൻെറ കുററവും സ്പെയിനിലെ ഗവമ്മെൻറു കമ്മ്യൂണിസം ഭയന്നു് പ്രൊട്ടസ്റ്റൻറുകാരുടെ വെളിപ്രസംഗം തടഞ്ഞകുററവും അർജൻറീനായിലെ ഭരണാധികാരികൾ റേഡിയോപ്രസംഗത്തിനു് നിയന്ത്രണം ചെലുത്തിയതിൻെറ അപരാധവും എല്ലാം കത്തോലിക്കാസഭയുടേതാണുപോലും. ഇത്തരം കുററംചുമത്തലിനു് വിവരമുള്ളവരാരും തുനിയുമെന്നുതോന്നുന്നില്ല.

ക്രിസ്തുമതത്തിനു് പൊതുവെ ലോകമെങ്ങും ഞെരുക്കമുള്ള ഒരു കാലമാണിതു്. നമ്മുടെ നാട്ടിലെ സ്ഥിതി നോക്കിയാലും ഇതു ഗ്രഹിക്കാവുന്നതാണ്. ജാതികൾ തീണ്ടലും തൊടീലും കളഞ്ഞു് അവണ്ണസവണ്ണഭേദം നിനക്കാതെ ക്രിസ്തുമതത്തിനെതിരായി അണിനിരക്കുന്ന ഈ കാലത്തു് കാര്യങ്ങളുടെ ഗുരുലഘുത്വങ്ങൾ ചിന്തിക്കാതെയും ഭവിഷ്യത്തുകളെപ്പററി പര്യാലോചിക്കാതെയും സത്യാസത്യവിവേചനം കൂടാതെയും ഭാന്ദമാത്സര്യം കുത്തിപ്പൊക്കുന്നതിനു പ്രേരിപ്പിക്കുന്ന ഇത്തരം ലേഖനപ്രഖ്യാപനങ്ങൾ ആദരണിയങ്ങളല്ലെന്നു് "ചർച്ചുവീക്ക്ലി" ഇനിയുമെങ്കിലും ഒന്നു മനസ്സിലാക്കിയാൽ നന്നായിരുന്നു.

—

ഗ്രന്ഥാവലോകനം

## ധമ്മതേജസ്സുകൾ

(ഗ്രന്ഥകത്താ, വിദ്വാൻ എൻ. കെ. ജോൺ, സെൻറു ജോസഫ്സ് ഇംഗ്ലീഷ് ഹൈസ്കൂൾ തിരുവനന്തപുരം. വില 12 ണ.)

മഹാത്മാക്കൾ ലോകത്തിൻെറ പൊതുസ്വത്താണ്. ദേശീയമോ ജാതീയമോ ആയ പരിഗണനകളിലൊന്നും അവരെ ബന്ധിച്ചുനിറുത്തുവാൻ സാദ്ധ്യമല്ല. അന്ധകാരനിബിഡമായ ലോകത്തിനു ധാമ്മികോത്തേജനം നൽകിക്കൊണ്ടു ചക്രവാളപരിധിയിൽ ഉദിച്ചുയന്നു വിരാജിക്കുന്ന ആ ജ്യോതിഃപ്രഭാങ്കുരങ്ങൾ ജന്മജന്മാന്തരങ്ങളിൽപ്പോലും ലോകത്തിനു മാർഗ്ഗദർശനമരുളുന്നു; ഈ സമഞ്ജസയാഥാർത്ഥ്യമാണ് വിമർശനവിഷയമായ ഗ്രന്ഥത്തെ സ്പർശിക്കുമ്പോൾ ആദ്യമായി ഞങ്ങളുടെ സ്മൃതിപഥത്തിലെത്തുന്നതു്.

ഗാന്ധിജി, ഫാദർ ഡാമിയൻ, സർ തോമസ് മോർ എന്നി വീരാത്മാക്കളുടെ ചരിത്രമാണ പ്രകൃതഗ്രന്ഥത്തിലെ പ്രതിപാദ്യവിഷയം. ഇതിനകം മലയാളത്തിൽത്തന്നെ ഒന്നിലധികം ഗ്രന്ഥശാഖകളിൽ പ്രത്യാഖ്യാനം ചെയ്യപ്പെട്ടിട്ടുള്ളവയാണ് ഈ പ്രമേയങ്ങൾ. എന്നിരിക്കിലും എത്രപ്രാവശ്യം ആവത്തിച്ചാലും ഏതെല്ലാം സാഹിത്യശാഖകളിൽ കൈകാര്യം ചെയ്താലും അവയുടെ ആസ്വാദ്യത വർദ്ധിക്കുന്നതല്ലാതെ ക്ഷയിക്കുന്നില്ല. പ്രകൃതഗ്രന്ഥത്തിലാകട്ടെ, പ്രസ്തുത ജീവചരിത്രങ്ങളുടെ ഒരു സമഗ്രവിചിന്തനത്തിനേ ഗ്രന്ഥകാരൻ ഒരുങ്ങിയിട്ടുള്ളു. സുദീർഘങ്ങളായ ജീവചരിത്രങ്ങൾ മുഴുവൻ വായിച്ചുതീക്കുവാൻ കൃത്യബഹുലമായ ആധുനികലോകത്തിനു സമയമില്ല. എന്നാൽ ധാമ്മികപ്രാഭവം തികഞ്ഞ വിശിഷ്ടവ്യക്തികളുടെ ജീവിതസംഭവങ്ങൾ പഠിച്ചിരിക്കേണ്ടതാവശ്യവുമാണ്. അതിനാൽ ഈവക ജീവചരിത്രസംഗ്രഹങ്ങൾ ആധുനിക സാഹിത്യത്തിലെ അനുപേക്ഷണിയഘടകങ്ങൾതന്നെയായിരിക്കുമെന്നുള്ളതിൽ പക്ഷാന്തരമില്ല.

ഇതു ഗ്രന്ഥകാരൻെറ ആദ്യകൃതിയാണെന്നു തോന്നുന്നു. ഭാഷാരീതിയിൽ അങ്ങനെ ഒരു നിഗമനത്തിനടിസ്ഥാനമുണ്ടു്. പദപടഹത്തിൻെറ ഒരു ശബ്ദകോലാഹലം ആദ്യന്തം മുഴങ്ങുന്നതായികാണാം. "ഏച്ചുകെട്ടി"യുള്ള ചില സമാസങ്ങൾ, എങ്ങാക്കെയോ മുഴച്ചു കാണുന്നുമുണ്ടു്. അത്ഥപൗനരുക്ത്യവും ആനുഷംഗികമായി പലയിടത്തും കടന്നുകൂടിയിരിക്കുന്നു. "സാമിപ്യസാരോക്തികൾ" (P. 47) "അന്ത്യശാസനാശ്വസനസംഹിത" (P. 38 Fr. ഡാമിയൻ) "വിഹാരരദികരംഗം" (മഹാത്മഗാന്ധി P. 46) മുതലായവ ദീർഘസമാസത്തിൻെറയും, "ലോകദൃഷ്ട്യാ ദർശനീയമാക്കിത്തിക്കാൻ", (ഫാ. ഡാമിയൻ P. 27) തുടങ്ങിയുള്ള പ്രയോഗങ്ങൾ പൗനരുക്ത്യത്തിൻെറയും രസവൈകല്യത്തെ ഉദാഹരിക്കാൻ എടുത്തുകാണിക്കാവുന്നതാണ്. "ഭഗവന്നാമോച്ചാരണം" (ഫാ. ഡാമിയൻ P. 18) ക്രൈസ്തവസാഹിത്യവേദിയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ചിട്ടുള്ള പദമാണെന്നു തോന്നുന്നില്ല. ക്രൈസ്തവചരിതങ്ങൾ ഭാഷയിൽ കൈകാര്യം ചെയ്യുമ്പോൾ ഏതാദൃശസംഗതികളിൽ ഗ്രന്ഥകാരനു സമ്പൂർണ്ണസ്വാതന്ത്ര്യം ചെലുത്താൻ പ്രയാസമാണെന്നുള്ള വസ്തുത ഓമ്മിക്കേണ്ടതാണ്.

ശ്മശാനഘോഷയാത്രാവേളയിലെ "ഗാനാലാപം എല്ലാവരെയും ആഹ്ളാദഭരിതരാക്കിത്തീക്കാ" (ഫാ. ഡാ. P. 32) ഇത്യാദി പ്രയോഗങ്ങളുടെ അസാന്ദർഭികത്വവും അരോചകമായിരിക്കുന്നു. ഏവംവിധം വേറെയും വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കാനുണ്ടു്. അടുത്ത പതിപ്പിൽ ഗ്രന്ഥകാരൻ ഇവയുടെ സംസ്കരണത്തിൽ ശ്രദ്ധിക്കുമെന്നു വിശ്വസിക്കുന്നു. അദ്ദേഹത്തിൻെറ സാഹിതീസേവനങ്ങളെ അഭിനന്ദിക്കുകയും ഉത്തരോത്തരം ശ്രേയസ്സുകൾ ആശംസിക്കുകയും ചെയ്തുകൊള്ളുന്നു. (J. K. C.)

## മാർട്ടിൻെറ മംഗല്യം

ഒരു മിഷൻ പ്രഹസനം

(ഗ്രന്ഥകത്താവു് ഫാദർ മാത്യൂ പഴേടം, രാജം, വിശാഖപട്ടണം. വില 4. അണ. സെൻറ് ജോസഫ്സ് പ്രസ്സ്, മാന്നാനം.)

മിഷൻരംഗത്തുള്ള തൻെറ അനുഭവത്തെ ആസ്പദമാക്കി ഫാദർ മാത്യൂ എഴുതിയിട്ടുള്ള ഒരു പ്രഹസനമാണിതു്. ഒരു മിഷനറിയുടെ പല സേവനരംഗങ്ങളും തന്മയത്വത്തോടുകൂടി പ്രദർശിപ്പിച്ചിട്ടുണ്ടു്. മിഷൻ ഞായറാഴ്ച അഭിനയിക്കാൻ പററിയതു്. പേരു മംഗല്യം എന്നാണെങ്കിലും സ്ത്രീകളാരും രംഗത്തു പ്രത്യക്ഷപ്പെടുന്നില്ല. Fr. A.

—

## കൊറാൻ പഠിപ്പിക്കയില്ല

കത്തോലിക്കാസ്കൂളുകളിൽ കത്തോലിക്കാമതമല്ലാതെ മററു യാതൊരുമതവും പഠിപ്പിക്കുകയില്ലെന്നു ഈജിപ്റ്റിലെ മെത്രാന്മാർ വിശദമാക്കിയിരിക്കുന്നു. എല്ലാ സ്കൂളുകളിലും മുസ്ലീം വിദ്യാത്ഥികളെ കൊറാൻ പഠിപ്പിക്കണമെന്നുള്ള ഗവമ്മെൻറുത്തരവു് കത്തോലിക്കാസ്കൂളുകളിൽ പാലിക്കപ്പെടുന്നതല്ല.

കുർബാനക്കുപ്പായം, കാപ്പ മുതലായ
വൈദിക വസ്ത്രങ്ങൾ
സർപ്ലീസ്, ആൽബാലേസുകൾ
എല്ലാനിറത്തിലും മുത്തുക്കുടകൾ
കൊളംബോ സാരിവക്സ്, ബ്രോഡ്വെ- എറണാകുളം.

പ്രഭാഷണം

# ദൈവസാന്നിദ്ധ്യം

"കർത്താവു് നിന്നോടുകൂടെ" ("നന്മനിറഞ്ഞമറിയ"ത്തിലെ രണ്ടാം വാക്യം.)

"നിങ്ങൾ നിങ്ങളുടെ സ്വന്തമല്ലെന്നും നിങ്ങളുടെശരീരം, ദൈവത്തിൽനിന്നു നിങ്ങൾ പ്രാപിച്ചുള്ളും, നിങ്ങളിൽ വസിക്കുന്നതുമായ പരിശുദ്ധാത്മാവിന്റെ ആലയമാകുന്നുവെന്നും നിങ്ങൾ അറിയുന്നില്ലയോ?"(I. Cor. VI-19)

ഒരു ക്രൈസ്തവകലാലയത്തിൽ പഠിച്ചിരുന്ന ഒരു ഹൈന്ദവവിദ്യാർത്ഥി ഒരിക്കൽ ചോദിക്കുകയുണ്ടായി: "ജ്ഞാനസ്നാനം സ്വീകരിച്ചാൽ ഒരുവനിൽ വലിയ മാററങ്ങൾ സംഭവിക്കുമെന്നു നിങ്ങൾ പറയുന്നുണ്ടല്ലോ. എന്നാൽ ജ്ഞാനസ്നാനം സ്വീകരിച്ച ഒരു വിദ്യാർത്ഥിയും അതു സ്വീകരിച്ചിട്ടില്ലാത്ത ഒരു വിദ്യാർത്ഥിയും തമ്മിൽ ദൃഷ്ടിഗോചരമായ മാററം യാതൊന്നുംതന്നെ ദർശിക്കുവാൻ എനിക്കു സാധിക്കുന്നില്ലല്ലോ?' എന്നു്... പറുദീസയിൽവെച്ചു് ഹവ്വാ പഴം പറിച്ചു ഭക്ഷിക്കുന്നു; ചിന്താമഗ്നയായി അല്പനേരം നില്ക്കുന്നു; ദൃശ്യമായി യാതൊരു മാററവും അവളിൽ വന്നിട്ടില്ല; മരണം സംഭവിച്ചിട്ടില്ല; അവൾ ചുററും നോക്കുന്നു; ഭൂമി വാപിളർന്നു അവളെ വിഴുങ്ങുന്നില്ല; സൂര്യൻ മുമ്പേപ്പോലെതന്നെ പ്രകാശിക്കുന്നുണ്ടു്; പക്ഷിമൃഗാദികളുടെ മധുരഗാനങ്ങൾ ഇപ്പോഴും കേൾക്കപ്പെടുന്നു; വൃക്ഷലതാദികൾ യാതൊരു വാട്ടവും കോട്ടവും കൂടാതെ മന്ദമാരുതനിൽ കളിയാടുന്നു...... ജ്ഞാനസ്നാനത്തിലെ നിഷ്കളങ്കതയെ അഭംഗമായി പാലിച്ചുപോന്നിട്ടുള്ള ഒരു യുവാവു് ഇതാ പാപത്തിൽ നിപതിക്കുന്നു. ബാഹ്യമായി അവനിൽ എന്തൊരു മാററമാണുണ്ടാകുന്നതു്? അവൻ പിശാചിനെപ്പോലെ കറുത്തു് വിരൂപനാകുന്നുണ്ടോ? അവൻ ബോധം കെട്ടുവീഴുകയോ മരിച്ചുപോകയോ ചെയ്യുന്നുണ്ടോ? ഭൂമികുലുക്കം ഉണ്ടാകുന്നുണ്ടോ? ഒന്നുംതന്നെയില്ല. പാപത്തിനു ശേഷവും ആ യുവാവിൽ യാതൊരു മാററവും വന്നിട്ടുള്ളതായി അവന്റെ യുവസ്നേഹിതന്മാർ ദർശിക്കുന്നില്ല. അവൻ അവർക്കു ഇപ്പോഴും പണ്ടത്തെ യുവകോമളനും സരസനുമായ ആ സ്നേഹിതൻതന്നെ. എന്നാൽ യഥാർത്ഥത്തിൽ ആന്തരികമായി വലിയ മാററം നടന്നുകഴിഞ്ഞിരിക്കുന്നു. പ്രസാദവരം അവനു നഷ്ടപ്പെട്ടു; ക്രിസ്തുനാഥൻ അവനിൽനിന്നു ബഹിഷ്കൃതനായി; അവന്റെ മൃതമായ ആത്മാവു് പിശാചിന്റെ നൃത്തരംഗമായിത്തീർന്നിരിക്കുന്നു. ഇവയൊന്നും മാംസദൃഷ്ടികൾക്കു ഗോചരമല്ല. എന്നാൽ വിശ്വാസത്തിന്റെ ഉൾക്കണ്ണുകൾകൊണ്ടു് ഈ ഭയങ്കരമാററം നമുക്കു ദർശിക്കാം.

എല്ലാ സൃഷ്ടികളിലും ദൈവത്തിന്റെ സാന്നിദ്ധ്യമുണ്ടെന്നു പറയാവുന്നതാണു്. സകല വസ്തുക്കളും അങ്ങേ ശക്തിയുടെ പ്രവർത്തനത്തിനു് അധീനമായിരിക്കുന്നതുകൊണ്ടു് തന്റെ ശക്തിവഴിയായി അങ്ങുന്നു് എല്ലാററിലും സന്നിഹിതനാണു്. എല്ലാവസ്തുക്കളേയും അങ്ങേ അനന്തജ്ഞാനം സ്പർശിക്കുന്നതുകൊണ്ടു് തന്റെ ജ്ഞാനംവഴിയായും അങ്ങുന്നു് എല്ലാററിലും നിവസിക്കുന്നു. ഏതൊരു വസ്തുവും അസ്തിത്വത്തിൽ സ്ഥിതിചെയ്യണമെങ്കിൽ ദൈവം അതിനെ ഓരോ നിമിഷത്തിലും താങ്ങിക്കൊണ്ടിരിക്കണമെന്നുള്ളതുകൊണ്ടു് അങ്ങുന്നു് തന്റെ സത്ത (Essence) വഴിയായി എല്ലാവസ്തുക്കളിലും സ്ഥിതിചെയ്യുന്നുമുണ്ടു്. ഈ സാന്നിദ്ധ്യം നിർജ്ജീവവസ്തുക്കളിലും വിശേഷബുദ്ധിയില്ലാത്ത ജീവികളിലുംകൂടിയുണ്ടായിരിക്കും. എന്നാൽ ആദ്ധ്യാത്മികാംശമുള്ള മനുഷ്യൻ ദൈവത്തെ അറിയുകയും സ്നേഹിക്കുകയും ചെയ്യുന്നതുകൊണ്ടും അനിതരസാധാരണമായ ദൈവസാന്നിദ്ധ്യം അവനിൽ ഉണ്ടാകുന്നു; കാരണം, പ്രകൃതിയാൽതന്നെ മനുഷ്യൻ നന്മയെയാണു് സ്നേഹിക്കയും അന്വേഷിക്കയും അഭിലഷിക്കയും ചെയ്യുന്നതു്. ഇതിലുമുപരിയായി പ്രസാദവരംമൂലം പവിത്രീകൃതമായ ഒരാത്മാവിൽ ദൈവം ഒരു ദേവാലയത്തിലെന്നതുപോലെ പ്രത്യേക വിധത്തിൽ നിവസിക്കുന്നു. ആത്മാവു് തന്റെ പ്രാണനാഥനോടെന്നതുപോലെ ദൈവത്തോടു് ഒന്നിക്കുകയും അങ്ങേ സാന്നിദ്ധ്യം പരിപൂർണ്ണമായനുഭവിക്കുകയും ചെയ്യുന്നു.

"നിങ്ങൾ ദൈവത്തിന്റെ ആലയങ്ങളാകുന്നുവെന്നും പരിശുദ്ധാരൂപി നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിഞ്ഞുകൂടയോ?' (I. cor III-16) എന്നു് വി. അപ്പസ്തോലൻ കൊറിന്ത്യക്കാരോടു ചോദിക്കുന്നു. "നമുക്കു നൽകപ്പെട്ടിരിക്കുന്ന പരിശുദ്ധാത്മാവുമൂലം ദൈവസ്നേഹം നമ്മുടെ ഹൃദയങ്ങളിൽ ചിന്തപ്പെട്ടിരിക്കുന്നു" (Rom. V-5). പവിത്രീകരണകൃത്യം പരി. ത്രിത്വത്തിന്റെ മൂന്നാമാളായ പരിശുദ്ധാരൂപിയിലാണു് ആരോപിക്കപ്പെടാറുള്ളതു്. അതുകൊണ്ടാണു പരിശുദ്ധാരൂപിയുടെ സാന്നിദ്ധ്യം പ്രത്യേകമായി വി. ലിഖിതങ്ങൾ എടുത്തുപറയുന്നതു്. എന്നാൽ പരി. ത്രിത്വം മുഴുവനുംതന്നെ നീതിമാനിൽ സന്നിഹിതരാണെന്നുള്ളതു നാം മറക്കരുതു്: "എന്നെ സ്നേഹിക്കുന്നവൻ എന്റെ വചനം കാക്കുന്നു അപ്പോൾ എന്റെ പിതാവു് അവനെ സ്നേഹിക്കുകയും ഞങ്ങൾ അവന്റെ അടുക്കൽവന്നു അവനോടുകൂടി വസിക്കയുംചെയ്യും" (Jn. XIV-23). സോളമൻ പണികഴിപ്പിച്ച മനോഹരദേവാലയവും ഇന്നത്തെ ബ്രഹ്മാണ്ഡമായ വി. പത്രോസിന്റെ ബസിലിക്കായും, മാത്രമല്ല ഈ പ്രപഞ്ചമാകുന്ന മഹാദേവാലയംപോലും, ദൈവവരപ്രസാദാലംകൃതമായ ഒരാത്മാവിലെ ദേവാലയത്തോടു താരതമ്യം ചെയ്യപ്പെടുമ്പോൾ കേവലം നിസ്സാരമായി പ്രത്യക്ഷപ്പെടും. കാരണം മുൻപറഞ്ഞവയെല്ലാം നശിച്ചുപോകും. എന്നാൽ ആദ്ധ്യാത്മിക ദേവാലയം ഒരിക്കലും നശിച്ചുപോകയില്ല; പ്രത്യുത, അതിലെ വിചിത്രശില്പങ്ങളും അലങ്കാരവിശേഷങ്ങളും കൂടുതൽ കാന്തിയോടെ കാലാകാലത്തോളം പരിശോഭിക്കും. ചാവുദോഷം ചെയ്യുമ്പോൾ ഈ മനോഹരദേവാലയത്തിൽനിന്നും നാം കർത്താവിനെ ബഹിഷ്കരിക്കയും അതിനെ താറുമാറാക്കുകയുമാണു് ചെയ്യുന്നതു്.

യെറമിയാസ് പ്രവാചകൻ പറയുന്നു: "കർത്താവു് അരുളിച്ചെയ്യുന്നു... ഇതാകുന്നു ഞാൻ ഇസ്രായേൽ വംശവുമായി ചെയ്വാൻ പോകുന്ന ഉടമ്പടി: എന്റെ പ്രമാണങ്ങൾ ഞാൻ അവരുടെ ഹൃദയങ്ങളിൽ എഴുതും; ഞാൻ അവരുടെ ദൈവവും അവർ എന്റെ ജനങ്ങളുമായിരിക്കയും ചെയ്യും." സീനാപർവ്വതത്തിൽ ചെയ്തതുപോലെ കല്പലകകളിലല്ല, പ്രത്യുത നിങ്ങളുടെ മാംസളമായ ഹൃദയഫലകങ്ങളിൽ ഞാൻ എന്റെ പ്രമാണങ്ങൾ എഴുതും. മോശയോടു കല്പിച്ചതുപോലെ മലമുകളിലേക്കു വരുവാൻ ഞാൻ നിങ്ങളോടു കല്പിക്കയില്ല, പ്രത്യുത ഞാൻതന്നെ നിങ്ങളുടെ ഹൃദയത്തിന്റെ നിഗൂഢസങ്കേതങ്ങളിലേക്കു് ഇറങ്ങിവരും. ഞാൻ ജറുസലത്തു് മാത്രമല്ല എന്റെ സിംഹാസനം സ്ഥാപിക്കുക; പ്രത്യുത, പരിശുദ്ധമായ ഓരോ ആത്മാവിലും ഞാൻ വാസസ്ഥാനമുണ്ടാക്കും, പ്രേമപൂർവ്വം അതിൽ വസിക്കയും ചെയ്യും...ഇപ്രകാരം ദൈവം നമ്മിൽ വസിക്കുമ്പോൾ അങ്ങേ രഹസ്യപ്രേരണകൾ, മുന്നറിയിപ്പുകൾ, ജ്ഞാനനിവേശനങ്ങൾ എന്നിവ പ്രസാദവരജീവന്റെ അഭിവൃദ്ധിക്കും സാഫല്യത്തിനും നമ്മെ സഹായിക്കും. "എന്നിൽ വിശ്വസിക്കുന്ന ഏവരുടേയും ഉദരത്തിൽനിന്നു്, വി. ലിഖിതങ്ങൾ പ്രസ്താവിച്ചിട്ടുള്ളതുപോലെ, ജീവജലത്തിന്റെ നദികൾ ഒഴുകും." ഈ വാക്യത്തിനുശേഷം വി. യോഹന്നാൻതന്നെ തുടരുന്നു: "തന്നിൽ വിശ്വസിക്കുന്നവർ സ്വീകരിക്കാനിരുന്ന പരിശുദ്ധാത്മാവിനെക്കുറിച്ചാണു് അവൻ ഇതു് അരുളിച്ചെയ്തതു്." (Jn. VII-38,39). "ഞാൻ മുന്തിരിവള്ളിയും നിങ്ങൾ ശാഖകളുമാകുന്നു. ആർ എന്നിലും ഞാൻ അവനിലും വസിക്കുന്നുവോ അവൻ വളരെ ഫലങ്ങൾ പുറപ്പെടുത്തും. എന്തെന്നാൽ, എന്നെക്കൂടാതെ നിങ്ങൾക്കു ഒന്നും ചെയ്വാൻ കഴികയില്ല" എന്നുള്ള വാക്യങ്ങളും ഇത്തരുണത്തിൽ പ്രത്യേകം സ്മർത്തവ്യങ്ങളാണു്.

പരിശുദ്ധ മറിയം ദൈവസുതനു രക്തമാംസങ്ങൾ നൽകുകയും അങ്ങയെ ഉദരത്തിൽ വഹിക്കയും പ്രസവിക്കയും സംരക്ഷിക്കയും ചെയ്തുവെന്നുള്ളതുകൊണ്ടു മററൊരു സൃഷ്ടിയിലും സാദ്ധ്യമല്ലാത്ത വിധത്തിൽ "കർത്താവു് നിന്നോടുകൂടെ" എന്നുള്ള വാക്യം മറിയത്തിൽ അന്വർത്ഥമാകുന്നുണ്ടു്. എന്നാൽ ഈ പ്രത്യേകാനുഗ്രഹത്തെ മാററിവച്ചുകൊണ്ടു്— ദൈവദൂതന്റെ അഭിവാദ്യവേളയിൽ മനുഷ്യാവതാരം നടന്നു കഴിഞ്ഞിട്ടുണ്ടായിരുന്നില്ലല്ലോ—പ്രസാദവരത്തിലിരിക്കുന്ന ഒരാത്മാവിൽ സാധാരണമായുള്ള കർത്താവിന്റെ സാന്നിദ്ധ്യത്തെത്തന്നെ എടുത്തുനോക്കിയാലും പരിശുദ്ധ കന്യകയിൽ ഈ സാന്നിദ്ധ്യം ഏററവും ഉന്നതമായ നിലയിൽ ഉണ്ടായിരുന്നുവെന്നുള്ളതു തീർച്ചയാണു്. തന്നിമിത്തം "കർത്താവു് നിന്നോടുകൂടെ" എന്നു് ദൈവദൂതൻ പറഞ്ഞപ്പോൾ "നന്മനിറഞ്ഞ മറിയമേ" എന്നു ഇതിനുമുമ്പ പ്രയോഗിച്ച വിശേഷണത്തിന്റെ ഒരു വിശിഷ്ടഫലത്തെ പ്രത്യേകമായി എടുത്തുപറഞ്ഞുവെന്നേയുള്ളു. ഒരു സൃഷ്ടിക്കു എത്രകണ്ടു് സാദ്ധ്യമാണോ അത്രത്തോളം ദൈവപ്രസാദവരത്താൽ പരിശുദ്ധ കന്യക സമ്പൂർണ്ണയായിരുന്നു. തന്നിമിത്തം മറിയത്തിൽ ദൈവത്തിന്റെ സാന്നിദ്ധ്യവും ഏററവും സമ്പൂർണ്ണമായിരുന്നു "മറിയം ക്രിസ്തുവിനെ ഉദരത്തിൽ ഗർഭംധരിക്കുന്നതിനു മുമ്പേ വിശ്വാസംവഴിയായി അവളുടെ ഹൃദയത്തിൽ അങ്ങുന്നു് ഉൽപാദിതനായിരുന്നു," എന്നും, "അവൾ മാംസത്തിൽ എന്നതിനെക്കാൾ കൂടുതൽ ധന്യതയോടെ ഹൃദയത്തിൽ ക്രിസ്തുവിനെ സംവഹിച്ചിട്ടില്ലായിരുന്നുവെങ്കിൽ അവളുടെ ദിവ്യമാതൃത്വംകൊണ്ടു് അവൾക്കു യാതൊരു ഫലവും സിദ്ധിക്കയില്ലായിരുന്നു" എന്നും വി. ആഗസ്തീനോസ് പറയുന്നു. പരിശുദ്ധ കന്യകയെ പരിശുദ്ധാരൂപിയുടെ മണവാട്ടിയെന്നാണു് സഭ അഭിസംബോധനം ചെയ്യുന്നതു്. "മണവാട്ടി" എന്ന പദത്തിൽ അന്തർലീനമായിരിക്കുന്ന പ്രേമവും ഗാഢസൗഹാർദ്ദവും അവിഭാജ്യതയും ഇവർതമ്മിലും ഉൽകൃഷ്ടതമമായരീതിയിൽ ഉണ്ടായിരുന്നു.

പ്രസാദവരത്തിലായിരിക്കുമ്പോൾ നമ്മുടെ സ്ഥിതി എത്ര ഉൽകൃഷ്ടമാണെന്നു ആലോചിച്ചുനോക്കുക! ദൈവത്തിന്റെ യഥാർത്ഥസാന്നിദ്ധ്യം നമ്മിലുണ്ടാകുന്നു. ദാനങ്ങൾമാത്രമല്ല ദാതാവിനെയും നമുക്കു് ലഭിക്കുന്നു. ഈ സമുന്നതസ്ഥാനം പാപംവഴിയായി നാം നഷ്ടപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ആ വലിയ നഷ്ടത്തെ, ആ വലിയ അധഃപതനത്തെ, നാം ഉടനെ നീക്കണം. പാപം ചെയ്താലും ബാഹ്യമായ നാശമോ നഷ്ടമോ മാനഹാനിയോ ഒന്നുംതന്നെ നമുക്കു് സംഭവിക്കാനില്ലെന്നുള്ള വെറും ലൗകായതികമായ മനസ്ഥിതി നമുക്കുണ്ടാകരുതു്. നേരെ മറിച്ചു്, വിശ്വാസദൃഷ്ടികൾകൊണ്ടു പാപം വരുത്തിവെക്കുന്ന നാശവും നഷ്ടവും നാം ദർശിക്കണം. "കണ്ടാലും, ഇതാ ഞാൻ വാതിൽക്കൽനിന്നുകൊണ്ടു മുട്ടുന്നു..." ക്രിസ്തുനാഥൻ ഓരോരുത്തരുടേയും ഹൃദയകവാടത്തിങ്കൽ നിന്നുകൊണ്ടു് പ്രവേശനത്തിനായി മുട്ടിവിളിക്കുന്നു. നാം അങ്ങയെ പൂർണ്ണമായും പ്രവേശിപ്പിക്കുക. കുറച്ചു സമയത്തേക്കു മാത്രമാകരുതു്; മററു അതിഥികൾ വന്നുകൊണ്ടു് അങ്ങയെ ബഹിഷ്കരിക്കരുതു്; പ്രത്യുത, അങ്ങു നമ്മുടെ ഹൃദയസിംഹാസനത്തിൽ ഒരു രാജാവിനെപ്പോലെ വാഴട്ടെ. നാം സദാ അങ്ങയെ സ്മരിക്കയും അങ്ങേ നേതൃത്വത്തിൽ നമ്മുടെ സകല കൃത്യങ്ങളേയും നിയന്ത്രിക്കുകയും ചെയ്യണം. അപ്പോൾ "ഞാൻ ജീവിക്കുന്നു, എന്നാൽ ഞാനല്ല, ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു നമുക്കു പറയാം. കർത്താവു് നമ്മോടുകൂടി എല്ലായ്പോഴും ഉണ്ടായിരിക്കട്ടെ. "ക്രിസ്തുവിനെ സ്നേഹിക്കയും, അങ്ങയെ നിന്റെ സ്നേഹിതനായി വെച്ചുകൊൾകയും ചെയ്ക; എല്ലാവരും പിൻവാങ്ങുമ്പോൾ അവിടുന്നു നിന്നെ ഉപേക്ഷിക്കയില്ല. നീ അവസാനം നശിച്ചുപോകുവാൻ സമ്മതിക്കയുമില്ല." (ക്രിസ്താനുകരണം Bk I Ch. 8) ക്രിസ്തുവിനെ കൂടാതെ, ലോകംകൊണ്ടു നമുക്കു് എന്തു പ്രയോജനം? (ജെ. ചെമ്മണൂർ)

## കൽക്കാദാനിയാ സൂനഹദോസ്

(3-ാം പേജ് തുടർച്ച)

പോലെ ഈ കുറ്റത്തേൽ ഞാൻ ചുററുന്നതാണു്. എത്ര പേരുടേതു ഇങ്ങനെ ഞാൻ ചുററിയിട്ടുണ്ടെന്നു തിരുമേനിമാർ അറിഞ്ഞിട്ടില്ലായിരിക്കാം.

1-ാം ഭടൻ (ഒരു മെത്രാന്റെ അടുത്തുചെന്നു പറയുന്നു) തിരുമേനി, ഞാൻ ചൊല്ലിത്തരുന്നതു് ഏററുചൊല്ലുക. എവുത്തിക്കോസ് വിശ്വസിക്കുന്നതു ഞാനും വിശ്വസിക്കുന്നു. (മെത്രാൻ ഏററുചൊല്ലാൻ മടിക്കയിൽ തൊപ്പിതട്ടുകയും, വാളോങ്ങി ഭയപ്പെടുത്തുകയും ചെയ്തുകൊണ്ടു്) ചൊല്ലു തിരുമേനി, ഈ വാൾ നല്ല മൂർച്ചയുള്ളതാണു്. ഒററ വെട്ടിനു തേങ്ങാമുറിപോലെ തിരുമേനിയുടെ മേനിയും തലയും ഞാൻ ഇപ്പോൾ വേർപെടുത്തും.

(മെത്രാൻ ഭയപ്പെട്ടു് വിക്കിവിക്കി "ത്തിക്കോസ് വിശ്വസിക്കുന്നതു......" എന്നു പറയുമ്പോൾ) ഭടൻ:- തിരുമേനി, ത്തിക്കോസ് എന്നല്ല, എവുത്തിക്കോസ് എന്നു തെളിച്ചു ചൊല്ലുക. തിരുമേനിക്കു വിശക്കുന്നുണ്ടെങ്കിൽ അക്ഷരം വിഴുങ്ങേണ്ടാ. ഭക്ഷണം വല്ലതും ഞാൻ തരാം. (മെത്രാൻ ഭയപ്പെട്ടു് ഏററുചൊല്ലി ഒപ്പിടുന്നു.)

2-ാം ഭടൻ (വേറൊരു മെത്രാന്റെ അടുക്കൽ ചെന്നു്), ചൊല്ലു തിരുമേനി, :എവുത്തിക്കോസിന്റെ വിശ്വാസം സത്യവിശ്വാസമാണു്. (മെത്രാൻ ഭയപ്പെട്ടു വിറച്ചുകൊണ്ടു "എവുത്തിക്കോസിന്റെ ശ്വാസം" എന്നു പറയുമ്പോൾ ഭടൻ):- തിരുമേനി, തിരുമേനിക്കു മലമ്പനി പിടിച്ചു! എന്താണു് ഇത്ര വിറ? നല്ല കൊയിനാ ഞാൻ തരാം. എവുത്തിക്കോസിന്റെ ശ്വാസം എന്നല്ല, എവുത്തിക്കോസിന്റെ വിശ്വാസം സത്യവിശ്വാസമാണെന്നു് ഏററുപറയണം. (മെത്രാൻ ഭയപ്പെട്ടു് അപ്രകാരം ചൊല്ലി ഒപ്പുവയ്ക്കുന്നു)

(ചില മെത്രാന്മാർ ഒപ്പു വയ്ക്കുവാൻ മടിക്കുന്നു. ഭടന്മാർ വാളോങ്ങിയും കുന്തം കുലുക്കിയും, കൈചുരുട്ടിയും അവരെ ഭയപ്പെടുത്തുന്നു ചിലർ ഭടന്മാരെ ഭയപ്പെട്ടു് ഒപ്പുവയ്ക്കുന്നു. ചിലർ ഓടിമറയുന്നു. മററു ചിലരെ ഓടാൻ ശ്രമിക്കയിൽ ഭടന്മാർ തടഞ്ഞുനിറുത്തുന്നു. ചിലർ യോഗനിശ്ചയങ്ങൾ എഴുതാഞ്ഞ വെറും വെള്ളക്കടലാസുകളിൽ ഒപ്പുവയ്ക്കുന്നു)

3-ാം ഭടൻ:- അദ്ധ്യക്ഷൻ തിരുമേനി, യോഗനിശ്ചയങ്ങളിൽ എല്ലാമെത്രാന്മാരും ഒപ്പുവച്ചിട്ടില്ല. ചിലർ ഓടിപ്പൊയ്ക്കളഞ്ഞു. മററുചിലർ യോഗനിശ്ചയങ്ങൾ എഴുതാത്ത വെറും വെള്ളക്കടലാസുകളിലാണു് ഒപ്പുവച്ചിരിക്കുന്നതു്. ഞങ്ങളെ ഭയപ്പെട്ടാണു വേറെചിലർ ഒപ്പുവച്ചുതന്നതു്.

ദിയസ്കോറോസ്:- അതൊന്നും സാരമില്ല. നാം അല്ല ഈ സൂനഹദോസിലെ അദ്ധ്യക്ഷൻ? ഉണ്ടായ കുറവുകളെല്ലാം നാം വേണ്ടതുപോലെ പരിഹരിച്ചുകൊള്ളാം. ഇവിടെ സന്നിഹിതരായിരുന്ന മെത്രാന്മാരുടെ പേരുകളെല്ലാം നിങ്ങൾ യോഗനിശ്ചയങ്ങൾ എഴുതിയ കടലാസിന്റെ അടിയിൽ ചേർത്തുകൊണ്ടാൽമതി അപ്പോൾ അവരെല്ലാം ഒപ്പിട്ടതായി ഇരുന്നുകൊള്ളും. "അലക്സാണ്ഡ്രിയാ പാത്രിയർക്കീസായ ദിയസ്കോറോസിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസൂനഹദോസ്" എന്നെഴുതിയാണു് ഈ സൂനഹദോസ് നിശ്ചയങ്ങളിൽ നാം ഒപ്പിട്ടിരിക്കുന്നതു്. അതുകൊണ്ടു് ഇതൊരു പൊതുസൂനഹദോസായി ലോകത്തിൽ അറിയപ്പെട്ടുകൊള്ളും. നേരേമറിച്ചു് എവുത്തിക്കോസിനെ ശപിച്ചഫ്ളാവിയൻ പാത്രിയർക്കീസും കൂട്ടരും പാഷണ്ഡികൾ എന്നുള്ള മഹിമനാമം ലോകചരിത്രത്തിൽ ലഭിക്കുന്നതായിരിക്കും. (കർത്തൻ)

## റേഡിയോ വൈദികന്റെ ജൂബിലി

ആസ്ത്രേലിയായിലെ സുപ്രസിദ്ധ റേഡിയോവക്താവായ ലസ്ലി റംബിൾ എം. എസ്. സി. പുരോഹിതപ്പട്ടം സ്വീകരിച്ചതിന്റെ രജതജൂബിലി ഈയിടെ ആഘോഷിച്ചിരിക്കുന്നു. ജൂബിലേറിയൻ കത്തോലിക്കാസഭയിലേക്കു മനസ്സുതിരിഞ്ഞ ഒരാളാണു്.

വിമർശനവീഥി

# "യുക്തിവാദി"യുടെ യുക്തിഹീനത വീണ്ടും പ്രകടിതമാകുന്നു

"ക്രൈസ്തവഭൂമിശാസ്ത്രം" എന്ന തലക്കെട്ടിൽ "യുക്തിവാദി" പ്രസിദ്ധപ്പെടുത്തിയിരുന്ന ലേഖനം സത്യദീപത്തിന്റെ 22-ാം പുസ്തകം 47, 48 ലക്കങ്ങളിലും 23-ാം പുസ്തകം 1-ാം ലക്കത്തിലും ഞങ്ങൾ സവിസ്തരം വിമർശിച്ചിരുന്നല്ലോ. ആ ലേഖനത്തിൽ പ്രകടിതമായിരുന്ന യുക്തിഹീനതയേയും, അസത്യസൂചനവും സത്യഗോപനവും തുടങ്ങിയുള്ള കൃത്രിമങ്ങളേയും മററും വിമർശനത്തിനിടയ്ക്കു സകാരണം ഞങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിരുന്നു. പ്രസ്തുത വിമർശനത്തിനു യുക്തിവാദി ഒരു മറുപടി പ്രസിദ്ധീകരിച്ചിരിക്കുന്നു. അതിൽ തെളിഞ്ഞുകാണുന്ന യുക്തിഹീനതയെയാണു ഈ ലേഖനത്തിൽ ഞങ്ങൾ ചൂണ്ടിക്കാണിക്കുവാൻ ഉദ്ദേശിക്കുന്നതു്. ഞങ്ങളുടെ ലേഖനങ്ങളിൽ "ആക്ഷേപങ്ങളും സമാധാനങ്ങളും" എന്ന തലക്കെട്ടിൽ യുക്തിവാദിയുടെ ആക്ഷേപങ്ങൾ ഓരോന്നോരോന്നായി ഉദ്ധരിക്കുകയും, അവയ്ക്കു തക്ക മറുപടികൾ നല്കുകയും ചെയ്തിരുന്നല്ലോ. അവയിൽ അധികഭാഗവും യുക്തിവാദി അതിന്റെ മറുപടിലേഖനത്തിൽ പകർത്തിയശേഷം ഇപ്രകാരം എഴുതുന്നു.

"ബൈബിളിലെ ഭൂമിശാസ്ത്രം തെററാണെങ്കിൽ മററു ഭാഗങ്ങൾക്കും തെററിക്കൂടായ്കയില്ല. വിശദാംശവ്യഗ്രതയോടെ സത്യദീപമെഴുതിയ ഈ മറുപടി പ്രത്യക്ഷമായ പൂർവ്വാപരവൈരുദ്ധ്യങ്ങൾകൊണ്ടു വിലക്ഷണമായിട്ടുണ്ടു്. "ബൈബിളിലെ ഭൂമിശാസ്ത്രവിവരണം കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ടതാണെന്നു കത്തോലിക്കാസഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല. ഭൂമിശാസ്ത്രം മുതലായ ശാസ്ത്രങ്ങൾ മനുഷ്യർ അവരുടെ സ്വന്തം ബുദ്ധി ഉപയോഗിച്ചും നിരീക്ഷണപരീക്ഷണങ്ങൾ നടത്തിയും ഗ്രഹിച്ചുകൊള്ളണമെന്നാണു് ദൈവനിശ്ചയം" എന്നു പറഞ്ഞിട്ടു സ്വല്പം വരികൾക്കുശേഷം "ദൈവവെളിപാടും ശാസ്ത്രവസ്തുതകളും തമ്മിൽ യാതൊരു വൈപരീത്യവും ഒരിക്കലും ഉണ്ടാകുന്നതല്ല. കാരണം, രണ്ടിന്റെയും കർത്താവു ദൈവംതന്നെയാണു്" എന്നും പറഞ്ഞിരിക്കുന്നു. ഇതിൽ ആദ്യത്തെ ഉദ്ധരണികൊണ്ടു് ബൈബിളിലെ ഭൂമിശാസ്ത്രം തെററാമെന്നും, രണ്ടാമത്തെ ഉദ്ധരണികൊണ്ടു് അതിലെ ശാസ്ത്രവസ്തുതകൾ ഒന്നും തെററാൻ പാടില്ലെന്നുമാണു് സിദ്ധിക്കുന്നതു്."

ഈ ആക്ഷേപത്തിന്റെ യുക്തിഹീനത കാണുവാൻ ഞങ്ങളുടെ മറുപടിയിലെ വാക്യങ്ങൾ മുഴുവനും ഒരാവർത്തി വായിച്ചാൽ മതിയാകും. അവ മുഴുവനും ഞങ്ങളുടെ ലേഖനത്തിൽ കൊടുത്തിരുന്നതുപോലെ, യുക്തിവാദി പകർത്തിയിരിക്കുന്നതുപോലെ, ഞങ്ങൾ താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

ആക്ഷേപം

"ഭൂമി പരന്നതും ഇളക്കമോ കറക്കമോ കൂടാതെ ഉറച്ചുനില്ക്കുന്നതുമാണെന്നാണു് ബൈബിൾവഴി ദൈവം യഹൂദന്മാർക്കും ക്രൈസ്തവർക്കും നൽകിയിട്ടുള്ള അറിവു്."

മറുപടി

"ദൈവം മനുഷ്യനെ ഭൂമിശാസ്ത്രം പഠിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ഗ്രന്ഥമല്ല ബൈബിൾ. അതിനാൽ ബൈബിളിൽ കാണുന്ന ഭൂമിശാസ്ത്രവിവരണം ദൈവം വെളിപ്പെടുത്തിയതാണെന്നു വാദിക്കുന്നതു യുക്തിഹീനതയാണു്."

"ബൈബിളിലെ ഭൂമിശാസ്ത്രവിവരണം കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ടതാണെന്നു കത്തോലിക്കാസഭ ഒരിക്കലും പഠിപ്പിച്ചിട്ടില്ല ഭൂമിശാസ്ത്രം മുതലായ ശാസ്ത്രങ്ങൾ മനുഷ്യർ അവരുടെ സ്വന്തം ബുദ്ധി ഉപയോഗിച്ചും നിരീക്ഷണപരീക്ഷണങ്ങൾ നടത്തിയും ഗ്രഹിച്ചുകൊള്ളണമെന്നാണു് ദൈവനിശ്ചയം."

"ദൈവവെളിപാടും ശാസ്ത്രവസ്തുതകളും തമ്മിൽ യാതൊരു വൈപരീത്യവും ഒരിക്കലും ഉണ്ടാകുവാൻ പാടില്ല. കാരണം രണ്ടിന്റെയും കർത്താവു ദൈവംതന്നെയാണു്."

മറുപടിയുടെ ഈ മൂന്നു ഖണ്ഡികകളിൽ ആദ്യത്തേതിന്റെ അർത്ഥമെന്താണു്? ഓരോ ഗ്രന്ഥത്തിനും ഓരോ ഉദ്ദേശമുണ്ടു്. ഏതൊരു ഗ്രന്ഥവും പഠിപ്പിക്കുവാൻ ഉദ്ദേശിച്ചിട്ടില്ലാത്ത വിഷയത്തെപ്പററിയുള്ള ജ്ഞാനം ആ ഗ്രന്ഥത്തിൽ അന്വേഷിക്കേണ്ടതില്ല. ബൈബിൾഗ്രന്ഥത്തിന്റെ ഉദ്ദേശം മനുഷ്യന്റെ ആദ്ധ്യാത്മരക്ഷയെ പുരസ്കരിച്ചുള്ള മതതത്വങ്ങൾ പഠിപ്പിക്കുവാനാണു്. തന്മൂലം മതതത്വങ്ങളെപ്പററിയുള്ള ജ്ഞാനം മാത്രമേ അതിൽ അന്വേഷിക്കേണ്ടതുള്ളു. ഭൂമിശാസ്ത്രം ഉൾപ്പെടെയുള്ള പ്രകൃതിപരമായ ശാസ്ത്രങ്ങൾ ആ ഗണത്തിൽപെടുന്നില്ലാത്തതിനാൽ ആ ശാസ്ത്രങ്ങൾ ബൈബിളിൽ അന്വേഷിക്കേണ്ടതില്ല.

ഇതിന്റെ അനുമാനം ഞങ്ങളുടെ മറുപടിയിലെ രണ്ടാം ഖണ്ഡികയിൽ ചേർത്തിരിക്കുന്നു. ആ ഖണ്ഡികയാണു് യുക്തിവാദി "ആദ്യത്തെ ഉദ്ധരണി" എന്നു വിളിക്കുന്നതു ഞങ്ങൾ മുകളിൽ ആദ്യം കീഴ്‌വരയിട്ടിരിക്കുന്നതുമായ വാക്യങ്ങൾ. ഞങ്ങളുടെ ഒന്നാം ഖണ്ഡികയിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന ന്യായത്താൽ ബൈബിളിലെ ഭൂമിശാസ്ത്രവിവരണത്തെ കത്തോലിക്കർ വീക്ഷിക്കേണ്ടതെങ്ങനെയെന്നു പ്രസ്തുത വാക്യങ്ങൾ വെളിപ്പെടുത്തുന്നു. ബൈബിളിലെ ഭൂമിശാസ്ത്രവിവരണം കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ടതില്ല; വിശ്വസിക്കേണ്ടതാണെന്നു കത്തോലിക്കാസഭ ഒരിക്കലും പഠിപ്പിച്ചിട്ടുമില്ല. ഭൂമിശാസ്ത്രം മുതലായ ശാസ്ത്രങ്ങൾ ബൈബിൾ വഴിയായി പഠിപ്പിക്കുവാൻ ദൈവം ഉദ്ദേശിച്ചിട്ടില്ലെങ്കിൽ പിന്നെയെങ്ങനെയാണു് മനുഷ്യർ അവയെ ഗ്രഹിക്കേണ്ടതെന്നും പ്രസ്തുത ഖണ്ഡികയിൽ പറഞ്ഞിട്ടുണ്ടു്. മനുഷ്യർ അവരുടെ സ്വന്തം ബുദ്ധി ഉപയോഗിച്ചും നിരീക്ഷണപരീക്ഷണങ്ങൾ നടത്തിയും ആ ശാസ്ത്രങ്ങൾ ഗ്രഹിച്ചുകൊള്ളണം. അതാണു ദൈവനിശ്ചയം.

ഞങ്ങളുടെ മറുപടിയിലെ ഒന്നാമത്തെയും രണ്ടാമത്തെയും ഖണ്ഡികകളുടെ താല്പര്യം അങ്ങനെ ഇപ്പോൾ വിശദീകരിച്ചുവല്ലോ. ഇതിന്റെ വെളിച്ചത്തിൽ യുക്തിവാദിയുടെ ആക്ഷേപം പരിശോധിക്കാം. "ആദ്യത്തെ ഉദ്ധരണികൊണ്ടു് ബൈബിളിലെ ഭൂമിശാസ്ത്രം തെററാമെന്നാണു് സിദ്ധിക്കുന്നതു്" എന്നാണാക്ഷേപം. അതിനെ അടിസ്ഥാനപ്പെടുത്തി "ബൈബിളിലെ ഭൂമിശാസ്ത്രം തെററാണെങ്കിൽ മററു ഭാഗങ്ങൾക്കും തെററിക്കൂടായ്കയില്ല" എന്നു യുക്തിവാദി അനുമിക്കുകയും ചെയ്യുന്നു.

"ബൈബിളിലെ ഭൂമിശാസ്ത്രം തെററാമെന്നു്" ആർ പറഞ്ഞു? ഞങ്ങളുടെ വാക്കുകളിൽനിന്നു് അതു സിദ്ധിക്കുന്നതെങ്ങനെ? ദൈവം ബൈബിൾവഴി തെററായ ഭൂമിശാസ്ത്രം മനുഷ്യർക്കു വെളിപ്പെടുത്തിയെന്ന യുക്തിവാദിയുടെ ആക്ഷേപത്തിനു്, ഭൂമിശാസ്ത്രം ദൈവവെളിപാടിൽ ഉൾപ്പെട്ടതല്ലെന്നുള്ള ഞങ്ങളുടെ മറുപടിയിൽനിന്നു്, ബൈബിളിലെ ഭൂമിശാസ്ത്രവിവരണം തെററാമെന്നു് അവശ്യം സിദ്ധിക്കുന്നുണ്ടോ? ബൈബിളിലെ ഭൂമിശാസ്ത്രവിവരണം ദൈവവെളിപാടിൽ ഉൾപ്പെടാത്തതുകൊണ്ടു് അതു കത്തോലിക്കർ അവശ്യം വിശ്വസിക്കേണ്ടതില്ലെന്നു പറഞ്ഞതിൽനിന്നു് അതു തെററാമെന്നു് അവശ്യം സിദ്ധിക്കുന്നുണ്ടോ? സിദ്ധിക്കുന്നുണ്ടെന്നുള്ള യുക്തിവാദം യുക്തിഹീനമല്ലയോ? ബൈബിളിലെ ഭൂമിശാസ്ത്രം തെററാമെന്നു ഞങ്ങളുടെ വാക്കുകളിൽനിന്നു് അവശ്യം സിദ്ധിക്കാതിരിക്കെ, സിദ്ധിക്കുന്നുണ്ടെന്നുള്ള യുക്തിഹീനമായ സങ്കല്പത്തെ ആധാരമാക്കി, ബൈബിളിലെ മതവിഷയകമായ മററു ഭാഗങ്ങളും തെററാമെന്നനുമാനിക്കുന്നതു് കൂടുതൽ യുക്തിഹീനമല്ലയോ?

ഞങ്ങളുടെ മറുപടിയിലെ മൂന്നാമത്തെ ഖണ്ഡികയിൽ, അതായതു് "രണ്ടാമത്തെ ഉദ്ധരണി" എന്നു യുക്തിവാദി വിളിക്കുന്നതും ഞങ്ങൾ രണ്ടാമതായി കീഴ്‌വരയിട്ടിരിക്കുന്നതുമായ ഖണ്ഡികയിൽ പറഞ്ഞിരിക്കുന്നതെന്താണു?

ബൈബിളിലെ വെളിപാടിന്റെ കർത്താവു് ദൈവമാണു്. പ്രകൃതിയുടെ കർത്താവും ദൈവം തന്നെ. ബൈബിൾ വഴിയായി വെളിപാടു നൽകുന്നതും പ്രകൃതിവഴിയായി ശാസ്ത്രവസ്തുതകൾ വെളിപ്പെടുത്തിത്തരുന്നതും ഒരേ ദൈവം തന്നെയാണെന്നർത്ഥം. ഒരേ ദൈവം തന്നെ രണ്ടു മാർഗ്ഗങ്ങളിലുംകൂടി പഠിപ്പിക്കുന്ന വസ്തുതകൾക്കു തമ്മിൽ യാതൊരു വൈപരീത്യവും ഉണ്ടാകുവാൻ പാടുള്ളതല്ല. പാടുള്ളതാണെങ്കിൽ ദൈവം പരസ്പരവൈപരീത്യങ്ങൾ പഠിപ്പിക്കുമെന്ന ഏററവും അബദ്ധമായ അനുമാനത്തിൽ എത്തിച്ചേരേണ്ടിവരും. ഈ വിശദീകരണത്തിന്റെ വെളിച്ചത്തിൽ യുക്തിവാദിയുടെ ആക്ഷേപം പരിശോധിക്കാം. "രണ്ടാമത്തെ ഉദ്ധരണികൊണ്ടു് ബൈബിളിലെ ശാസ്ത്രവസ്തുതകൾ ഒന്നും തെററാൻ പാടില്ലെന്നാണു് സിദ്ധിക്കുന്നതു്" എന്നാണാക്ഷേപം. "ബൈബിളിലെ" ശാസ്ത്രവസ്തുതകളെപ്പററിയാണോ ഈ ഖണ്ഡികയിൽ ഞങ്ങൾ പറഞ്ഞിട്ടുള്ളതു്? അല്ലെന്നു തീർച്ചയല്ലേ? ബൈബിൾവഴിയായി ശാസ്ത്രവസ്തുതകൾ ദൈവം പഠിപ്പിക്കുന്നില്ലെന്നാണു് ഞങ്ങളുടെ വാദംതന്നെ. പ്രകൃതിവഴിയായിട്ടാണു് ദൈവം ശാസ്ത്രവസ്തുതകൾ പഠിപ്പിക്കുന്നതെന്നു രണ്ടാം ഖണ്ഡികയിൽ ഞങ്ങൾ പറഞ്ഞിട്ടില്ലയോ? ശാസ്ത്രവസ്തുതകളെപ്പററി പൊതുവായിട്ടല്ലയോ ഞങ്ങൾ പറഞ്ഞതു്? ആകയാൽ പരസ്പരവൈപരീത്യം ഞങ്ങളുടെ വാക്കുകളിലല്ല, പ്രത്യുത യുക്തിവാദിയുടെ യുക്തിഹീനമായ ധാരണകളിലും അനുമാനങ്ങളിലുമാണു് കിടക്കുന്നതെന്നു തെളിയുന്നില്ലയോ?

ബൈബിളിലെ ഭൂമിശാസ്ത്രവിവരണം

അവസാനമായി ബൈബിളിലെ "ഭൂമിശാസ്ത്രവിവരണ"ത്തിന്റെ സ്വഭാവത്തെപ്പററിയും അല്പം പറയേണ്ടിയിരിക്കുന്നു. 'ഭൂമി പരന്നതും ഇളക്കമോ, കറക്കമോ കൂടാതെ ഉറച്ചുനില്ക്കുന്നതുമാണെന്നു്" ബൈബിളിലെ ഏതു ഭാഗത്താണു് ദൈവം മനുഷ്യരെ പഠിപ്പിച്ചിട്ടുള്ളതെന്നു ചൂണ്ടിക്കാണിക്കുവാൻ ഞങ്ങൾ യുക്തിവാദിയെ വെല്ലുവിളിക്കുന്നു. ഇസ്രായേൽ ജനങ്ങളുടെ നേതാവായിരുന്ന ജോഷ്വാ സൂര്യനോടു "നില്ക്കു"വാൻ ദൈവനാമത്തിൽ കല്പിച്ചുവെന്നും അതനുസരിച്ചു സൂര്യൻ 'നിന്നു'വെന്നും ബൈബിളിലെ "ജോഷ്വായുടെ പുസ്തക"ത്തിൽ പറഞ്ഞിട്ടുള്ളതിനെ യുക്തിവാദി ദുർവ്യാഖ്യാനം ചെയ്യുകയാണു്. ആ ഗ്രന്ഥമെഴുതിയ മനുഷ്യൻ സാധാരണ മനുഷ്യർ ഉപയോഗിക്കുന്ന ശൈലി ഉപയോഗിച്ചുവെന്നു മാത്രം. സൂര്യൻ ഭൂമിയെയല്ല, ഭൂമി സൂര്യനെയാണു് ചുററുന്നതെന്നു സകലരും സമ്മതിക്കുന്ന ഇക്കാലത്തും, ശാസ്ത്രജ്ഞന്മാർപോലും, സൂര്യൻ ഉദിക്കുന്നു, ഉയരുന്നു, താഴുന്നു എന്നൊക്കെ പറയുന്നില്ലയോ? ആ പ്രയോഗത്തിൽനിന്നു് അവരുടെ ഭൂമിശാസ്ത്രം തെററാണെന്നു, ഭൂമി ഇളക്കമോ കറക്കമോ കൂടാതെ ഉറച്ചുനില്ക്കുകയാണെന്നു്, അവർ വിശ്വസിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നതായി സുബുദ്ധിയുള്ളവർ ആരെങ്കിലും വാദിക്കുമോ? ശാസ്ത്രം പഠിപ്പിക്കാനുള്ള ഗ്രന്ഥത്തിൽ ശാസ്ത്രീയഭാഷ ഉപയോഗിക്കും; ഉപയോഗിക്കണമെന്നു നിഷ്കർഷയുണ്ടായിരിക്കും. ബൈബിൾ ശാസ്ത്രം പഠിപ്പിക്കുന്ന ഗ്രന്ഥമല്ല, മതം പഠിപ്പിക്കുന്ന ഗ്രന്ഥമാണു്. അതിനാൽ അതിൽ ശാസ്ത്രവസ്തുതകളെന്നെയും ശാസ്ത്രീയഭാഷയിലല്ല, സാധാരണ ഭാഷയിലാണു് വിവരിച്ചിരിക്കുന്നതു്. ആ വിവരണത്തിൽനിന്നു് ബൈബിൾ തെററായശാസ്ത്രം പഠിപ്പിക്കുന്നുവെന്നു വാദിക്കുന്നതു് എത്ര യുക്തിഹീനം!

## നിങ്ങൾക്കറിയാമോ?

(2-ാം പേജ് തുടർച്ച)

(ഉത്തരങ്ങൾ)

1. 4 തരം. 1. സാർവ്വത്രിക സൂനഹദോസ് (Oecumenical Council) 2. പൂർണ്ണസൂനഹദോസ് (Plenary Council) 3 പ്രാദേശിക സൂനഹദോസ് (Provincial Council) 4. രൂപതാസൂനഹദോസ് (Diocesan Synod)

2. ലോകത്തിലുള്ള മെത്രാന്മാരെയെല്ലാം ക്ഷണിച്ചുകൊണ്ടു് മാർപ്പാപ്പാ വിളിച്ചുകൂട്ടുന്ന പൊതുസമ്മേളനമാണു് സാർവ്വത്രിക സൂനഹദോസ്.

പല പ്രവിശ്യകളിലെ മെത്രാന്മാരുടെ പൊതുസമ്മേളനമാണു പൂർണ്ണസൂനഹദോസ് അഥവാ Plenary Council. മാർപ്പാപ്പായുടെ പ്രതിനിധിയാണു് സൂനഹദോസിലേക്കു മെത്രാന്മാരെ ക്ഷണിക്കുന്നതും സൂനഹദോസിൽ അദ്ധ്യക്ഷം വഹിക്കുന്നതും.

മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ഒരു പ്രവിശ്യയിലെ മെത്രാന്മാർ ഒരുമിച്ചു നടത്തുന്ന സമ്മേളനത്തിനു പ്രാദേശികസൂനഹദോസ് എന്നു പറയുന്നു. ഇരുപതുകൊല്ലത്തിലൊരിക്കലെങ്കിലും അത്തരം സൂനഹദോസുകൾ കൂടണമെന്നു കാനൻലോ അനുശാസിക്കുന്നു.

രൂപതാമെത്രാന്റെ അദ്ധ്യക്ഷതയിൽ നടത്തുന്ന വൈദികസമ്മേളനത്തിനു രൂപതാസൂനഹദോസ് (Diocesan Synod) എന്നു പറയുന്നു.

3. പത്തു്. എറണാകുളം, വരാപ്പുഴ, തിരുവനന്തപുരം, ആഗ്ര ബോംബെ, കൽക്കട്ട. ഡൽഹി-സിംലാ, ഗോവ, മദ്രാസ്, പോണ്ടിച്ചേരി.

## സംഭവകഥകൾ

### താൻ കുഴിച്ച കുഴിയിൽ

സ്പെയിനിലെ ആഭ്യന്തരസമരകാലത്തു കമ്മ്യൂണിസ്റ്റുകാർ ഒരു ദേവാലയം കൊള്ളയടിച്ചു. അനന്തരം അവരിലൊരാൾ പുരോഹിതവസ്ത്രങ്ങൾ ധരിച്ചുകൊണ്ടു്, പരിശുദ്ധ കുർബാന ചൊല്ലുന്നതിനെ അഭിനയിക്കുന്നതിനായി ബലിപീഠത്തിൽ കയറി. തത്സമയം അവിടെ ആഗതരായ മറെറാരു സംഘം കമ്മ്യൂണിസ്റ്റുകാർ, ബലിപീഠത്തിൽ തിരുവസ്ത്രങ്ങളണിഞ്ഞു നില്ക്കുന്നതു യഥാർത്ഥത്തിൽ ഒരു പുരോഹിതനാണെന്നു തെററിദ്ധരിച്ചു് അയാളെ വെടിവച്ചുകൊന്നു.

### പ്രാർത്ഥനാസമയത്തു

ഒരിക്കൽ വി. ബർണാർഡ് യാത്രാമദ്ധ്യേ ഒരു കൃഷീവലനെ കണ്ടുമുട്ടി. അയാൾ ദൈവത്തെ സ്നേഹിക്കുന്നുണ്ടോ എന്ന ചോദ്യത്തിനു "പൂർണ്ണഹൃദയത്തോടെ ഞാൻ സ്നേഹിക്കുന്നു" എന്നു അയാൾ മറുപടി പറഞ്ഞു.

"നിങ്ങൾ ദൈവത്തോടു പ്രാർത്ഥിക്കാറുണ്ടോ? വിശിഷ്യ ശ്രദ്ധാപൂർവ്വമാണോ നിങ്ങൾ പ്രാർത്ഥിക്കുന്നതു്?" വിശുദ്ധൻ തുടർന്നു ചോദിച്ചു

"അച്ചാ, എനിക്കു പ്രാർത്ഥനാസമയത്തു് ഒരിക്കലും അന്യവിചാരം ഉണ്ടാകാറില്ല." അയാൾ പ്രതിവചിച്ചു.

അതു വിശ്വസിക്കാൻ വി. ബർണാർഡിനു വിഷമം തോന്നി. ആകയാൽ അദ്ദേഹം പറഞ്ഞു: "നമുക്കൊരു കരാറു ചെയ്യാം. ഈ യാത്ര കഴിയുന്നതുവരെ, തുടർച്ചയായി, യാതൊരു തടസ്സവും കൂടാതെ നിങ്ങൾ "ആകാശങ്ങളിലിരിക്കുന്ന" എന്ന ജപം ചൊല്ലുകയാണെങ്കിൽ ഞാൻ കയറിയിരിക്കുന്ന ഈ കുതിരയെ നിങ്ങൾക്കു തരാം."

കൃഷീവലനു സന്തോഷമായി. കുതിരയെ കിട്ടിപ്പോയി എന്നയാൾ തീരുമാനിച്ചു പക്ഷെ പകുതിവഴി ചെന്നപ്പോൾ, ഒരു സംശയം ചോദിക്കാതിരിപ്പാൻ അയാൾക്കു കഴിഞ്ഞില്ല: "അപ്പോൾ അച്ചാ, കുതിരയുടെ കടിഞ്ഞാൺകൂടി തരുമോ?"

### എന്റെ രക്ഷകനുവേണ്ടി

ഫ്രാൻസിലെ രാജാവായിരുന്ന വി. ലൂയീസ്, സ്വന്തം സഹോദരി ഇസബെല്ലാ വിചിത്രവേലകളോടുകൂടിയ ഒരു ഉടുപ്പു തയിക്കുന്നതുകണ്ടു് മന്ദസ്മിതത്തോടുകൂടി പറഞ്ഞു: "അതെനിക്കായിരിക്കുമെന്നു ഞാൻ പ്രതീക്ഷിക്കുന്നു."

"അല്ല ഇത്തരം ഉടുപ്പു ഞാൻ ആദ്യമായിട്ടാണു് തയിക്കുന്നതു്. ആകയാൽ ഇതു ഞാനെന്റെ രക്ഷകനായ ഈശോയ്ക്കുമാത്രമേ കൊടുക്കുകയുള്ളു" — ഇസബെല്ലാ പ്രതിവചിച്ചു.

ഉടുപ്പിന്റെ പണിതീർന്നപ്പോൾ ഇസബെല്ലാ ആദ്യം കണ്ട ഭിക്ഷുവിനു് അതു സമ്മാനമായി കൊടുത്തു.

# Sathya Deepam

Vol. 23 Ernakulam October 19 1949 No. 10


## GLEANINGS

### Rosary Hour
(Sonnet)

Sweet hour of prayer my Rosary proclaims,
Through powers of one of the greatest names,
Our Holy Mother, Blessed evermore,
Whose favours and virtues our hearts adore.
The world, in chaos, needs this Rosary hour
To conquer evils that work to devour
The souls of all mankind, by satan's power.
This hour of true devotion brings us peace
The world cannot give; glorious release
From all distractions, to the mind and soul,
Restoring all things under God's control.
Thus may we and our brethren ever see
The value of this wondrous mystery
To know and live the Truth—
that makes us free!

—*John W. Cribbs*

* * *

### 3' Bones' Are Needed To Test Your Vocation

Agana, Guam.—The following advice to high school graduates wondering about their vocations to the religious life is given by the Catholic publication, *Umatuna Si Kuus*:

"All you need is three bones!"

"A wishbone!" You need a sincere wish to enter the religious life. "A backbone!" You need a strong will, an active mind, and proper health. "A funnybone!" You must have a sense of humour and see the pleasant side of life. "Cheerfully grin when hard duties come and do it all for God."

* * *

### Reassurance

A lady walking down the street in London one day during the last war, when the city was under almost constant attack from the air, was startled by a loud clap of thunder.

As she stood for a moment, rather frightened, a passing urchin reassured her:

"It's all right, lady. That ain't Hitler; it's God."

* * *

The Lord's Prayer has had to withstand a great deal of mumbling and confusion, especially from children trying to learn it from poor enunciators, or from muttering crowds.

One little boy was heard to pray, "Harold be Thy name." Another begged, "Give us this day our jelly bread." A New York child petitioned. "Lead us not into Penn station."

—*St Louis Cathedral Bulletin.*

* * *

One may smile and smile and be a villain still.—*Shakespeare.*

* * *

Anyone who kindles the fires of intolerance and hate is building a fire under his own house.

—*Harold E. Stassen.*

* * *

Lunch Counter Sign: If you want to be satisfied with your lot in life build a service station on it.

* * *

Have a place for everything and keep the thing somewhere else. This is not a piece of advice; it is merely a custom.—*Mark Twain.*

കുടുംബപംക്തി

# മാതാക്കളോട്

## മാർപ്പാപ്പായുടെ ഉൽബോധനം

നിങ്ങളുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദത്തുപുത്രന്മാരും
വിശിഷ്യ, ക്രിസ്തുനാഥന്റെ പ്രിയഭാജനങ്ങളും ആണെന്നു് ഓക്കണം.

പ്രസവത്തിനുമുമ്പും തന്റെ സന്താനത്തിന്റെ ശൈശവാവസ്ഥയിലും യുവതിയായ ഭാര്യക്കുവേണ്ട സഹായവും ശിക്ഷണവും നൽകുന്നതിനായി നിങ്ങളുടെ കത്തോലിക്കാ പ്രവർത്തനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തുന്ന സംഘടനകൾ തികച്ചും കാലോചിതമായിട്ടുണ്ടു്. ഇതിൽ നിങ്ങൾ ഒരു മാലാഖായുടെ ജോലിയാണു ചെയ്യുന്നതു്. ആദ്യ, മാതാവിനേയും അവളുടെ ഉദരസ്ഥിതമായ ശിശുവിനേയും കാത്തു സൂക്ഷിക്കുന്നു; പിന്നീടു് ശിശു ജനിച്ചുകഴിയുമ്പോൾ സ്വർഗ്ഗം തനിക്കു നൽകിയ ചെറുമാലാഖയുടെ ശരീരത്തേയും ആത്മാവിനേയും മുലപ്പാലും പുഞ്ചിരിയും കൊണ്ടു് പോഷിപ്പിക്കുന്ന മാതാവിനെ കുട്ടിയിനരികെനിന്നു നിങ്ങൾ സഹായിക്കുന്നു. മാതൃത്വം എന്ന പാവനമായ കർത്തവ്യം ദൈവം സ്ത്രീക്കു നൽകിയിരിക്കുന്നു. ഇതു വേദനാജനകവും എന്നാൽ സന്തോഷകരവും അത്രേ. ശിശുവിന്റെ ആദ്യകാലത്തെ ശിക്ഷണത്തിനുള്ള ഉത്തരവാദിത്വം മറ്റാരെയുംകാൾ കൂടുതലായി മാതാവിനാണുള്ളതു്. ശിശുവിന്റെ സ്വഭാവരൂപവൽക്കരണത്തിൽ വലുതായ പ്രേരണാശക്തി ചെലുത്തിയേക്കാവുന്ന വംശപാരമ്പര്യത്തെപ്പറ്റി ഇപ്പോൾ നാം പ്രസ്താവിക്കുന്നില്ല. തങ്ങളുടെ സന്താനത്തിന്റെ യഥാർത്ഥമായ ക്രിസ്തീയ ജീവിതം വിഷമകരമാക്കിത്തീർക്കുന്ന മാതാപിതാക്കന്മാരുടെ ക്രമരഹിതമായ ജീവിതത്തിനു് ദുഷ്ടമായ വംശപാരമ്പര്യം ചിലപ്പോൾ കാരണമായേക്കാമെന്നുമാത്രമേ പറയുന്നുള്ളു. ക്രിസ്തുവിലുള്ള വിശ്വാസത്താൽ തങ്ങളുടെ പരസ്പരസ്നേഹത്തെ പവിത്രീകരിച്ചിരിക്കുന്ന മാതാപിതാക്കന്മാരേ, നിങ്ങളുടെ ശിശു ജനിക്കുന്നതിനു മുമ്പായി അതിന്റെ കണ്ണുകൾ പ്രകാശത്തിലേക്കും ആത്മാവു് ജീവനിലേക്കും പ്രവേശിക്കുന്നതിനുള്ള പാവനമായ കുടുംബാന്തരീക്ഷം സജ്ജീകരിക്കുന്നതിനു നിങ്ങൾ ശ്രമിക്കുവിൻ. അങ്ങനെ ആ ശിശുവിന്റെ ധാർമ്മിക വികസനം ക്രിസ്തുവിന്റെ പരിമളസൗരഭ്യത്താൽ പൂരിതമാകട്ടെ.



SS. Pio XII

മാതാക്കളേ, നിങ്ങളുടെ ഗ്രഹണശക്തി സൂക്ഷ്മതരവും സ്നേഹം ആഴമേറിയതുമത്രേ. ആകയാൽ നിങ്ങളുടെ കുഞ്ഞുങ്ങളുടെ ശൈശവത്തിൽ നിങ്ങൾ താല്പര്യപൂർവ്വം അവരെ പരിരക്ഷിക്കുകയും അവരുടെ ചെറുശരീരത്തിന്റെ വളർച്ചയിലും ആരോഗ്യത്തിലും ശ്രദ്ധപതിക്കയും ചെയ്യുന്നു; കാരണം അവർ നിങ്ങളുടെ മാംസത്തിന്റെ മാംസവും ഉദരത്തിന്റെ ഫലവുമത്രെ. നിങ്ങളുടെ കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദത്തുപുത്രന്മാരും വിശിഷ്യ ക്രിസ്തുനാഥന്റെ പ്രിയഭാജനങ്ങളും ആണെന്നു് ഓക്കണം; അവരുടെ ദൈവദൂതന്മാർ സ്വർഗ്ഗീയപിതാവിന്റെ തിരുമുഖം സദാ ദർശിക്കുന്നുവെന്നു് ഓക്കണം. ആകയാൽ നിങ്ങൾ അവരെ വളർത്തുമ്പോൾ ദൈവദൂതന്മാരെപ്പോലെ പെരുമാറണം. നിങ്ങളുടെ ശ്രദ്ധയും താല്പര്യവും സ്വർഗ്ഗോന്മുഖമായിരിക്കണം. അവരുടെ ആത്മാവിനും ശരീരത്തിനും വേണ്ട ശിക്ഷണം ശിശുത്തൊട്ടിമുതൽ നൽകേണ്ടതു നിങ്ങളുടെ കർത്തവ്യമാണു്. നിങ്ങൾ അവർക്കു ശിക്ഷണം നൽകയില്ലെങ്കിൽ അവർ സ്വയം ശിക്ഷണം നൽകിയേക്കും; അതു നന്മയ്ക്കോ തിന്മയ്ക്കോ ആകാം. ഒരുവന്റെ സ്വഭാവത്തിൽ നാം കാണുന്ന പല പ്രത്യേകതകളുടേയും ഉത്ഭവം ശൈശവത്തിൽ അവൻ വളർന്നുവന്ന സാഹചര്യങ്ങളിലായിരിക്കും. ശൈശവത്തിൽ ഒരുവൻ വിധേയനാകുന്ന കേവലം ശാരീരികമായ ശീലങ്ങൾപോലും അനന്തരകാലത്തു് അവന്റെ ആത്മീയവളർച്ചയ്ക്കു് വലിയ വിഘാതമായിവന്നേക്കാം. തന്മൂലം നിങ്ങളുടെ ശിശുവിനെ വളർത്തുന്നതിൽ ആരോഗ്യനിയമങ്ങൾ ശരിയായി പാലിച്ചുകൊണ്ടുപോകുവാൻ പ്രത്യേകം ശ്രദ്ധിക്കണം. എങ്കിൽമാത്രമേ അവൻ വിവേചനാശാലിയായിത്തീരുമ്പോൾ അവന്റെ ശാരീരികാവയവങ്ങളും ശക്തികളും ആരോഗ്യകരവും ബലവത്തും ദുശ്ചാച്ചിലുകളിൽനിന്നു് വിമുക്തവും ആയിരിക്കയുള്ളു. ഇതുകൊണ്ടാണു്, അസാദ്ധ്യമായ ഘട്ടങ്ങളിലൊഴികെ, മാതാവുതന്നെ സ്വന്തം മുലപ്പാൽ കൊടുത്തു് ശിശുവിനെ വളർത്തേണ്ടതു് അവശ്യാവശ്യകമായിരിക്കുന്നതു്. തന്റെ വളർച്ചയ്ക്കു് ഒരു ശിശു പരിപൂർണ്ണമായി ആശ്രയിച്ചിരിക്കുന്ന മാതാവിനു് ആ ചെറുജീവിയുടെമേൽ എത്രമാത്രം ഗഹനമായ പ്രേരണാശക്തി ചെലുത്തുവാൻ സാധിക്കുമെന്നു് ആർക്കു പറയുവാൻ കഴിയും!

തുറന്നുവിടർന്നിരിക്കുന്ന ആ ചെറുകണ്ണുകൾ നിങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ? അവ നിരന്തരം എന്തോ ചോദിച്ചുകൊണ്ടിരിക്കുന്നതുപോലെ തോന്നുന്നു; അവയുടെ നോട്ടം ഒരു വസ്തുവിൽനിന്നും മറ്റൊന്നിലേക്കു കടക്കുന്നു; ഒരാംഗ്യമോ മറ്റോ അവയുടെ ശ്രദ്ധയ്ക്കു വിഷയമാകുന്നു; സന്താപം, സന്തോഷം, ദ്വേഷ്യം, മർക്കടമുഷ്ടി എന്നിവയെല്ലാം അവ പ്രകാശിപ്പിക്കുന്നു; ചെറുചുണ്ടുകൾ വാക്കുകൾ ശബ്ദിക്കുവാൻ പ്രാപ്തമാകുന്നതിനുമുമ്പുതന്നെ മനുഷ്യഹൃദയത്തിൽ കുടികൊള്ളുന്ന മൃദുലവികാരങ്ങളുടെ ഒരു സൂചന ആ നയനങ്ങളിൽ ദർശിക്കുവാൻ നമുക്കു കഴിയുന്നു. ഇതു തികച്ചും സ്വാഭാവികംതന്നെ. ചില ചിന്തകന്മാർ എന്തുതന്നെ പറഞ്ഞിരുന്നാലും നാം ജനിക്കുന്നതു് വിജ്ഞാനവിഭൂഷിതരായോ മുമ്പത്തെ ഒരു ജീവിതത്തിന്റെ സ്മരണകളോടും സ്വപ്നചിന്തകളോടുംകൂടിയോ അല്ല. തള്ളയുടെ ഉദരത്തിൽനിന്നും പുറത്തുവരുന്ന ഒരു ശിശുവിന്റെ മനസ്സു് ഒന്നും എഴുതിയിട്ടില്ലാത്ത ഒരു കടലാസിനു തുല്യമാണു്. തൊട്ടിൽതൊട്ടു ശവക്കുഴിവരെയുള്ള അതിന്റെ പ്രയാണത്തിനിടയിൽ മണിക്കൂർതോറും അതിന്റെ നയനങ്ങളും ബാഹ്യവും ആന്തരികവും ആയ ഇന്ദ്രിയങ്ങളും അവയുടെ അനിവാര്യമായ പ്രവർത്തനംമൂലം ജീവസന്ധാരണം നിർവ്വഹിക്കയും ജീവിതസാഹചര്യങ്ങളിലെ വസ്തുക്കളുടെ രൂപങ്ങളും ആദർശങ്ങളും ആ കടലാസിൽ ഉല്ലേഖനംചെയ്യുകയും ചെയ്യുന്നു. തന്മൂലം സത്യവും നന്മയും അറിയുന്നതിനുള്ള അപ്രതിരോധ്യമായ ഒരു ഔത്സുക്യം "യാതൊന്നും അറിഞ്ഞുകൂടാത്ത അസങ്കീർണ്ണമായ ആത്മാവിനെ" ഐന്ദ്രിക വിഷയങ്ങളിലേക്കു തിരിക്കുന്നു. വികാരങ്ങളുടെ ശക്തികളും ബാലോചിതമായ അനുഭൂതികളുംകൊണ്ടു മനസ്സും ഇച്ഛാശക്തിയും ക്രമേണ പ്രബുദ്ധത പ്രാപിക്കുന്നു. തന്മൂലം ഇവയെ ശരിയായി അഭ്യസിപ്പിക്കുകയും പരിശീലിപ്പിക്കയും ശ്രദ്ധാപൂർവ്വം നയിക്കയും ചെയ്യേണ്ടതു് ആവശ്യമാണു്. അല്ലാത്തപക്ഷം ആത്മാവിന്റെ ഉൽകൃഷ്ടമായ ഈ ശക്തികളുടെ സാധാരണ ഗതിയിലുള്ള പ്രബുദ്ധത വഴിപിഴച്ചുപോകുന്നതാണു്. ആ ഇളംപ്രായംമുതൽതന്നെ സ്നേഹപൂർവ്വമായ ഒരു നോട്ടംകൊണ്ടും ശാസനാപൂർവ്വമായ ഒരു വാക്കുകൊണ്ടും എല്ലാ അനുഭൂതികൾക്കും വഴങ്ങിക്കൊടുക്കാതിരിക്കാൻ കുട്ടിയെ പഠിപ്പിക്കണം. വിവേചനാശക്തിയുടെ ഉദയത്തോടെ വികാരങ്ങളുടെ സ്വഭാവങ്ങൾ തിരിച്ചറിയുന്നതിനും അതിന്റെ ചാപല്യങ്ങളെ നിയന്ത്രിക്കുന്നതിനും കുട്ടി പഠിക്കണം. ചുരുക്കിപ്പറഞ്ഞാൽ മാതാവിന്റെ നേതൃത്വത്തിലും ശിക്ഷണത്തിലും കുട്ടി അതിന്റെ വിദ്യാഭ്യാസം തുടങ്ങണം.

അതിന്റെ ഇളംപ്രായത്തിൽത്തന്നെ കുട്ടിയുടെ പ്രകൃതം പഠിക്കണം. അവനെ ശരിയായി മനസ്സിലാക്കിയാൽ ശരിയായി അദ്ധ്യയനം ചെയ്യിക്കുന്നതിനു സാധിക്കും. അവന്റെ സ്വഭാവത്തെ തെറ്റിധരിക്കുവാൻ ഇടയാകുകയില്ല. അവനെ ശരിയായി അറിഞ്ഞാൽ എപ്പോൾ വിട്ടുവീഴ്ചചെയ്യണമെന്നും എപ്പോൾ ഉറച്ചനില അവലംബിക്കണമെന്നും മനസ്സിലാക്കുവാൻ സാധിക്കും. പ്രകൃത്യാ നല്ല മനോഭാവം മനുഷ്യർക്കെല്ലാം ഉണ്ടായിരിക്കയില്ല.

(തുടരും)

(പരിഭാഷകൻ
എ. വി. തോമസ്, ദേവാംബെ)


നാലാംപതിപ്പ് തയ്യാറായിരിക്കുന്നു.

### തിരുഹൃദയാനുകരണം

800-ൽ പരം പേജുകൾ-നല്ല ബയൻറിംഗ്-3 ക. 8 ണ മാത്രം.

വിശുദ്ധരുടെ ജീവചരിത്രങ്ങൾ, പ്രഹസനങ്ങൾ, ചെറുകഥകൾ, ഭക്തിപരവും താത്ത്വികവും ശാസ്ത്രീയവും കമ്മ്യൂണിസപ്രതിപാദകവുമായ അനേകം പുസ്തകങ്ങൾ തയ്യാർ. വായനശാലകൾക്കൊരനർഘസമ്പത്തു്; വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കു് സമ്മാനങ്ങൾ നൽകുന്നതിനു് അത്യുത്തമം. ക്യാററലോഗിനു ആവശ്യപ്പെടുക.

ജനറൽ സെക്രട്ടറി, എസ്. എച്ച്. ലീഗ്,
ആലുവാ ബ്രാഞ്ച് (A. O. & P. O.)



*Permissu Ecclesiastico*
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam